# ടീച്ചർ ടെക്സ്റ്റ്

## മലയാളം

### ക്ലാസ്സ് 3




കേരളസർക്കാർ
പൊതുവിദ്യാഭ്യാസവകുപ്പ്

തയ്യാറാക്കിയത്
സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT) കേരളം
2024

# യൂണിറ്റ് 1
# കനകച്ചിലങ്ക

### ആമുഖം

കനകച്ചിലങ്ക കിലുക്കിക്കിലുക്കി നൃത്തം ചെയ്യുന്ന കാവ്യനർത്തകി മലയാളത്തിന്റെ തന്നെ പ്രതിരൂപമാണ്. കനകച്ചിലങ്ക എന്ന ഈ യൂണിറ്റിൽ കവിത, നാടൻപാട്ട്, പഴഞ്ചൊല്ല്, കടങ്കഥ എന്നിവയിലെ നാട്ടുമൊഴിവഴക്കങ്ങൾ, താളാത്മകത, തുടങ്ങിയവയെല്ലാം പ്രമേയമാവുന്നുണ്ട്. അതോടൊപ്പം പ്രാഥമികമായി കലകളെ പരിചയപ്പെടാനുള്ള സന്ദർഭങ്ങളും ഒരുക്കിയിട്ടുണ്ട്. വാമൊഴിച്ചന്തം, കഥ കഥ കസ്തൂരി, താളവും മേളവും എന്നിങ്ങനെ മൂന്നു പാഠമാണ് ഈ യൂണിറ്റിലുള്ളത്.

ഭാഷയിലടങ്ങിയ സൗന്ദര്യത്തിന്റെ ഒരടിസ്ഥാനഘടകം അതിന്റെ താളമാണ്. പദ്യത്തിലും ഗദ്യത്തിലും ഉൾച്ചേർന്ന താളവൈവിധ്യം കണ്ടെത്താനും ആസ്വദിക്കാനും കഴിയണം. ഇതിനുള്ള അവസരം ലഭിക്കുമ്പോഴാണ് കുട്ടിക്ക് ഭാഷയോട് ഇഷ്ടവും അടുപ്പവും വർദ്ധിക്കുന്നത്. അതിനു വേണ്ടിയാണ് ആദ്യ രണ്ടു പാഠഭാഗത്തിൽ നാടൻ ശീലിലുള്ള കവിതകൾ, നാടൻപാട്ടുകൾ, വായ്ത്താരികൾ, നാടോടിക്കഥകൾ, വാമൊഴിവഴക്കങ്ങൾ എന്നിവ ഉൾപ്പെടുത്തിയിരിക്കുന്നത്. സമ്പന്നമായ കേരളീയ കലാപാരമ്പര്യത്തിന്റെ സവിശേഷതകൾ തിരിച്ചറിയാനുള്ള ചവിട്ടുപടിയെന്നോണമാണ് താളവും മേളവും എന്ന മൂന്നാം പാഠം ചേർത്തിട്ടുള്ളത്.

## യൂണിറ്റ് വിശകലനം

### പ്രമേയം - കല

കലകൾ എന്ന പ്രധാനപ്രമേയത്തെ മുൻനിർത്തിയാണ് ഈ യൂണിറ്റിൽ പഠനാനുഭവങ്ങൾ ക്രമപ്പെടുത്തിയിട്ടുള്ളത്. ഭാഷയുടെ സർഗാത്മകമായ എല്ലാ ആവിഷ്ക്കാരങ്ങളെയും കലകളെന്നനിലയിലാണ് ഇവിടെ പരിഗണിക്കുന്നത്.

### ഉപപ്രമേയങ്ങൾ

കലയെന്ന പ്രധാനപ്രമേയത്തെ നാടൻപാട്ടുകൾ, നാട്ടുകഥകൾ, കലകളും ഭാഷയും, നാട്ടുമൊഴിവഴക്കങ്ങൾ (കടങ്കഥ, പഴഞ്ചൊല്ല്) എന്നിങ്ങനെ ഉപപ്രമേയങ്ങളാക്കിത്തിരിച്ചാണ് പാഠസാമഗ്രികളും പഠനാനുഭവങ്ങളും തയ്യാറാക്കിയിട്ടുള്ളത്.

### സാഹിത്യരൂപങ്ങൾ

ഈ യൂണിറ്റിൽ പ്രധാനമായും നാടൻപാട്ട്, നാടോടിക്കഥകൾ, കവിത, വിവരണം എന്നീ സാഹിത്യരൂപങ്ങൾ കുട്ടികൾ പരിചയപ്പെടണമെന്നാണ് കരുതുന്നത്

### വ്യവഹാര രൂപങ്ങൾ/ആവിഷ്ക്കാര പ്രകടിതരൂപങ്ങൾ

കവിത (നാടൻപാട്ട്), കടങ്കഥ, ഡയറി, റോൾപ്ലേ, ചിത്രീകരണം, പാവനാടകം എന്നിവയാണ് പ്രതീക്ഷിക്കുന്ന വ്യവഹാരരൂപങ്ങൾ.

### ഭാഷാവസ്തുതകൾ

ചിഹ്നനം (പൂർണ്ണവിരാമം, അല്പവിരാമം, ചോദ്യചിഹ്നം) വാക്യഘടന, പകരംപദം, വിശേഷണം, സമാനപദങ്ങൾ, അകാരാദിക്രമം തുടങ്ങി ഭാഷാപരമായി കുട്ടി നേടേണ്ട വസ്തുതകൾ പരിചയപ്പെടാനും അവ ഉചിതമായ രീതിയിൽ, വേണ്ടുന്ന സന്ദർഭത്തിൽ പ്രയോഗിക്കാനും കുട്ടികൾക്ക് അവസരം നൽകണമെന്ന് ലക്ഷ്യം വയ്ക്കുന്നുണ്ട്.

അതോടൊപ്പം സന്ദർഭങ്ങളിൽനിന്ന് പുതിയപദങ്ങളുടെ അർഥം കണ്ടെത്തൽ, വിവിധതരം പ്രയോഗങ്ങളുടെ ചാരുത തിരിച്ചറിയൽ, ഭാഷയിൽ ഉള്ളടങ്ങിയിട്ടുള്ള താളം, ഈണം എന്നിവ സ്വായത്തമാവൽ തുടങ്ങിയവയ്ക്കും അവസരം ഒരുക്കണം.

# യൂണിറ്റ് ഗ്രിഡ്

ഈ യൂണിറ്റിന്റെ ലക്ഷ്യങ്ങൾ, പ്രവർത്തനങ്ങളിലൂടെ നിർമ്മിച്ചെടുക്കേണ്ട അറിവുകൾ (ആശയ ധാരണകൾ, ശേഷീനൈപുണികൾ, മൂല്യമനോഭാവങ്ങൾ), പ്രവർത്തനങ്ങളുടെ പ്രക്രിയകൾ, പ്രകടിപ്പിക്കേണ്ട വ്യവഹാരരൂപങ്ങൾ, വിലയിരുത്തൽ സന്ദർഭങ്ങൾ എന്നിവ ഇങ്ങനെ സംഗ്രഹിക്കാം.

## പഠനലക്ഷ്യങ്ങൾ

1. പുതിയപദങ്ങൾ, പ്രയോഗങ്ങൾ എന്നിവയുടെ അർഥവും ആശയവും സന്ദർഭങ്ങളിൽ നിന്നും നിഘണ്ടു നോക്കിയും കണ്ടെത്തുക. പുതിയ സന്ദർഭങ്ങളിൽ ഉചിതമായി പ്രയോഗിച്ചു രസിക്കുക.
2. സാഹിത്യരചനകൾ (കഥ, കവിത, നാടൻപാട്ട്, വിവരണം) വായിച്ചുകേട്ടും സ്വയംവായിച്ചും ആശയംഗ്രഹിച്ച് ആസ്വദിക്കുക. ആസ്വദിച്ച കാര്യങ്ങൾ വിവിധ വ്യവഹാരരൂപങ്ങളിലൂടെ (കവിത/നാടൻപാട്ട്, ഡയറി, റോൾപ്ലേ, ചിത്രീകരണം) രസകരമായി അവതരിപ്പിക്കുക.
3. നാടൻപാട്ട് ചൊല്ലിക്കേട്ടും സ്വയം താളംപിടിച്ചുചൊല്ലിയും ആശയം ഗ്രഹിച്ച് ആസ്വദിക്കുന്നതിൽ ആനന്ദം കണ്ടെത്തുക.
4. സമാനമായ താളത്തിൽ വായ്ത്താരികൾ ഉണ്ടാക്കി താളംപിടിച്ച് രസകരമായി ചൊല്ലുക.
5. വാമൊഴിവഴക്കങ്ങൾ (പഴഞ്ചൊല്ല്, കടങ്കഥ, നാടോടിക്കഥകൾ...)ഭാഷയ്ക്ക് നൽകുന്ന ശക്തിയും സൗന്ദര്യവും തിരിച്ചറിയുക. സ്വന്തം രചനകളിൽ ഉചിതമായി പ്രയോഗിച്ച് ഭാഷ സ്വയം മെച്ചപ്പെടുത്തുന്നതിൽ ആനന്ദിക്കുക.
6. അനുയോജ്യമായ ഭാവം, ഒഴുക്ക്, ഉച്ചാരണശുദ്ധി, അർഥവ്യക്തതയ്ക്കുള്ള ഊന്നലുകൾ എന്നിവയോടെ ആകർഷകമായി സ്വയം രസിച്ച് വായിച്ചവതരിപ്പിക്കുക.
7. നാട്ടുകഥകൾ കേട്ട് ആശയം ഗ്രഹിച്ച് ആസ്വദിക്കുന്നതിൽ സന്തോഷിക്കുക.
8. നാട്ടുകഥകളിൽ അടങ്ങിയിട്ടുള്ള താളം തിരിച്ചറിഞ്ഞ് വായിച്ചു രസിക്കുക.
9. സ്കൂൾ ലൈബ്രറിയിൽനിന്ന് നാടോടിക്കഥാപുസ്തകങ്ങൾ തെരഞ്ഞെടുത്ത് വായിക്കുക. അതിലെ ആശയം തനിക്ക് ഇഷ്ടമുള്ള രീതിയിൽ ആവിഷ്കരിക്കുന്നതിൽ ആനന്ദിക്കുക. (പാവനാടകം, ചിത്രീകരണം, റോൾപ്ലേ).
10. കടങ്കഥകൾ ഭാഷയ്ക്ക് നൽകുന്ന സൗന്ദര്യവും ശക്തിയും തിരിച്ചറിയുക. അവയെ ഉചിതമായും രസകരമായും പ്രയോഗിക്കുക. രസകരമായ പുതിയ കടങ്കഥകൾ നിർമ്മിച്ചു പങ്കിടുന്നതിൽ സന്തോഷം കണ്ടെത്തുക.
11. പ്രാദേശികമായ നാടോടിക്കലാരൂപങ്ങളിലെ വർണ്ണവൈവിധ്യവും രൂപവൈവിധ്യവും നിരീക്ഷിച്ച് കണ്ടെത്തുക. അവയെ ചിത്രീകരിക്കുന്നതിൽ ആനന്ദിക്കുക.
12. വിവിധകലാരൂപങ്ങൾക്ക് അവതരണത്തിനു സഹായകമായ സാഹിത്യരൂപം ഉണ്ടെന്ന് തിരിച്ചറിയുക. അവ രസിച്ചുകേട്ടും, വായിച്ചും ആസ്വദിക്കുക.
13. കലാരൂപം കണ്ടാസ്വദിച്ച അനുഭവം ഡയറിയായോ അനുഭവവിവരണമായോ എഴുതുക.
14. വാക്കകലം, വരിയകലം, ഖണ്ഡികാകരണം, അക്ഷരവ്യക്തത, ചിഹ്നനം എന്നിവ പാലിച്ച് എഴുതുന്നതിൽ ആനന്ദിക്കുക. പദക്കൂട്ട്, പ്രയോഗം, പകരംപദം, വിശേഷണം, സമാനപദം എന്നിവ തിരിച്ചറിഞ്ഞ് ഉചിതമായ സന്ദർഭങ്ങളിൽ പ്രയോഗിക്കുന്നതിൽ ആനന്ദിക്കുക.
15. ചർച്ചകളിൽ പങ്കെടുത്ത് അധ്യാപകരുടെ സഹായത്തോടെ വിലയിരുത്തൽ സൂചകങ്ങൾ വികസിപ്പിക്കുക. ഇതിന്റെ അടിസ്ഥാനത്തിൽ സ്വന്തം രചനകളും മറ്റുള്ളവരുടെ രചനകളും വിലയിരുത്തി മെച്ചപ്പെടുത്തുന്നതിൽ സന്തോഷിക്കുക.

| നിർമ്മിക്കേണ്ട അറിവ് | | |
|---|---|---|
| **ആശയം/ധാരണ** | **ശേഷി/നൈപുണി** | **മൂല്യം/മനോഭാവം** |
| • നാടൻപാട്ടുകൾക്ക് /കവിതയ്ക്ക് രസം നൽകുന്നത് അവയുടെ താളമാണ്.<br>• നാടൻപാട്ടുകൾക്ക്/കവിതയ്ക്ക് ചന്തം നൽകുന്നത് വാക്കുകളുടെ കിലുക്കവും മുഴക്കവും ആവർത്തനവുമാണ്.<br>• നാടൻപാട്ടുകളുടെ താളാത്മകതയ്ക്ക് ഒരടിസ്ഥാനം അവയുടെ വായ്ത്താരികളാണ്.<br>• കവിതകളിൽനിന്ന് സങ്കൽപ്പചിത്രങ്ങൾ രൂപപ്പെടുത്താൻ കഴിയും.<br>• കവിതയ്ക്ക്, ഒരുകാര്യം പറഞ്ഞ് മറ്റൊരുകാര്യം ധ്വനിപ്പിക്കാൻ കഴിവുണ്ട്.<br>• അനുയോജ്യമായ പദങ്ങളും പ്രയോഗങ്ങളും ഉപയോഗിക്കുമ്പോൾ വികാരങ്ങളെ ഏറ്റവും സാന്ദ്രമായ ഭാഷയിൽ ആവിഷ്കരിക്കാൻ കഴിയും.<br>• കടങ്കഥകൾ കുറുക്കിപ്പറഞ്ഞ കവിതകളാണ്.<br>• കവിതയെ വിമർശനാത്മകമായി സമീപിക്കുമ്പോൾ ആഴത്തിൽ ആസ്വദിക്കാൻ കഴിയുന്നു.<br>• അക്ഷരങ്ങളും പദങ്ങളും ഉചിതമായി ആവർത്തിക്കുമ്പോൾ കവിതയുടെ ഭംഗി വർധിക്കും.<br>• ആസ്വാദനം സാധ്യമാവാൻ രചനയോട് ഉചിതമായ ചോദ്യങ്ങൾ ഉന്നയിക്കേണ്ടതുണ്ട്.<br>• നാടോടിക്കഥകൾ പറയുന്നതിന് പ്രത്യേകമായ രീതികളുണ്ട്. (എല്ലാവരും ചേർന്ന് കഥപറയുന്ന രീതി, പാട്ടുകൾ ആവർത്തിക്കുന്ന രീതി, ചൊല്ലുകൾ ആവർത്തിക്കുന്ന രീതി ...) | • നാടൻപാട്ടുകൾ/വായ്ത്താരികൾ കേട്ടും ചൊല്ലിയും അതിലടങ്ങിയിരിക്കുന്ന താളം ആസ്വദിക്കുന്നു.<br>• നാടൻപാട്ടുകളിൽ/കവിതകളിൽ ഉപയോഗിച്ച വാക്കുകളുടെ കിലുക്കം മുഴക്കം എന്നിവ കണ്ടെത്തുന്നു.<br>• ആവശ്യമായ സന്ദർഭങ്ങളിൽ വായ്ത്താരികൾ സ്വയം കണ്ടെത്തി ഉപയോഗിക്കുന്നു.<br>• കേട്ടതും കണ്ടെത്തിയതുമായ നാടോടിക്കഥകൾ അതിലെ സംഭാഷണങ്ങൾ, ചൊൽവടിവുകൾ എന്നിവയുടെ ഭാവം കൃത്യമായി പാലിച്ചുകൊണ്ട് പറഞ്ഞും വായിച്ചും അവതരിപ്പിക്കുന്നു.<br>• കേട്ടതോ കണ്ടെത്തിയതോ ആയ നാടോടിക്കഥകൾ റോൾപ്ലേയായി അവതരിപ്പിക്കുന്നു.<br>• നാടോടിക്കഥയിലെ കഥാപാത്രങ്ങളുടെ പാവകൾ തയ്യാറാക്കി പാവനാടകം അവതരിപ്പിക്കുന്നു.<br>• കലാരൂപങ്ങളുടെ വർണ്ണരൂപവൈവിധ്യങ്ങൾ കണ്ടെത്തുന്നു.<br>• അനുഭവങ്ങൾ ആവിഷ്കരിക്കുന്നതിന് ഉചിതമായ ഭാഷ ഉപയോഗിക്കുന്നു.<br>• അനുഭവങ്ങളിലൂടെ നേടിയ ഭാഷാപരമായ അറിവുകൾ ഉചിതമായ വാചിക-ലിഖിത അവസരങ്ങളിൽ ഉപയോഗിക്കുന്നു.<br>• ഈണം, താളം, ഘടനാപരമായ സവിശേഷ | • അനുഭവങ്ങളിൽനിന്നും ആർജിച്ചെടുത്ത താളബോധം പുതിയ കവിതകളിലും പാട്ടുകളിലും പ്രയോഗിച്ചു നോക്കുന്ന ശീലം.<br>• പഴഞ്ചൊല്ലുകളും നാട്ടുമൊഴി വഴക്കങ്ങളും സ്വന്തം ഭാഷാപ്രയോഗങ്ങളിൽ ഉചിതമായി ഉൾപ്പെടുത്താനും ഭാഷയുടെ ചന്തവും കരുത്തും തുടർച്ചയായി വളർത്താനുമുള്ള ശീലം.<br>• നാടൻപാട്ടുകളും നാട്ടുകഥകളും പരിചിതമാവുന്നതിലൂടെ ഭാഷയുടെ സൗന്ദര്യാത്മകമായ പാരമ്പര്യത്തിൽ അഭിമാനിക്കുകയും അത്തരം വിഭവങ്ങൾ തുടർച്ചയായി ശ്രദ്ധിക്കുകയും ശേഖരിക്കുകയും ചെയ്യുന്നശീലം.<br>• ശേഖരിച്ചതും നിർമ്മിച്ചതുമായ കടങ്കഥകൾ ഉപയോഗിച്ച് കടങ്കഥാപയറ്റുകളിൽ ഏർപ്പെടുന്ന ശീലം.<br>• കേൾക്കുന്നവരിൽ ഇമ്പം വളർത്തുന്ന വിധത്തിൽ കവിതയും |

| നിർമ്മിക്കേണ്ട അറിവ് | | |
|---|---|---|
| ആശയം/ധാരണ | ശേഷി/നൈപുണി | മൂല്യം/മനോഭാവം |
| • നാടോടിക്കഥ പറച്ചിലിന് സവിശേഷമായ താളഘടനയുണ്ട്.<br>• ഓരോനാടിനും അതിന്റേതായ നാടോടിക്കലാരൂപങ്ങളുണ്ട്.<br>• അനുഭവവിവരണം മനസ്സിൽ തട്ടുന്നതാവണമെങ്കിൽ ഉചിതമായ പദങ്ങൾ, പ്രയോഗങ്ങൾ, സാമ്യപ്പെടുത്തിപ്പറയലുകൾ മുതലായവ വേണം.<br>• അനുഭവങ്ങൾ മനസ്സിൽത്തട്ടുന്ന രീതിയിൽ അവതരിപ്പിക്കാൻ ആശയങ്ങളെ ക്രമപ്പെടുത്തേണ്ടതുണ്ട്.<br>• അനുഭവവിവരണത്തിന് കരുത്തുകൂട്ടാൻ പുതിയ പദക്കൂട്ടുകൾ,പ്രയോഗങ്ങൾ മുതലായവ സഹായിക്കും .<br>• മനസ്സിൽത്തട്ടുന്ന അനുഭവങ്ങൾ ഉചിതമായ മറ്റൊരു സന്ദർഭത്തിൽ അവതരിപ്പിക്കാൻ കഴിയും.<br>• മനസ്സിനെ സ്പർശിച്ച അനുഭവങ്ങളും, അതിനോടുള്ള പ്രതികരണങ്ങളുമടക്കം എഴുതുമ്പോഴാണ് ഡയറി മികച്ചതാകുന്നത്.<br>• പ്രതികരണങ്ങൾ അവതരിപ്പിക്കുന്നതിന് യോജിച്ച ചില പദങ്ങൾ, പ്രയോഗങ്ങൾ എന്നിവ തെരഞ്ഞെടുത്ത് ഉപയോഗിക്കുന്നതിലൂടെ ഡയറി/അനുഭവക്കുറിപ്പ് കൂടുതൽ മനോഹരമാകും.<br>• അനുയോജ്യമായ ഭാവം, ഒഴുക്ക്, ഉച്ചാരണശുദ്ധി, ഊന്നലുകൾ എന്നിവപാലിച്ചു വായിക്കുമ്പോൾ വായന ആകർഷകമാവും.<br>• വാക്കുകൾക്ക് അർത്ഥം നൽകുന്നത് അവ കടന്നുവരുന്ന സന്ദർഭങ്ങളാണ്.<br>• നിഘണ്ടുവിൽ വാക്കുകൾ ക്രമീകരിച്ചിരിക്കുന്നത് അകാരാദി ക്രമത്തിലാണ്. | തകൾ തുടങ്ങിയവയുള്ള കവിതകൾ കേട്ടും വായിച്ചും ആസ്വദിക്കുന്നു.<br>• കവിതകൾ ഈണത്തിലും താളത്തിലും ഭാവത്തിലും ഊന്നേണ്ടിടത്ത് ഊന്നിയും ഉച്ചാരണസ്ഫുടതയോടെ ചൊല്ലി അവതരിപ്പിക്കുന്നു.<br>• കവിതയിലെ കാവ്യഭംഗിയും പ്രയോഗ ഭംഗിയും തിരിച്ചറിയുന്നു.<br>• കവിതയെ വിമർശനാത്മകമായി സമീപിക്കുന്നതിന് ആവശ്യമായ ചോദ്യങ്ങൾ ചോദിക്കുന്നു.<br>• കവിതകളിൽ താളത്തിനും ആശയത്തിനും ചേരുന്ന വരികൾ കൂട്ടിച്ചേർക്കുന്നു<br>• വാമൊഴിവഴക്കങ്ങൾ കണ്ടെത്തുന്നു. സ്വന്തം രചനയിൽ പ്രയോഗിക്കുന്നു.<br>• അകാരാദി ക്രമത്തിൽ നിഘണ്ടു തയ്യാറാക്കുന്നു.<br>• ഭാഷാവസ്തുതകൾ (ചിഹ്നനം, പദക്കൂട്ട്, പ്രയോഗം, പകരം പദം വിശേഷണം, സമാനപദം) തിരിച്ചറിഞ്ഞ് ഉചിതമായ സന്ദർഭങ്ങളിൽ പ്രയോഗിക്കുന്നു.<br>• മനസ്സിൽ സ്പർശിച്ച അനുഭവങ്ങളും പ്രതികരണങ്ങളും അനുയോജ്യമായ പദങ്ങളും പ്രയോഗങ്ങളും ഉപയോഗിച്ച് ഡയറിയായോ അനുഭവക്കുറിപ്പായോ എഴുതുന്നു.<br>• സന്ദർഭങ്ങളിൽ നിന്ന് വാക്കുകളുടെ/പ്രയോഗങ്ങളുടെ അർത്ഥം കണ്ടെടുക്കുന്നു. | ഗദ്യഭാഗങ്ങളും സൂക്ഷ്മതയോടെയും ജാഗ്രതയോടെയും അവതരിപ്പിക്കുന്ന ശീലം.<br>• സൂചകങ്ങൾ വികസിപ്പിക്കുകയും രചനകളെ തിരുത്തി മെച്ചപ്പെടുത്തുകയും ചെയ്യുന്നതിലൂടെ വിശകലനത്തിലൂന്നി വിമർശനപരമായി കാര്യങ്ങളെ സമീപിക്കുന്നു.<br>• സ്വന്തം പ്രദേശത്തെ നാടൻകലകൾ, നാടോടി സാഹിത്യം എന്നിവ ആസ്വദിക്കാനും അവയെക്കുറിച്ച് മറ്റുള്ളവരോട് പറയാനുമുള്ള താൽപ്പര്യം.<br>• ചർച്ചകളിൽ പങ്കെടുത്ത് മറ്റുള്ളവരുടെ അഭിപ്രായങ്ങൾ ക്ഷമാപൂർവം കേൾക്കുന്ന ശീലം.<br>• മറ്റുള്ളവരുടെ അഭിപ്രായങ്ങൾ പരിഗണിച്ച് സ്വന്തം ധാരണകൾ വിലയിരുത്തുന്ന ശീലം<br>• ഉചിതമായ മാറ്റങ്ങൾ വരുത്തി സ്വന്തം ധാരണകൾ നിരന്തരം പുതുക്കി മെച്ചപ്പെടുത്തുന്ന ശീലം |

## പ്രവർത്തനം, പ്രക്രിയ (സംഗ്രഹം)

| | |
|---|---|
| • കവിത താളാത്മകമായി ചൊല്ലൽ<br>• കവിതയുമായി ബന്ധപ്പെട്ട ചിത്രീകരണം<br>• നാടൻപാട്ട് അവതരണം<br>• താളം കണ്ടെത്തൽ (വായ്ത്താരി)<br>• കവിതകൾക്ക് വരികൾ കൂട്ടിച്ചേർക്കൽ.<br>• താളത്തിനനുസരിച്ചുള്ള വായ്ത്താരി നിർമ്മാണം<br>• പഴഞ്ചൊല്ലുകൾ വിശകലനം<br>• നാട്ടുകഥ അവതരണം<br>• കുട്ടികളുടെ കഥോത്സവം<br>• റോൾപ്ലേ<br>• പാവനാടകം<br>• കടങ്കഥാകേളി | • നിഘണ്ടു പരിചയം<br>• കവിതയ്ക്കു പേരുനൽകൽ<br>• കടങ്കഥ നിർമ്മാണം<br>• അനുഭവവിവരണം എഴുതൽ.<br>• ഭാവാത്മക വായന<br>• നിയമാവലി തയ്യാറാക്കൽ<br>• കലാരൂപങ്ങളുടെ കാഴ്ച (നേരിട്ട് / ഐസിടി)<br>• കലാരൂപങ്ങളുടെ ചിത്രീകരണം<br>• വിവിധ കലാരൂപങ്ങൾ -താരതമ്യം<br>• അനുഭവവിവരണം / ഡയറി തയ്യാറാക്കൽ<br>• കവിതയിൽ പുതിയ വരികൾ ചേർക്കൽ |

## വിലയിരുത്തൽ സന്ദർഭങ്ങൾ

- കവിതകളും പാട്ടുകളും താളമിട്ടുചൊല്ലൽ. (താളം, ഉച്ചാരണം, സംഘമായി ചൊല്ലൽ, സങ്കല്പചിത്രങ്ങൾ രൂപപ്പെടുത്തൽ..)
- കവിതയുമായി ബന്ധപ്പെട്ട ചിത്രരചന (കവിത വായിച്ച് ആശയം ഉൾക്കൊള്ളൽ, ചിത്രീകരണം, നിറങ്ങളുടെ ഉപയോഗം..)
- കവിതകൾക്ക് വരികൾ കൂട്ടിച്ചേർക്കൽ (താളം, പദസ്വാധീനം,)
- വായ്ത്താരികൾ താളമിട്ടു ചൊല്ലൽ, വായ്ത്താരികൾ തയ്യാറാക്കൽ (താളം)
- പഴഞ്ചൊല്ലുകൾ വിശകലനം (മറച്ചുവച്ച ആശയങ്ങൾ കണ്ടെത്തൽ, ഗദ്യഭാഷയുടെ താളം, പുതിയ സന്ദർഭങ്ങളിൽ പ്രയോഗിക്കൽ)
- സവിശേഷമായ പദക്കൂട്ടുകൾ കണ്ടെത്തി എഴുതൽ (ശരിയായ സന്ദർഭങ്ങളിൽ പ്രയോഗിക്കുന്നു)
- കഥകൾ പറയൽ (ശബ്ദനിയന്ത്രണം, ഭാവം, താളം, ആംഗ്യം..)
- റോൾപ്ലേ (സംഭാഷണം, അഭിനയശേഷി, കൂട്ടായ്മ..)
- ഭാവാത്മകവായന (ഉച്ചാരണം, ശബ്ദനിയന്ത്രണം, നിർത്തലുകൾ..)
- പാവനാടകം (സംഭാഷണം, ശബ്ദനിയന്ത്രണം, ചലനങ്ങൾ)
- കടങ്കഥാകേളി (മറച്ചുവച്ച അർഥം കണ്ടെത്തൽ)
- നിഘണ്ടു പരിചയം (അകാരാദിക്രമം തിരിച്ചറിയൽ)
- കവിതയ്ക്കു പേരുനൽകൽ (ആശയഗ്രഹണം, ആസ്വാദനം)
- പകരംപദം നൽകൽ (അർഥം ഊഹിക്കൽ)
- കടങ്കഥ നിർമ്മാണം (മറച്ചുവച്ചു പറയാനുള്ള കഴിവ്, ഭാഷയിലെ ശബ്ദഭംഗി, താളം)
- അനുഭവവിവരണം എഴുതൽ. (മുൻപിൻ ക്രമം പരസ്പരബന്ധം, ഉചിതമായ വാക്കും പ്രയോഗവും)
- നിയമാവലി തയ്യാറാക്കൽ (ആശയങ്ങൾ സംക്ഷിപ്തമായി അവതരിപ്പിക്കൽ)
- കലാരൂപങ്ങൾ -താരതമ്യം (സാമ്യവ്യത്യാസങ്ങൾ കൃത്യതയോടെ അവതരിപ്പിക്കൽ)
- ഡയറി തയ്യാറാക്കൽ (ഒതുക്കിപ്പറയൽ, വൈകാരികമായ ഭാഷ)

## സമയം

| പാഠം | സമയം | | | | | |
|---|---|---|---|---|---|---|
| | മലയാളം പിരിയേഡ് | | ലഭ്യമായ മറ്റു സമയം (പ്രഭാത സർഗവേള, WE, AE..) | | ആകെ സമയം | |
| | മണിക്കൂർ | മിനിറ്റ് | മണിക്കൂർ | മിനിറ്റ് | മണിക്കൂർ | മിനിറ്റ് |
| പ്രവേശകം | 2 | 45 | 0 | 45 | 3 | 30 |
| വാമൊഴിച്ചന്തം | 8 | 10 | 1 | 0 | 9 | 10 |
| കഥകഥ കസ്തൂരി | 16 | 30 | 3 | 0 | 19 | 30 |
| താളം മേളം | 8 | 05 | 2 | 0 | 10 | 05 |
| **ആകെ സമയം** | 35 | 30 | 6 | 45 | 42 | 15 |

## സമയവിതരണവും അവതരണസാധ്യതയും

സമയബന്ധിതമായി മാത്രമേ ക്ലാസിൽ പാഠ്യപദ്ധതിവിനിമയം നിർവ്വഹിക്കാനാവൂ. ഒരാഴ്ചയിൽ 40 മിനിറ്റുള്ള 10 പീരിയഡാണ് മൂന്നാം ക്ലാസിൽ മലയാളത്തിനായി കിട്ടുന്നത്. (ആഴ്ചയിലാകെ 400 മിനിറ്റ്.) അടുത്തടുത്ത രണ്ടു പീരിയഡ് ചേർത്താണല്ലോ മിക്കവാറും ടൈംടേബിൾ ക്രമീകരിക്കുന്നത്. അപ്പോൾ തുടർച്ചയായ 80 മിനിറ്റാണ് പ്രതിദിനം ലഭിക്കാൻ സാധ്യത.

പഠനപ്രവർത്തനങ്ങൾ ചെയ്യാനും അതോടൊപ്പം കുട്ടികളുടെ വാചികവും ലിഖിതവും സർഗ്ഗാത്മകവുമായ ആവിഷ്ക്കാരങ്ങൾക്കും ലഭ്യമായ സമയത്തെ ശാസ്ത്രീയമായി വിന്യസിക്കാൻ കഴിയണം. കൂടാതെ കലാവിദ്യാഭ്യാസം, പ്രവൃത്തിപരിചയം തുടങ്ങിയവയോട് കണ്ണിചേർത്ത് ഭാഷാപഠനത്തിന്റെ സമയവിസ്തൃതി വർധിപ്പിക്കാനുമാവണം. ഈ കാഴ്ചപ്പാടിലാണ് അവതരണസാധ്യത കളായി പ്രഭാതസർഗ്ഗവേള, ബാലസഭ തുടങ്ങിയ സന്ദർഭങ്ങൾ നിർദ്ദേശിച്ചിട്ടുള്ളത്. കൂടാതെ സ്കൂൾ അസംബ്ലി, നവമാധ്യമ ഗ്രൂപ്പുകൾ, ഓഡിയോ, വീഡിയോ റിക്കാർഡിങ്ങ്, ബാലപ്രസിദ്ധീകരണങ്ങൾ എന്നിങ്ങനെയുള്ളവയും ഭാഷാപഠനത്തെളിവുകളുടെ അവതരണസാധ്യതയും സന്ദർഭവുമായാണ് വിഭാവനം ചെയ്യുന്നത്.

ആഴ്ചയിൽ നാലുദിവസം, മലയാളം പീരിയഡിന്റെ തുടക്കത്തിലുള്ള 15 മിനിറ്റാണ് പ്രഭാതസർഗ്ഗവേളയായി കാണുന്നത്. ക്ലാസിന്റെ ആവശ്യമനുസരിച്ച് കുട്ടികളുടെ വിവിധ ആവിഷ്ക്കാരങ്ങൾക്കും അവതരണങ്ങൾക്കുമായി ഈ സമയം പ്രയോജനപ്പെടുത്താം.

ഓരോ ആഴ്ചയിലും ഡിവിഷൻ തലത്തിൽ ബാലസഭയ്ക്ക് 40 മിനിറ്റ് സമയം നീക്കിവയ്ക്കാം. മലയാളം പീരിയഡിൽ നിന്നുതന്നെയാണ് ഇതിനും സമയം കണ്ടെത്തുന്നത്. ആഴ്ചയിൽ ഉചിതമായൊരു ദിവസം ഇതിനായി ടീച്ചർക്ക് കണ്ടെത്താം. അഞ്ചാമത്തെ ദിവസമായിരിക്കും കൂടുതൽ നല്ലത്. ബാലസഭയുള്ള ദിവസം പ്രഭാത സർഗ്ഗവേള ഒഴിവാക്കാവുന്നതാണ്.

പ്രഭാത സർഗ്ഗവേളയും ബാലസഭയും മലയാളം പീരിയഡിന്റെ സമയം ഉപയോഗപ്പെടുത്തന്ന സന്ദർഭമാണല്ലോ. ഇതിനായി ആഴ്ചയിൽ മൊത്തം വേണ്ടിവരുന്ന സമയം ഒരു മണിക്കൂറും 40 മിനിറ്റുമായിരിക്കും. ഇതുകഴിച്ച് ഓരോ ആഴ്ചയിലും പാഠവിനിമയത്തിനായി അഞ്ചു മണിക്കൂർ ലഭിക്കും. ഈ ക്രമത്തിലാണ് സമയവിഭജനം നടത്തിയിട്ടുള്ളത്. ഈ അഞ്ചു മണിക്കൂറിനു പുറത്തു ലഭ്യമാവുന്ന പ്രഭാതസർഗ്ഗവേള, ബാലസഭ, അസംബ്ലി, കലാവിദ്യാഭ്യാസം, പ്രവൃത്തിപരിചയം എന്നീ സമയസാധ്യതകളെയാണ് ലഭ്യമായ മറ്റുസമയം എന്നു തരംതിരിച്ചിട്ടുള്ളത്.

കട്ടികളുടെ പഠനത്തെളിവുകൾ രേഖപ്പെടുത്തുന്ന പ്രധാനപ്പെട്ട പ്രാഥമിക രേഖയാണ് അവരുടെ നോട്ടുപുസ്തകം. അറിവു നിർമ്മാണ പ്രക്രിയയിൽ ഏർപ്പെടുന്ന സന്ദർഭത്തിൽ ആവശ്യമായ ഘട്ടങ്ങളിലെല്ലാം കുട്ടികൾ രൂപപ്പെടുത്തുന്ന പഠനത്തെളിവുകൾ നോട്ടുപുസ്തകത്തിലുണ്ടായിരിക്കും. ഇവയിൽ നിന്നും സൂചകങ്ങളുടെ വെളിച്ചത്തിൽ മെച്ചപ്പെടുത്തിയെടുക്കുന്ന രചനകളാവും രചനാശേഖരത്തിലേക്ക് മാറ്റിയെഴുതുന്നത്. ഓരോ കുട്ടിയും കൃത്യമായും വ്യക്തമായും നോട്ടുപുസ്തകവും രചനാശേഖരവും വികസിപ്പിക്കേണ്ടതുണ്ട്.


മലയാളത്തിൽ ഒട്ടേറെ ബാലപ്രസിദ്ധീകരണങ്ങളുണ്ട്. മികച്ച രചനകൾ ഇതിലേയ്ക്ക് അയച്ചു കൊടുക്കാനും പ്രസിദ്ധപ്പെടുത്താനും ശ്രമിക്കുന്നത് നന്നായിരിക്കും. ഇത് കുട്ടികളിൽ ആത്മവിശ്വാസം വളർത്താനും രചനകൾ മെച്ചപ്പെടുത്താനുള്ള പ്രേരണ ചെലുത്താനും സഹായമാവും. ഇതെല്ലാം ചേർന്നപഠന തെളിവുകളുടെ സമാഹാരത്തെയാണ് കുട്ടിയുടെ പോർട്ട്ഫോളിയോ ആയി വിഭാവനം ചെയ്യുന്നത്. ഇത് കുട്ടി നേടിയ പഠന ലക്ഷ്യങ്ങളുടെ തൽസ്ഥിതി വെളിവാക്കുന്ന ജീവനുള്ള രേഖയായി മാറും. ക്ലാസ് പിടിഎ യോഗങ്ങളിൽ രക്ഷിതാക്കളുമായി പങ്കുവെക്കേണ്ടത് ഡിജിറ്റൽ ഇനങ്ങളടക്കമുള്ള ഈ ഫോളിയോ ആയിരിക്കണം. ഇതുവച്ചുകൊണ്ട് കുട്ടിയുടെ പഠനനില എളുപ്പത്തിൽ രക്ഷിതാക്കളെ ബോധ്യപ്പെടുത്താൻ കഴിയും. മാർക്കും ഗ്രേഡും പറഞ്ഞ് കുട്ടിയുടെ പഠനനില അറിയിക്കുന്നതിന്റെ പരിമിതിയും അശാസ്ത്രീയതയും വലിയൊരളവുവരെ പരിഹരിക്കാൻ ഈ സങ്കേതം സഹായകമാകും.

(പാഠപുസ്തകത്തിലെ പഠനച്ചെപ്പിലും ടീച്ചർടെക്സ്റ്റിലെ പ്രവർത്തനം / പ്രക്രിയ എന്നിടത്തും മേൽ പറഞ്ഞ അവതരണസാധ്യതയും സന്ദർഭവും സൂചിപ്പിക്കുന്നുണ്ട്.)

## മുഖപേജ്

ഓരോ യൂണിറ്റിനും പ്രാരംഭമായി വരയും വരിയും കലർന്നൊരു മുഖപേജുണ്ട്. ആഴത്തിലുള്ള വിശകലനം ഇതുകൊണ്ട് ഉദ്ദേശിച്ചിട്ടില്ല. യൂണിറ്റിലെ പ്രമേയത്തിനിണങ്ങുന്ന ഒരന്തരീക്ഷം സൃഷ്ടിച്ചെടുക്കാനാണ് ലക്ഷ്യമിടുന്നത്.

ടെക്സ്റ്റ് ബുക്കിലെ ഒന്നാമത്തെ യൂണിറ്റിന് മുമ്പായി നൽകിയ മുഖപേജിലുള്ളത് ഒരു വിദ്യാലയത്തിന്റെ ഘോഷയാത്രാദൃശ്യവും രണ്ടുവരി കവിതയുമാണ്.




* ചിത്രം കണ്ണുനിറയെ നോക്കിക്കാണുന്നതിനും ദൃശ്യങ്ങളെയും അതിന്റെ ഭംഗിയെയുംപറ്റി സ്വതന്ത്രമായി പ്രതികരിക്കാനും സന്ദർഭമൊരുക്കാം.
* ചിത്രത്തിൽ ആരൊക്കെയാണുള്ളത്?
* എന്തൊക്കെയാണവർ ചെയ്യുന്നത്?
* ചിത്രത്തിലെവരകളും നിറങ്ങളും എത്രമാത്രം ഭംഗിയുള്ളതാണ്?
* കുട്ടികൾ ഘോഷയാത്രയുടെ മുമ്പിൽപ്പിടിച്ച ബാനറിൽ എന്താണെഴുതിയിട്ടുള്ളത്?
* കവിതയുടെ വരികൾ ചൊല്ലൽ (വ്യക്തിഗതം )
* ടീച്ചറും കുട്ടികളും ചേർന്ന് താളമിട്ട് ഈരടി ചൊല്ലൽ

അമ്മചൊ/ല്ലിത്തന്ന / ഭാഷാ - /ഞങ്ങൾ -
ക്കമ്മയെ / പ്പോലെയീ / ഭാഷാ - /-----

ധിംതധിം/ ധിംധിംത/ ധിംധിം - /ധിം ധിം -
ധിംതധിം/ ധിംതധിം/ ധിംധിം - / ------
എന്ന രീതിയിലാണ് ഇതിലെ താളത്തിന്റെ ഘടന.

### പി.ടി. ഭാസ്ക്കരപ്പണിക്കർ

1922 ൽ പാലക്കാട് ജില്ലയിൽ അടയ്ക്കാപുത്തൂരിൽ ജനിച്ചു. അധ്യാപകൻ, സാമൂഹ്യപ്രവർത്തകൻ, മലബാർ ഡിസ്ട്രിക്ട് ബോർഡ് പ്രസിഡണ്ട്, പ്രഥമ വിദ്യാഭ്യാസമന്ത്രി, പ്രൊഫസർ, ജോസഫ് മുണ്ടശ്ശേരിയുടെ സെക്രട്ടറി, ഗ്രന്ഥശാലാ പ്രവർത്തകൻ, എന്നിങ്ങനെ പല നിലകളിൽ പ്രവർത്തിച്ചു. കേരള വിദ്യാഭ്യാസ നിയമങ്ങളും ചട്ടങ്ങളും (KER) തയ്യാറാക്കുന്നതിൽ നേതൃപരമായ പങ്കുവഹിച്ചു. ശാസ്ത്ര സാഹിത്യ പ്രസ്ഥാനത്തിന് മലയാളത്തിൽ തുടക്കമിട്ടവരിൽ പ്രമുഖൻ.കേരള ശാസ്ത്ര സാഹിത്യ പരിഷത്ത് സ്ഥാപിക്കാൻ മുൻകൈ എടുത്തു. മനുഷ്യൻ  എന്ന യന്ത്രം, സയൻസിന്റെ കഥ (മൂന്നുഭാഗങ്ങൾ) തുടങ്ങി നിരവധി ശാസ്ത്ര സാഹിത്യ പുസ്തകങ്ങൾ രചിച്ചിട്ടുണ്ട്. 1997 ൽ അന്തരിച്ചു.

*അദ്ദേഹം ഭാഷയെക്കുറിച്ചെഴുതിയ ഗാനത്തിൽ നിന്നുള്ള ഈരടിയാണ് പാഠപുസ്തകത്തിലുള്ളത്. അനുബന്ധം 1.10 ആയി കവിതയുടെ മുഴുവൻ ഭാഗവും നൽകിയിട്ടുണ്ട്.*

*കവിപരിചയമെല്ലാം ടീച്ചറുടെ വായനയ്ക്കും ധാരണയ്ക്കും വേണ്ടി ചേർത്തവയാണ്.*

## വാതിൽ

**ആകെ സമയം - 165 മിനിറ്റ്,**
**45മിനിറ്റ് പ്രഭാതസർഗവേള**

മലയാളം പിരിയേഡിൽ നിന്ന് 35 മണിക്കൂർ 30 മിനുട്ടും മറ്റ് ലഭ്യമായ സമയത്തിൽ (പ്രഭാത സർഗവേള, പ്രവൃത്തി പരിചയം, കലാവിദ്യാഭ്യാസം..) നിന്ന് 6 മണിക്കൂർ 45 മിനിറ്റും.

### രാമകൃഷ്ണൻ കുമരനല്ലൂർ

പാലക്കാട് ജില്ലയിലെ കുമരനല്ലൂരിൽ 1969 ൽ ജനിച്ചു. പൊന്നാനി എ വി ഹൈസ്കൂളിൽ മലയാളം അധ്യാപകനായിരുന്നു. അദ്ദേഹത്തിന്റെ 'ഈച്ചയും പൂച്ചയും' എന്ന കഥാപുസ്തകത്തിനും 'തൂവൽ' എന്ന കവിതാപുസ്തകത്തിനും കേരള ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുരസ്കാരം ലഭിച്ചിട്ടുണ്ട്.

## കാക്കിരി പൂക്കിരി

**(ആകെ സമയം - 60 മിനിറ്റ്, 45മിനിറ്റ് പ്രഭാതസർഗവേള)**

### ആമുഖം

നാടൻപാട്ടുകളും നാടൻപാട്ടിന്റെ സ്വഭാവമുള്ള കവിതകളും താളം പിടിച്ച് ഈണത്തിൽ ചൊല്ലുന്നതിനുള്ള അവസരം കുട്ടികൾക്ക് ലഭിക്കേണ്ടതുണ്ട്. അതിനു സഹായകമായ വായനസാമഗ്രി എന്ന നിലയിലാണ് രാമകൃഷ്ണൻ കുമരനല്ലൂരിന്റെ 'കാക്കിരി പൂക്കിരി ' എന്ന കവിത പ്രവേശകമായി ഉൾപ്പെടുത്തിയിട്ടുള്ളത്.

### പഠനലക്ഷ്യങ്ങൾ

- കവിത ചൊല്ലിക്കേട്ടും സ്വയം താളംപിടിച്ചുചൊല്ലിയും ആശയം ഗ്രഹിച്ച് ആസ്വദിക്കുന്നതിൽ ആനന്ദം കണ്ടെത്തുക.

### നിർമ്മിക്കേണ്ട അറിവുകൾ

**ആശയം/ധാരണ**

- കവിതകൾക്ക് താളമുണ്ട്
- താളം പിടിച്ച് കവിത ചൊല്ലുമ്പോൾ നല്ല രസമുണ്ട്.

**ശേഷി/നൈപുണി**

- ഈണം, താളം, ഘടനാപരമായ സവിശേഷതകൾ തുടങ്ങിയവയുള്ള കവിതകൾ കേട്ടും വായിച്ചും ആസ്വദിക്കുന്നു.
- കവിതകൾ ഈണത്തിലും താളത്തിലും ഭാവത്തിലും ഊന്നേണ്ടിടത്ത് ഊന്നിയും ഉച്ചാരണസ്ഫുടതയോടെ ചൊല്ലി അവതരിപ്പിക്കുന്നു.

**മൂല്യം/മനോഭാവം**

- അനുഭവങ്ങളിൽനിന്നും ആർജിച്ചെടുത്ത താളബോധം പുതിയ കവിതകളിലും പാട്ടുകളിലും പ്രയോഗിച്ച് നോക്കുന്ന ശീലം.

## പഠന സാമഗ്രികൾ

കവിത – ഈരടികളാക്കി എഴുതിയ സ്ട്രിപ്പുകൾ

എഴുതിത്തയ്യാറാക്കിയ കവിതാചാർട്ട്, പ്രാദേശിക താളോപകരണങ്ങൾ.

## പ്രവർത്തനം /പ്രക്രിയ

### കവിത ചൊല്ലാം (20 മിനിറ്റ്)

- വ്യക്തിഗതമായി കവിത ചൊല്ലിയവതരിപ്പിക്കൽ.

ഈ സന്ദർഭത്തിൽ നേരിടുന്ന പ്രയാസങ്ങൾ എന്തെല്ലാമാവാം?

- ➢ നിശ്ചിതസമയത്ത് എല്ലാവരെയും പങ്കെടുപ്പിക്കാനാവുന്നില്ല
- ➢ എഴുതിയത് വായിക്കാൻ പ്രയാസം നേരിടുന്നവരുണ്ട്
- ➢ ഈണം പാലിച്ച് ചൊല്ലാൻ കഴിയാത്തവരുണ്ട്

ഇതു പരിഹരിക്കാൻ ടീച്ചർക്ക് സ്വീകരിക്കാവുന്ന തന്ത്രങ്ങൾ

- ഈരണ്ടു വരികൾ [ഈരടികൾ] രണ്ടുകുട്ടികളുള്ള ഗ്രൂപ്പുകളായി (പെയർ ഗ്രൂപ്പ്) മാറിമാറി ചൊല്ലട്ടെ.
- ടീച്ചർ ചൊല്ലുന്ന വരിക്ക് ശേഷമുള്ള ഭാഗം നിർദ്ദിഷ്ട കുട്ടികൾ ചൊല്ലുന്നു.
- സ്ട്രിപ്പുകളിൽ വേറിട്ടെഴുതിത്തയ്യാറാക്കിയ കവിതയിലെ ഈരടികൾ ടീച്ചർ ക്ലാസ്സിൽ മാറിമാറി പ്രദർശിപ്പിക്കുന്നു. കാണിച്ച ഈരടികൾക്കു ശേഷമുള്ള വരികൾ നിർദ്ദിഷ്ട കുട്ടികൾ ചൊല്ലുന്നു.
- കവിത ചാർട്ടിൽ എഴുതി പ്രദർശിപ്പിച്ച് പോയിന്റർ ഉപയോഗിച്ച് ടീച്ചർ തൊട്ടുചൊല്ലുന്നു. കുട്ടികൾ ഏറ്റുചൊല്ലുന്നു.

➢ വായനയിൽ പ്രയാസം നേരിടുന്ന കുട്ടികൾ, ടീച്ചർ തൊട്ടുവായിക്കുന്ന വാക്കുകൾ ശ്രദ്ധിക്കുന്നുണ്ടെന്ന് ഉറപ്പാക്കണം.

### കുട്ടികൾക്കുവേണ്ടി വായനസാമഗ്രികൾ എഴുതിത്തയ്യാറാക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

- മതിയായ അക്ഷരവലിപ്പം
- വാക്കകലം, വരിയകലം
- ചിഹ്നങ്ങളുടെ ശരിയായ ഉപയോഗം
- ഉചിതമായ ഖണ്ഡികാകരണം
- ഊന്നൽ നൽകേണ്ട വാക്കുകൾ/വരികൾ/അക്ഷരങ്ങൾ എന്നിവയ്ക്ക് പ്രത്യേക നിറങ്ങൾ തെരഞ്ഞെടുക്കൽ

➢ ഓരോകുട്ടിക്കും നന്നായി കവിത ചൊല്ലാൻ കഴിയണം. അതിനുവേണ്ടിയാണ് വ്യത്യസ്ത വായനാതന്ത്രങ്ങൾ സ്വീകരിക്കുന്നത്. ക്ലാസ്സിന്റെ ആവശ്യത്തിനനുസരിച്ച് വേണ്ടത്ര അളവിലും ആഴത്തിലും ഉചിതമായ പഠനതന്ത്രങ്ങൾ ടീച്ചർ സ്വീകരിക്കുമല്ലോ.

### താളമിട്ടു ചൊല്ലാം (40മിനിറ്റ്)

- ടീച്ചറും കുട്ടികളും ചേർന്ന് 'കാക്കിരി പൂക്കിരി ' കവിത താളമിട്ടു ചൊല്ലുന്നു.
  - ➢ ഈ സന്ദർഭത്തിൽ എന്തെല്ലാം നിരീക്ഷിക്കാം?
  - ➢ കൃത്യമായി താളം പിന്തുടരാൻ കഴിയാത്ത ചിലരുണ്ട്.
  - ➢
- കവിതയിലെ ഒരു വരി ചൊല്ലുമ്പോൾ എത്ര തവണ താളമടിക്കുന്നുണ്ട്? ഓരോ കുട്ടിയും താളമടിച്ചുചൊല്ലിപ്പറയട്ടെ. [ചില വരികൾക്ക് നാല്, മറ്റുചില വരികൾക്ക് മൂന്ന് എന്നൊക്കെ കുട്ടികൾ പറയാനിടയുണ്ട്.]

- കുട്ടികളുടെ താളത്തെ കൃത്യപ്പെടുത്താൻ എങ്ങനെ പിന്തുണയ്ക്കാം? നേരത്തെ കൊടുത്ത ചാർട്ടിൽ താഴെക്കൊടുത്തവിധം അടിവരയിട്ടു പ്രദർശിപ്പിക്കുന്നു.

കാക്കിരി/പൂക്കിരി/തേൻമാ/വിന്റെ

എത്താ/ക്കൊമ്പ/ത്ത് --/-- --

കാക്കിരി/പൂക്കിരി/മാങ്ങക/ളങ്ങനെ

പഴുത്തു/തൂങ്ങു/ന്നു --/-- --

- ഇവിടെ ചില അക്ഷരങ്ങൾ നിറംമാറ്റി അടിവരയിട്ട് കാണിക്കാനെന്താവും കാരണം? (കുട്ടികളുടെ സ്വതന്ത്ര പ്രതികരണം)
- '/ ' അടയാളം ഇടുമ്പോൾ കവിതയിലെ വരികൾ എത്ര ഭാഗമായി മാറുന്നുണ്ട്?
- വരികൾക്കിടയ്ക്ക് '/ ' അടയാളമിടാൻ എന്താവും കാരണം? (സ്വതന്ത്ര പ്രതികരണം)

അടിവരയിട്ട അക്ഷരങ്ങൾ ചൊല്ലുമ്പോഴാണല്ലോ താളം പിടിക്കുന്ന കയ്യടി വരുന്നത്. കൊമ്പത്ത്... എന്നും തൂങ്ങുന്നു... എന്നും നീട്ടിച്ചൊല്ലുന്നുണ്ടല്ലോ. അപ്പോഴാണ് താളം പൂർണമാവുന്നത്. എട്ട് അടിയിൽ രണ്ടു വരികൾ ചൊല്ലാൻ കഴിയും. സ്വാഭാവികമായും ഒരു വരിയിൽ നാലുതവണയാവും താളമിടുന്നത്. എല്ലാവരെയും ശരിയായ താളത്തിലേക്ക് കൊണ്ടുവരാൻ മേൽ സൂചിപ്പിച്ച വിധത്തിൽ അടിവരയിട്ട അക്ഷരങ്ങൾ വരുമ്പോൾ താളമിടാൻ പ്രേരിപ്പിക്കാം. താളമടിക്കുമ്പോൾ ഉച്ചരിക്കുന്ന അക്ഷരത്തിന് തൊട്ടുമുമ്പാണ് '/ ' ഇടുന്നത്. അവിടെയാണ് ഒരു ഗണം തീരുന്നത്. അതായത്, ഓരോ ഗണവും തുടങ്ങുന്ന അക്ഷരത്തിലാണ് താളമടി വരുന്നത്.

**വിലയിരുത്തൽ:**

കവിത താളമിട്ടു ചൊല്ലൽ (താളം, ഉച്ചാരണം, സംഘമായി ചൊല്ലൽ)

**താളക്കളികൾ (പ്രഭാത സർഗവേള- 45 മിനിറ്റ് - മൂന്നു ദിവസങ്ങളിലായി)**

➢ ഈ സന്ദർഭത്തിൽ താളവുമായി ബന്ധപ്പെട്ട അനുഭവം കുറവുള്ള കുട്ടികളെ കണ്ടെത്താനാവും. ഇവർക്കു കൂടുതൽ അനുഭവം ഒരുക്കുന്നതിനായി ചില താളക്കളികൾ ക്ലാസിൽ നൽകാം. (ഇത് പ്രഭാത സർഗവേളയിൽ ചെയ്യണം)

ഉദാ. ക്രമത്തിൽ കയ്യടിക്കാം -

A) 1,2,3,4 / 1,2,3,4 / 1,2,3,4 / 1,2,3,4

B) 1,2,3 / 1,2,3 / 1,2,3 / 1,2,3

C) 1,2 / 1,2 / 1,2 / 1,2

D) 1 / 1 / 1 / 1

- ടീച്ചർ ഓരോ സെറ്റ് നമ്പർ പറയുന്നു, കുട്ടികൾ കയ്യടിക്കുന്നു. വളരെ വേഗത്തിൽ നമ്പറുകൾ പറഞ്ഞു പോകരുത്. വേണ്ടത്ര സാവകാശത്തിലാവണം നമ്പറുകൾ പറയേണ്ടത്. പ്രാദേശികമായി ലഭ്യമായ വിവിധ ഉപകരണങ്ങൾ താളം പിടിക്കാൻ ഉപയോഗപ്പെടുത്താം. (ചിരട്ട, പ്ലേറ്റ്, സ്പൂൺ, കളിച്ചെണ്ട, ഗഞ്ചിറ, മുളങ്കമ്പ്, പ്രാദേശിക താളോപകരണങ്ങൾ....)

ഇതുപോലെ 1/ 1,2 / 1,2,3 / 1,2,3,4

ഇങ്ങനെ താളമടിക്കാനവസരം നൽകാം. (ഇത് നാലു സെറ്റാണ്. ഒന്ന്../ ഒന്ന്, രണ്ട്../ ഒന്ന്,രണ്ട്, മൂന്ന്../ ഒന്ന്, രണ്ട്, മൂന്ന്,നാല്..)

ഇത്തരം വൈവിധ്യമാർന്ന താളങ്ങൾ പ്രയോഗിക്കാൻ ക്ലാസിൽ അവസരം നൽകാം. ഇതിന് പ്രഭാതസർഗവേള ഉപയോഗപ്പെടുത്താം.

ഇതുപോലെ താളത്തിൽ ഭാഷ പ്രയോഗിക്കാനുള്ള അവസരം ദൈനംദിന വർത്തമാനങ്ങളുടെ ഭാഗമായി സൃഷ്ടിക്കാനാവും.

- നാലുതവണ താളമിടുമ്പോൾ പറഞ്ഞു തീർക്കാൻ കഴിയുന്ന ഒരു വാക്യം ടീച്ചർ പറയുന്നു. (അടിവരയിട്ട അക്ഷരങ്ങൾക്ക് താളമടിച്ചുകൊണ്ട്) ബോർഡിൽ എഴുതുന്നു.
    - ബാഗുതു/റന്ന് /പെൻസിലെ/ടുക്കൂ
    - മഴകൊ/ള്ളാതെ ക/ളിക്കാ/മിവിടെ
    - താളം/കൊട്ടാം/ പാട്ടുകൾ /പാടാം
- കുട്ടികൾ താളമിട്ട് കൂടെപ്പറയുന്നു.
- തുടർന്ന് കുട്ടികൾ ഇത്തരം വാക്യങ്ങൾ പറയട്ടെ. അവ, താളമിട്ട് പറയണം.
  - ➢ താളത്തിൽ നിൽക്കാത്ത വാക്യങ്ങൾ ഉണ്ടെങ്കിൽ ടീച്ചർ ഇടപെട്ട് ക്രമപ്പെടുത്തണം.

**വിലയിരുത്തൽ:**

കവിത താളമിട്ടു ചൊല്ലൽ (താളം, ഉച്ചാരണം, സംഘമായി ചൊല്ലൽ)

**അവതരണ സാധ്യതകൾ**

- കുട്ടികൾ ചെറുസംഘമായി കവിത ചൊല്ലി പ്രഭാതസർഗവേളയിൽ അവതരിപ്പിക്കുന്നു.
  - ➢ കവിത താളമിട്ടുചൊല്ലൽ (താളം, ഉച്ചാരണം, സംഘമായി ചൊല്ലൽ) എന്നിവ ഈ ഘട്ടത്തിൽ വിലയിരുത്താം
- മികച്ച സംഘാവതരണങ്ങൾ ക്ലാസ്തലത്തിലോ സ്ക്കൂൾതലത്തിലോ ഉള്ള നവമാധ്യമഗ്രൂപ്പിൽ പങ്കുവയ്ക്കാം.

# വാക്കും അർഥവും

**(ആകെ സമയം 105 മിനിറ്റ്)**

## പഠനലക്ഷ്യങ്ങൾ

- പുതിയപദങ്ങൾ, പ്രയോഗങ്ങൾ എന്നിവയുടെ അർഥവും ആശയവും സന്ദർഭങ്ങളിൽ നിന്നും നിഘണ്ടു നോക്കിയും കണ്ടെത്തുക. പുതിയ സന്ദർഭങ്ങളിൽ ഉചിതമായി പ്രയോഗിച്ചു രസിക്കുക.
- കവിത വായിച്ചുകേട്ടും സ്വയംവായിച്ചും ആശയം ഗ്രഹിച്ച് ആസ്വദിക്കുക. ആസ്വദിച്ച കാര്യങ്ങൾ രസകരമായി ചിത്രീകരിച്ച് അവതരിപ്പിക്കുക.
- ചർച്ചകളിൽ പങ്കെടുത്ത് അധ്യാപകരുടെ സഹായത്തോടെ വിലയിരുത്തൽ സൂചകങ്ങൾ വികസിപ്പിക്കുക. ഇതിന്റെ അടിസ്ഥാനത്തിൽ സ്വന്തം രചനകളും മറ്റുള്ളവരുടെ രചനകളും വിലയിരുത്തി മെച്ചപ്പെടുത്തുന്നതിൽ സന്തോഷിക്കുക.

## നിർമ്മിക്കേണ്ട അറിവുകൾ

**ആശയം/ധാരണ**

- കവിതയ്ക്ക് ചന്തം നൽകുന്നത് വാക്കുകളുടെ കിലുക്കവും മുഴക്കവും ആവർത്തനവുമാണ്.
- കവിതകളിൽനിന്ന് സങ്കൽപ്പചിത്രങ്ങൾ രൂപപ്പെടുത്താൻ കഴിയും
- വാക്കുകൾക്ക് അർഥം കൊടുക്കുന്നത് അവ കടന്നുവരുന്ന സന്ദർഭങ്ങളാണ്.

**ശേഷി/നൈപുണി**

- കവിതകളിൽ ഉപയോഗിച്ച വാക്കുകളുടെ കിലുക്കം മുഴക്കം എന്നിവ കണ്ടെത്തുന്നു.

**മൂല്യം/മനോഭാവം**

- അനുഭവങ്ങളിൽനിന്നും ആർജിച്ചെടുത്ത താളബോധം പുതിയ കവിതകളിലും പാട്ടുകളിലും പ്രയോഗിച്ചുനോക്കുന്ന ശീലം.

## പഠനസാമഗ്രികൾ

ചിത്രീകരണം - കടലാസ്, ക്രയോൺസ്, മാർക്കർ...

അനുബന്ധം 1.1, 1.2 (കുട്ടികളുടെ എണ്ണത്തിനനുസരിച്ചുള്ള പകർപ്പ്).

കവിതയ്ക്കു ചിത്രം വരച്ചുതയ്യാറാക്കിയത് - ടീച്ചർവേർഷൻ

## പ്രവർത്തനം/പ്രക്രിയ

സന്ദർഭത്തിൽ നിന്ന് വാക്കുകളുടെയും പ്രയോഗങ്ങളുടെയും അർഥം ഉല്പാദിപ്പിക്കുക എന്നത് കാവ്യാസ്വാദനത്തിന്റെ രീതിയാണ്. വേറിട്ടതും വിചിത്രവുമായ സങ്കല്പങ്ങൾ ഉണ്ടാക്കാൻ കുട്ടികൾക്കു കഴിയും. അതുകൊണ്ടാണ് സന്ദർഭത്തിൽനിന്ന് പുതിയ അർഥങ്ങൾ കണ്ടെത്താൻ കഴിയുന്നത്.

**കവിതയിലേക്ക് (സമയം 45 മിനിറ്റ്)**

- ടീച്ചർ കവിത വീണ്ടും ചൊല്ലി അവതരിപ്പിക്കുന്നു.

'കാക്കിരി പൂക്കിരി ' എന്ന വാക്കിന് പ്രത്യേകിച്ചൊരു അർഥവുമില്ല. എന്നാൽ ഈ കവിതയിൽ ഇതിന് വ്യത്യസ്തമായ അർഥങ്ങൾ കണ്ടെത്താനാവും. ഇതിനായി ചില ചോദ്യങ്ങൾ ഉന്നയിക്കാം.

1. 'കാക്കിരി പൂക്കിരി തേൻമാവ്' എന്നു പറയുമ്പോൾ മനസ്സിൽ എന്തു തരം മാവാണ് നിങ്ങൾ കാണുന്നത്?
2. 'കാക്കിരി പൂക്കിരി മാങ്ങ'യോ?
3. 'കാക്കിരി പൂക്കിരി പിള്ളേര്' എങ്ങനെയുള്ള കുട്ടികളാവും?
4. 'കാക്കിരി പൂക്കിരി കാറ്റ്' എങ്ങനെയുള്ള കാറ്റാണ് ?

- ഓരോ ചോദ്യത്തിനും കണ്ടെടുക്കുന്ന ഉത്തരം വ്യക്തിഗതമായി കുറിക്കട്ടെ.
- കണ്ടെടുത്ത അർഥങ്ങൾ ഓരോന്നോരോന്നായി അവതരണം (നിർദ്ദിഷ്ട കുട്ടികൾ).
- കുട്ടികൾ കണ്ടെടുത്ത അർഥങ്ങൾ ബോർഡിലെഴുതി ക്രോഡീകരണം (ടീച്ചർ).
- അതിനെ അടിസ്ഥാനമാക്കി ക്ലാസിൽ പൊതു ചർച്ച.
- കാക്കിരി പൂക്കിരിമാവ് എന്നതിന് പലതരം ഉത്തരങ്ങൾ കിട്ടിയത് എങ്ങനെയാണ്?
- കണ്ടെത്തിയ അർഥം വിശദീകരിക്കാൻ കുട്ടികൾക്ക് അവസരം. ഇവിടെ ഓരോ കുട്ടിക്കും മാവിനെയും മാങ്ങയെയും കാറ്റിനെയുമെല്ലാം സ്വന്തം നിലയിൽ സങ്കൽപ്പിക്കാനവസരം ലഭിക്കുന്നു.
- മറ്റു മൂന്ന് ചോദ്യങ്ങൾക്കു കണ്ടെത്തിയ അർഥവും ഇതുപോലെ പറഞ്ഞ് ക്രോഡീകരിച്ച് ചർച്ച.

ഓരോരുത്തരും കണ്ടെത്തിയ അർഥങ്ങൾ നോട്ടു പുസ്തകത്തിൽ എഴുതിയെടുക്കാം.

- ➢ ഈ സന്ദർഭത്തിൽ എല്ലാ കുട്ടികൾക്കും അവസരം കിട്ടുന്നുവെന്ന് ഉറപ്പാക്കണം. കാക്കിരിപൂക്കിരിക്ക് വ്യത്യസ്തമായ അർഥം കണ്ടെത്താൻ കഴിയാത്തവരുമുണ്ടാവും.
- ➢ എങ്കിൽ ഇത്തരം കുട്ടികൾക്കായി എന്തെല്ലാം സാധ്യതകൾ തുറന്നുവയ്ക്കാനാവും?

- വ്യത്യസ്ത സങ്കൽപ്പങ്ങൾക്കുള്ള സാധ്യതയും സമാനസങ്കൽപ്പങ്ങൾക്കുള്ള സാധ്യതയും വരാം. ഇവരണ്ടും നാം പരിഗണിക്കണം.
- മഞ്ഞപ്പട്ടു പുതച്ചു നിൽക്കുന്നൊരു പൂവാണെന്റെ മനസ്സിൽ, അതേതാവും? (വ്യത്യസ്ത സങ്കൽപ്പങ്ങൾക്കുള്ള സാധ്യത)
- രാവിലെ കിഴക്കോട്ടു നോക്കിയപ്പോൾ അതാ ഒരു കുട്ടി കയ്യിൽ മൈലാഞ്ചിയിട്ടു നിൽക്കുന്നു. ഏതാണാ മൈലാഞ്ചിക്കൈ? (സമാന സങ്കൽപ്പങ്ങൾക്കുള്ള സാധ്യത)

ഇപ്പോൾ ഓരോ കാക്കിരി പൂക്കിരിക്കും വ്യത്യസ്ത അർഥങ്ങൾ വന്നുകാണും. ഓരോ കുട്ടിയും മനസ്സിൽ ഉണ്ടാക്കുന്ന ചിത്രമാണ് ഓരോ അർഥവും. ഇത്തരത്തിൽ മനസ്സിൽ ചിത്രങ്ങൾ രൂപപ്പെടുത്താൻ കഴിയുമ്പോഴാണ് ഒരു രചനയിൽ നിന്ന് പുതുതായി ചില അർഥങ്ങൾ കണ്ടെടുക്കാൻ കഴിയുന്നത്.

കാക്കിരിപൂക്കിരി മാവ്, കാക്കിരിപൂക്കിരി പിള്ളേർ, കാക്കിരിപൂക്കിരി കാറ്റ് എന്നിങ്ങനെയുള്ളവയുടെ അർഥം പഠിപ്പിക്കലല്ല ഇവിടെ ഉദ്ദേശ്യം. മറിച്ച് ഒരു ഭാഷാനുഭവത്തിൽനിന്ന് കുട്ടിയുടെ സങ്കല്പചിത്രങ്ങൾ രൂപപ്പെടുത്താനുള്ള കഴിവു വികസിപ്പിക്കാനാണ് ഉന്നമിടുന്നത്.

### എന്താണപ്പാ 'ലിത്താപ്പോ?'

- അനുബന്ധം 1.1 ലെ ഒന്നാമത്തെ കാര്യം ബോർഡിലെഴുതി വായിച്ച് ടീച്ചർ അവതരിപ്പിക്കുന്നു.
- കേട്ടുപരിചയമില്ലാത്ത ഒരു വാക്ക് ഇതിലുണ്ട്. ഏതാണത്?
- 'ലിത്താപ്പോ' എന്താവും? (വ്യക്തിഗത എഴുത്ത്, അവതരണം, ബോർഡിൽ ക്രോഡീകരണം)
- ശരിക്കും 'ലിത്താപ്പോ' എന്നൊരു വാക്കില്ല. അതിനൊരർഥവുമില്ല. പിന്നെങ്ങനെയാണ് 'ലിത്താപ്പോ'വിന് ഇവിടെ അർഥമുണ്ടായത്? (സ്വതന്ത്ര പ്രതികരണം, ക്രോഡീകരണം-ഒരു കാര്യം പറയുന്നതിന് ഇടയ്ക്ക് വന്നപ്പോഴാണ് 'ലിത്താപ്പോ'വിന് അർഥമുണ്ടായത്.
- അനുബന്ധം 1.1 വിതരണം
- അർഥം കണ്ടെടുത്ത് എഴുതൽ (ഗൃഹപാഠം).

### അവതരണ സാധ്യത

- പ്രഭാത സർഗവേളയിൽ പൂർത്തിയാക്കിയ അനുബന്ധം 1.1 അവതരണം.

### വരച്ചുചേർക്കാം (സമയം 60മിനിറ്റ്)

പ്രവേശക കവിതയെ ആഴത്തിൽ അറിഞ്ഞും ആസ്വദിച്ചും കുട്ടികൾ മനസ്സിൽ രൂപപ്പെടുത്തിയ ചിത്രം വരച്ചു ചേർക്കുന്നതിനുള്ള പ്രവർത്തനമാണിത്. കവിതയ്ക്ക് ചുറ്റുമുള്ള ഒഴിഞ്ഞ ഇടത്തിൽ കുട്ടികൾക്ക് അവരവർ കണ്ടെത്തുന്ന ചിത്രങ്ങൾ വരച്ചു ചേർക്കാം. ഓരോ ചിത്രത്തിന്റെയും സ്ഥാനം മുൻകൂട്ടി തീരുമാനിച്ചു വരച്ചു ചേർക്കുന്നതായിരിക്കും ഉചിതം. ഇങ്ങനെ ചിത്രവിന്യാസം (Picture Lay- Out) ചെയ്യാൻ കുട്ടികളെ എങ്ങനെ സഹായിക്കാം?

### ആശയഗ്രഹണം

- ചിത്രീകരണത്തിന് മുമ്പ് കവിതയുടെ ആശയം വ്യക്തമാവണം.
- കവിതയിൽ എന്തൊക്കെ സംഭവങ്ങളാണ് പറയുന്നത്?
- മൗനമായി കവിത വായന-കണ്ടെത്തൽ (വ്യക്തിഗതം)
- നാലുവരി ഒരു കുട്ടി ചൊല്ലുന്നു. ആശയം മറ്റൊരു കുട്ടി പറയുന്നു.
- ടീച്ചർ ബോർഡിൽ ക്രോഡീകരിക്കുന്നു.
- മുറ്റത്തുനിൽക്കുന്ന പടർന്നുപന്തലിച്ച മാവ്. അതിന്റെ ഉയർന്ന കൊമ്പത്ത് പഴുത്തുതുടുത്ത മാങ്ങകൾ തൂങ്ങിനിൽക്കുന്നു. (അടിവരയിട്ടയിടത്ത് പല സങ്കല്പ ചിത്രവും വരും. ഇതനുസരിച്ച് കുട്ടികൾ കവിതയുടെ ആശയം നോട്ടുബുക്കിൽ കുറിക്കട്ടെ).
- കുട്ടികൾക്ക് ഓരോരുത്തർക്കും A4 വലിപ്പമുള്ള കടലാസ് നൽകുന്നു. വ്യക്തിഗതമായി ഈ കവിതക്കിണങ്ങുന്ന ചിത്രീകരണം നടത്തി നിറം നൽകട്ടെ. വരച്ചചിത്രങ്ങൾ ക്ലാസിൽ പ്രദർശിപ്പിക്കാം.
- ഇതിൽ നിന്നും മികച്ചവ പുറംചുമർ പ്രദർശനത്തിനായി തെരഞ്ഞെടുക്കണം. എങ്ങനെ കണ്ടെത്തും?
- കവിതയ്ക്കു ചേരുന്ന ചിത്രത്തിന് എന്തെല്ലാം പ്രത്യേകതകൾ ഉണ്ടായിരിക്കണം? (സൂചക

ങ്ങൾ വികസിപ്പിക്കാനുള്ള ചർച്ച)

സൂചകങ്ങൾ വികസിപ്പിക്കാനായി ചില ചോദ്യങ്ങൾ ചോദിക്കേണ്ടി വരും.

- കവിതയ്ക്കാണല്ലോ നാം ചിത്രം വരച്ചത്. എങ്കിൽ ചിത്രത്തിൽ എന്തെല്ലാം ഉൾപ്പെടണം? (കവിതയിൽ പറയുന്ന കാര്യങ്ങൾ അഥവാ സംഭവങ്ങൾ / സന്ദർഭങ്ങൾ)
- ചിത്രത്തിനു ഭംഗി ഉണ്ടാവണമെങ്കിൽ എന്തെല്ലാം ചെയ്യണം? (വരകൾ വ്യക്തമാവണം. കൃത്യമായി ക്രമപ്പെടുത്തണം. നിറങ്ങൾ നൽകണം)

ചർച്ചയെ അടിസ്ഥാനമാക്കി ചിത്രീകരണത്തിന്റെ സൂചകങ്ങൾ ചാർട്ട് ചെയ്യുന്നു.

**സൂചകങ്ങൾ**

- കവിതയിൽ പറയുന്ന കാര്യങ്ങൾ ചിത്രത്തിൽ വന്നിട്ടുണ്ട്.
- ചന്തം തോന്നുന്ന മട്ടിൽ വരച്ചിട്ടുണ്ട്.
- വേണ്ടവിധത്തിൽ നിറങ്ങൾ ഉപയോഗിച്ചിട്ടുണ്ട്.

ഈ സൂചകങ്ങൾ കുട്ടികളുടെ നോട്ടുപുസ്തകത്തിൽ എഴുതിവയ്ക്കുന്നു എന്നും ഉറപ്പാക്കണം.

കുട്ടികൾ വ്യക്തിപരമായി വരയ്ക്കുമ്പോൾ വരയുടെ മിഴിവിലും പൂർണ്ണതയിലും ഏറ്റക്കുറവുകൾ ഉണ്ടാവും. ഇത് കുട്ടിയുടെ ചിത്രരചനയുമായി ബന്ധപ്പെട്ട പരിമിതിയുടെ പ്രതിഫലനമാവാം. ഇവിടെ നാം പരിഗണിക്കുന്നത് കുട്ടി കവിത എത്രമാത്രം ഉൾക്കൊണ്ടു, ഏതെല്ലാം ആശയങ്ങളെ വികസിപ്പിച്ചു തുടങ്ങിയ കാര്യങ്ങളാണ്. അതിനാൽ കുട്ടികളുടെ ചിത്രം വിലയിരുത്തുമ്പോൾ ഇക്കാര്യങ്ങൾക്കാണ് ഊന്നൽ നൽകേണ്ടത്.

- ➢ വരയ്ക്കാൻ പരമിതിയുള്ള കുട്ടികളെ എങ്ങനെ സഹായിക്കാം?
- ➢ വരയ്ക്കാൻ താല്പര്യമുള്ളവരോട് ആശയങ്ങൾ പങ്കിട്ട് ചിത്രം വരപ്പിക്കുന്നതിനുള്ള അവസരം ഇത്തരക്കാർക്കു നൽകാം.

### ടീച്ചർ വേർഷൻ

- അനുബന്ധം 1.1 (ടീച്ചർ ടെക്സ്റ്റിലുള്ള ചിത്രീകരണപേജ്) ന്റെ പകർപ്പെടുത്ത് കുട്ടികൾക്ക് നൽകുന്നു. സൂചകങ്ങളുമായി ചേർത്തുവച്ച് ചിത്രത്തെ പരിശോധിക്കാം.
- ഇതിനനുസരിച്ച് സ്വന്തം ചിത്രത്തിൽ മെച്ചപ്പെടുത്തലുകൾ വരുത്തി, കുട്ടികൾക്ക് പാഠപുസ്തകത്തിലെ ചിത്രീകരണം പൂർത്തിയാക്കാം. (ഗൃഹപാഠം)

### അവതരണ സാധ്യത

- വരച്ചുചേർത്ത ചിത്രങ്ങളുടെ ഫോട്ടോ ക്ലാസ്തല നവമാധ്യമഗ്രൂപ്പിലേക്ക്.
-
-
-

ഈ പ്രവർത്തനം പ്രാഥമികമായി ഒരു വിലയിരുത്തൽ പ്രവർത്തനം കൂടിയാണ്. കുട്ടിക്ക് കാവ്യാനുഭൂതി എത്രമാത്രം ഉണ്ടായി എന്നു തിരിച്ചറിയാൻ ഇത് സഹായിക്കും. താളം, മനസ്സിൽ രൂപപ്പെടുന്ന ചിത്രങ്ങൾ, മുതലായവ കുട്ടിയെ സ്വാധീനിച്ചിട്ടുണ്ടാവണം. ഇതിന്റെയെല്ലാം പ്രകടനമെന്ന നിലയിൽ കുട്ടി വരക്കുന്ന ചിത്രത്തെ കാണാൻ കഴിയും. വരച്ച ചിത്രത്തെ അധികരിച്ച് കുട്ടികളുടെ ആശയഗ്രഹണത്തെയും കാവ്യാസ്വാദനത്തെയും വിലയിരുത്താവുന്നതാണ്. ചുരുക്കത്തിൽ കവിതയുമായി ബന്ധപ്പെട്ട ചിത്രരചന നടത്തുമ്പോൾ കവിത വായിച്ച് ആശയം ഉൾക്കൊള്ളൽ, ചിത്രീകരണം, നിറങ്ങളുടെ ഉപയോഗം.. എന്നിവ വിലയിരുത്താനാവും.

**സൂചകങ്ങൾ-മാനസിക ഉപകരണം (Cognitive tool)**

സൂചകം അന്തിമപ്രമാണമല്ല. ഏതെങ്കിലും ഒരു പ്രവൃത്തിചെയ്യുമ്പോൾ അതിനെ സ്വയം വിലയിരുത്താൻ കുട്ടിക്കു കഴിയണം. പരസ്പരം വിലയിരുത്താനും കഴിയണം. അങ്ങനെ കഴിയണമെങ്കിൽ ആ പ്രവൃത്തിയെ മികച്ചതാക്കുന്ന ചില ഘടകങ്ങൾ കണ്ടെത്തേണ്ടതായി വരും. ഇതിനായി രൂപപ്പെടുത്തുന്ന സൂചകങ്ങൾ കുട്ടിയുടെ ചിന്തയുടെ ഭാഗമായി മാറുകയാണ് ചെയ്യുന്നത്. ഭാഷാക്ലാസിൽ നടത്തുന്ന പ്രവർത്തനങ്ങളേതുമാവട്ടെ (ചിത്രംവര, എഴുത്ത്, അഭിനയമടക്കമുള്ള ആവിഷ്കാരങ്ങൾ) അവയോരോന്നും എങ്ങനെ മെച്ചപ്പെടുത്താമെന്നറിയണമല്ലോ. തിരിച്ചറിയൽചിന്ത എന്നനിലയിലാണ് ഓരോ സൂചകവും പ്രവർത്തിക്കേണ്ടത്.

**സൂചകങ്ങൾ എങ്ങനെ വികസിപ്പിക്കാം?**

- നിലവിലുള്ള അറിവ് ഉപയോഗപ്പെടുത്തി ഒരു പ്രവർത്തനത്തിലേർപ്പെടുന്നു.
- ആ പ്രക്രിയയിലൂടെ ഒരു പഠനത്തെളിവ് ഉല്പന്നമായി രൂപപ്പെടുന്നു.
- ഒരു പ്രത്യേക പഠനത്തെളിവിന് എന്തെല്ലാം സവിശേഷതകൾ ഉണ്ടായിരിക്കണം എന്ന ചർച്ച. ഇതിന് സാഹചര്യമൊരുക്കാൻ പല രീതികളും സ്വീകരിക്കാം. ഉദാഹരണം,
  - മെച്ചപ്പെട്ടത് കണ്ടെത്തുന്നതെങ്ങനെ
  - ചില വിശദീകരണ ചോദ്യങ്ങളുന്നയിച്ച്
- ചർച്ചയിലൂടെ സൂചകം വികസിപ്പിക്കുന്നു.
- ചർച്ചയിലിടപെടുമ്പോൾ തന്റെ ഉല്പന്നത്തെയും സൂചകത്തെയും ഒത്തുനോക്കാൻ അവസരം കിട്ടുന്നു.
- ഇതിലൂടെ തന്റെ മികവുകളും ഇനിയും മെച്ചപ്പെടുത്താനുള്ള കാര്യങ്ങളും തിരിച്ചറിയുന്നു. (First feed back)
- ചില സന്ദർഭങ്ങളിൽ, ഗ്രൂപ്പിൽ സൂചകത്തെ അടിസ്ഥാനമാക്കി വിലയിരുത്തൽ നടത്തും. അപ്പോൾ ഓരോ കുട്ടിക്കും കൂട്ടത്തിന്റെ പ്രതികരണം ലഭിക്കുന്നു. മറ്റുള്ളവരുടെ രചനകളെ വിലയിരുത്താനുള്ള അവസരവും ലഭിക്കുന്നു. (Second feed back)
- ഓരോഗ്രൂപ്പും മികച്ചത് ക്ലാസിൽ അവതരിപ്പിക്കുമ്പോൾ സൂചകങ്ങളെ അടിസ്ഥാനമാക്കി മറ്റു ഗ്രൂപ്പുകൾ നടത്തുന്ന പ്രതികരണം ലഭിക്കുന്നു. (Third feed back)
- ടീച്ചർ അവതരിപ്പിക്കുന്ന മാതൃകയുമായി സൂചകത്തിന്റെ വെളിച്ചത്തിൽ സ്വന്തം രചനയെ ഒത്തുനോക്കുന്നു. അതിന്റെ മികവുകളും മെച്ചപ്പെടുത്താനുള്ള ഘടകങ്ങളും തിരിച്ചറിയുന്നു. (Fourth feed back)
- സൂചകവുമായി സ്വയം ഒത്തുനോക്കിയതിന്റെയും ഗ്രൂപ്പിലുള്ളവർ പ്രതികരിച്ചതിന്റെയും ഒരു ഗ്രൂപ്പ് അവതരിപ്പിച്ചപ്പോൾ മറ്റു ഗ്രൂപ്പുകൾ നടത്തിയ പ്രതികരണത്തിന്റെയും ടീച്ചറവതരിപ്പിച്ച മാതൃകയുമായി ഒത്തു നോക്കിയപ്പോൾ നടത്തിയ സ്വയം കണ്ടെത്തലിന്റെയും വെളിച്ചത്തിലാണ് കുട്ടി സൂചകങ്ങളെ അടിസ്ഥാനമാക്കി സ്വന്തം രചന മെച്ചപ്പെടുത്തുന്നത്.
- ഈ ഘട്ടങ്ങളിലൂടെയെല്ലാം കടന്നുപോകുമ്പോഴാണ് സൂചകം കുട്ടിയുടെ ചിന്തയുടെ ഭാഗമായി വളരുന്നത്.
- ഇങ്ങനെ ചിന്തയുടെ ഭാഗമാവുമ്പോൾ കുട്ടിയേർപ്പെടുന്ന ഓരോ പ്രവൃത്തിയുടെയും മെച്ചപ്പെടുത്തൽ ഉപകരണമായി അതതു സൂചകങ്ങൾ മനസ്സിൽ പ്രവർത്തിച്ചുകൊണ്ടിരിക്കും.

# വാമൊഴിച്ചന്തം

**(ആകെ സമയം 490 മിനിറ്റ്, 60 മിനിറ്റ് കല വിദ്യാഭ്യാസം)**

കേരളത്തിന്റെ സമ്പന്നമായ താളപാരമ്പര്യത്തെ അടുത്തറിയുവാനും ആസ്വദിക്കുവാനും അതോടൊപ്പം പഴഞ്ചൊല്ലുകൾ കടങ്കഥകൾ എന്നിവയുടെ വിസ്മയം അനുഭവിക്കുവാനുമാണ് ഈ പാഠം ഉൾപ്പെടുത്തിയിട്ടുള്ളത്.

## തിന്താരോ തക

**(ആകെ സമയം 170 മിനിറ്റ്, 60 മിനിറ്റ് കലാവിദ്യാഭ്യാസം)**

### പഠനലക്ഷ്യങ്ങൾ

- നാടൻപാട്ട് ചൊല്ലിക്കേട്ടും സ്വയം താളംപിടിച്ചുചൊല്ലിയും ആശയം ഗ്രഹിച്ച് ആസ്വദിക്കുന്നതിൽ ആനന്ദം കണ്ടെത്തുക
- വാമൊഴിവഴക്കങ്ങൾ ഭാഷയ്ക്ക് നൽകുന്ന ശക്തിയും സൗന്ദര്യവും തിരിച്ചറിയുക. സ്വന്തം രചനകളിൽ ഉചിതമായി പ്രയോഗിച്ച് ഭാഷ സ്വയം മെച്ചപ്പെടുത്തുന്നതിൽ ആനന്ദിക്കുക.

### നിർമ്മിക്കേണ്ട അറിവുകൾ

**ആശയം/ധാരണ**

- നാടൻപാട്ടുകൾക്ക് രസം നൽകുന്നത് അവയുടെ താളമാണ്.
- നാടൻപാട്ടുകൾക്ക് ചന്തം നൽകുന്നത് വാക്കുകളുടെ കിലുക്കവും മുഴക്കവും ആവർത്തനവുമാണ്.
- നാടൻപാട്ടുകളുടെ താളാത്മകതയ്ക്ക് ഒരടിസ്ഥാനം അവയുടെ വായ്ത്താരികളാണ്.

**ശേഷി/നൈപുണി**

- നാടൻപാട്ടുകൾ/വായ്ത്താരികൾ കേട്ടും ചൊല്ലിയും അതിലടങ്ങിയിരിക്കുന്ന താളം ആസ്വദിക്കുന്നു.
- നാടൻപാട്ടുകളിൽ ഉപയോഗിച്ച വാക്കുകളുടെ കിലുക്കം മുഴക്കം എന്നിവ കണ്ടെത്തുന്നു.

**മൂല്യം/മനോഭാവം**

- നാടൻപാട്ടുകൾ പരിചിതമാവുന്നതിലൂടെ ഭാഷയുടെ സൗന്ദര്യാത്മകമായ പാരമ്പര്യത്തിൽ അഭിമാനിക്കുകയും അത്തരം വിഭവങ്ങൾ തുടർച്ചയായി ശ്രദ്ധിക്കുകയും ചെയ്യുന്ന ശീലം.


### പഠന സാമഗ്രികൾ

തിന്താരോതക- ചാർട്ട് / പി പി ടി

പേപ്പർ സ്ടിപ്പുകൾ, പ്രാദേശിക വാദ്യോപകരണങ്ങൾ.

### പ്രവർത്തനം/പ്രക്രിയ

- തിന്താരോതക എന്ന പാട്ട് കുട്ടികൾ വ്യക്തിഗതമായി ചൊല്ലുന്നു. ചിലർ വ്യക്തിപരമായി അവതരിപ്പിക്കുന്നു.
- തുടർന്ന് കുട്ടികളെ 5 ഗ്രൂപ്പാക്കിത്തിരിക്കുന്നു. ഇതിനായി 5 തരത്തിലുള്ള പേപ്പർ സ്ടിപ്പുകൾ വിതരണം ചെയ്യുന്നു.



**താളമിട്ടുചൊല്ലാം**

- ടീച്ചർ നിർദ്ദേശിക്കുന്ന കുട്ടി തനിക്കു ലഭിച്ച സ്ടിപ്പിലെ എണ്ണം പരിശോധിച്ച് അതിനനു സരിച്ച് കയ്യടിക്കുന്നു.
- കയ്യടികേട്ട് ആ കുട്ടിയുടെ കൂട്ടുകാർ കയ്യടിച്ചുകൊണ്ടു സംഘമാവുന്നു. ഇത്തരത്തിൽ മറ്റു സംഘങ്ങളും.
- ടീച്ചർ നിർദ്ദേശിക്കുന്നതിനനുസരിച്ച് സംഘങ്ങൾ ഒന്നിച്ച് കയ്യടിക്കുന്നു. ഉദാഹരണമായി ടീച്ചർ നാല് എന്നു പറയുമ്പോൾ നാലിന്റെ ഗ്രൂപ്പ് കയ്യടിക്കും. ഇങ്ങനെ എല്ലാവർക്കും അവസരം നൽകാം.
- ഓരോരുത്തരും 'തിന്താരോ തക' സ്വന്തം ഗ്രൂപ്പിനുള്ളിൽ താളമിട്ടു ചൊല്ലുന്നു.
- ഓരോ ഗ്രൂപ്പും പൊതുവായി ഈണം കണ്ടെത്തി താളമിട്ട് ചൊല്ലി അവതരിപ്പിക്കുന്നു.
- പാട്ട് താളമിട്ട് ടീച്ചർ അവതരിപ്പിക്കുന്നു.

➢ താളമടിച്ചുചൊല്ലാൻ വിഷമം നേരിടുന്ന കുട്ടികൾക്ക് താളത്തിന്റെ അടികൾ വരുന്ന, അക്ഷരങ്ങൾക്ക് അടിവരയിട്ട് എഴുതിത്തയ്യാറാക്കിയ ചാർട്ട് പ്രദർശിപ്പിക്കുന്നു. ചാർട്ടിന്റെ പിന്തുണയോടെ വേണ്ടുന്ന സഹായം നൽകുന്നു.

തിന്താ--/രോ ത-ക-/ തിന്താ--/രോ ത-ക-/
തിന്താ--/രോ ത-ക-/ തിന്താ--/രോ----
ഒന്നാ--/നമ്മയ്ക്കും/ മക്കൾക്കു/മാടാൻ--
രണ്ടാം--/ കുന്നിമ്മേ/ലൂഞ്ഞാ--/ല്-----
രണ്ടാ--/നമ്മയ്ക്കും/ മക്കൾക്കും/ ചൂടാൻ--
മൂന്നാം--/ കാവി-ലെ-/ മുല്ല--/പ്പൂ----
.............................................
.............................................

അടിവരയിട്ട അക്ഷരങ്ങൾ ചൊല്ലുമ്പോഴാണല്ലോ ഇവിടെയും താളം പിടിക്കുന്ന കയ്യടി വരുന്നത്. നാലാം വരിയിൽ ഊഞ്ഞാ--ല്----- എന്നും ആറാം വരിയിൽ മുല്ല--പ്പൂ---- എന്നും നീട്ടി ച്ചൊല്ലിയാലാണ് താളം പൂർത്തിയാവുന്നത്. ഓരോരോഗണത്തിലും 6 മാത്ര വരുന്ന തരത്തിലാണ് പാട്ടിന്റെ നട. തക്കിട്ട, തക്കിട്ട... എന്ന മട്ട്.

ഗ്രൂപ്പിന്റെ അവതരണം ടീച്ചർ നിരീക്ഷിക്കുന്നു.

- ഇവിടെ ചില കുട്ടികൾക്ക് താളത്തിൽ കയ്യടിക്കാൻ സാധിച്ചില്ലെന്നു വരാം. താളാത്മകമായി പാട്ടുകൾ പാടുന്നതിന് അനുഭവം വേണ്ടത്ര ലഭിച്ചിട്ടില്ലാത്ത ഇത്തരക്കാരെ എങ്ങനെ സഹായിക്കാം?
- ഇതിനായി ചില നിത്യജീവിത സന്ദർഭങ്ങൾ താളാത്മകമായി പറയാനുള്ള അവസരം നൽകാം.

ഉദാ.

- പുസ്തകം/ നോക്കിപ്പ/ഠിക്കേണം/ നമ്മൾ
- വെള്ളത്തിൽ/ കല്ലിട്ടാൽ/ എന്തുണ്ടാ/വും----
- പാടേണം/ താളത്തിൽ/ പാട്ടെല്ലാം/ നമ്മൾ--

ഇങ്ങനെ ചില മാതൃകകൾ ടീച്ചർ നൽകുന്നു. കുട്ടികൾ ഇതേ താളക്രമത്തിൽ വരികൾ പറയാൻ ശ്രമിക്കും. ഇവ ബോർഡിൽ എഴുതുകയും താളമിട്ട് പറയുകയും ചെയ്യാം.

- താളത്തിന്റെ മേഖലയിൽ മികവുള്ളവരേയും കൂടുതൽ സഹായം വേണ്ടവരേയും കണ്ടെത്താൻ ഈ സന്ദർഭത്തിൽ സാധിക്കും.
- എല്ലാഗ്രൂപ്പിന്റെയും അവതരണത്തിനുശേഷം ഓരോഗ്രൂപ്പും അവരവരുടെ പ്രകടനം മെച്ചപ്പെടുത്തുന്നു. ഇതിനായി പ്രാദേശികമായി ലഭിക്കുന്ന വാദ്യോപകരണങ്ങൾ ഉപയോഗിക്കാം.

**അവതരണ സന്ദർഭങ്ങൾ**

- ഈ പാട്ടുകൾ പ്രഭാതസർഗവേളയിലോ, ബാലസഭയിലോ, അസംബ്ലിയിലോ അവതരിപ്പിക്കുന്നു. അവതരണം റിക്കാഡുചെയ്ത് നവമാധ്യമങ്ങളിൽ പങ്കുവയ്ക്കാം.

# വരികൾ ചേർക്കാം

**(സമയം 80മിനിറ്റ്)**

## പഠനലക്ഷ്യങ്ങൾ

- നാടൻപാട്ട് ചൊല്ലിക്കേട്ടും സ്വയം താളംപിടിച്ചുചൊല്ലിയും ആശയം ഗ്രഹിച്ച് ആസ്വദിക്കുന്നതിൽ ആനന്ദം കണ്ടെത്തുക.
- സമാനമായ താളത്തിൽ വായ്ത്താരികൾ ഉണ്ടാക്കി താളംപിടിച്ച് രസകരമായി ചൊല്ലുക.
- വാമൊഴിവഴക്കങ്ങൾ ഭാഷയ്ക്ക് നൽകുന്ന ശക്തിയും സൗന്ദര്യവും തിരിച്ചറിയുക. സ്വന്തം രചനകളിൽ ഉചിതമായി പ്രയോഗിച്ച് ഭാഷ സ്വയം മെച്ചപ്പെടുത്തുന്നതിൽ ആനന്ദിക്കുക.

## നിർമ്മിക്കേണ്ട അറിവുകൾ

**ആശയം/ധാരണ**

- നാടൻപാട്ടുകൾക്ക് രസം നൽകുന്നത് അവയുടെ താളമാണ്.
- നാടൻപാട്ടുകൾക്ക് ചന്തം നൽകുന്നത് വാക്കുകളുടെ കിലുക്കവും മുഴക്കവും ആവർത്തനവുമാണ്.
- നാടൻപാട്ടുകളുടെ താളാത്മകതയ്ക്ക് ഒരടിസ്ഥാനം അവയുടെ വായ്ത്താരികളാണ്.

**ശേഷി/നൈപുണി**

- നാടൻപാട്ടുകൾ/വായ്ത്താരികൾ കേട്ടും ചൊല്ലിയും അതിലടങ്ങിയിരിക്കുന്ന താളം ആസ്വദിക്കുന്നു.
- നാടൻപാട്ടുകളിൽ ഉപയോഗിച്ച വാക്കുകളുടെ കിലുക്കം, മുഴക്കം എന്നിവ കണ്ടെത്തുന്നു.
- ആവശ്യമായ സന്ദർഭങ്ങളിൽ വായ്ത്താരികൾ സ്വയം കണ്ടെത്തി ഉപയോഗിക്കുന്നു.

**മൂല്യം/മനോഭാവം**

- അനുഭവങ്ങളിൽനിന്നും ആർജിച്ചെടുത്ത താളബോധം പുതിയ കവിതകളിലും പാട്ടുകളിലും പ്രയോഗിച്ച് നോക്കുന്ന ശീലം.
- സൂചകങ്ങൾ വികസിപ്പിക്കുകയും രചനകളെ തിരുത്തി മെച്ചപ്പെടുത്തുകയും ചെയ്യുന്നതിലൂടെ വിശകലനത്തിലൂന്നി വിമർശനപരമായി കാര്യങ്ങളെ സമീപിക്കുന്നു.

## പഠന സാമഗ്രികൾ

വായ്ത്താരികളിലെ വാക്കുകൾ എഴുതിയ നറുക്കുകൾ, വായ്ത്താരികൾ -ടീച്ചറുടെ മാതൃകാവതരണം ചാർട്ടിൽ

## പ്രവർത്തനം /പ്രക്രിയ

- കുട്ടികളും ടീച്ചറും ചേർന്ന് 'തിന്താരോ തക' പാടുന്നു. കുട്ടികൾ വ്യക്തിപരമായി തുടർന്നുള്ള വരികൾ എഴുതുന്നു.
- തയ്യാറാക്കിയ വരികളിൽ രണ്ടുവരികളെങ്കിലും എല്ലാവരും പാടി അവതരിപ്പിക്കുന്നു.

'അഞ്ചാനമ്മയ്ക്കും മക്കൾക്കും' എന്നു തുടങ്ങുന്ന രീതിയിൽ വരികൾ എഴുതാൻ കുട്ടികൾ തീർച്ചയായും ശ്രമിക്കുമല്ലോ. വരികൾ എത്രമാത്രം താളാത്മകമാണ് എന്നതാണ് പ്രധാനം. ഇക്കാര്യം കുട്ടിക്ക് ബോധ്യപ്പെടണമെങ്കിൽ അവ ചൊല്ലിനോക്കണം. കുട്ടികൾ, അവരെഴുതിയ വരികൾ നീട്ടിച്ചൊല്ലിയോ മറ്റോ താളത്തിലാക്കാൻ ശ്രമിക്കും. അങ്ങനെ താളത്തിലാക്കി പാടുന്നതിനെ ഈ ഘട്ടത്തിൽ നാം അംഗീകരിക്കേണ്ടതുണ്ട്. കുട്ടികൾ തയ്യാറാക്കിയ വരികൾ കൃത്യമായി താളത്തിലാക്കാൻ ചെറിയ മാറ്റങ്ങൾ ടീച്ചർക്കോ, മറ്റു കുട്ടികൾക്കോ, നിർദ്ദേശിക്കുകയും ആവാം.

- കുട്ടികൾ അവതരിപ്പിച്ച വരികളിൽ പൊതുചർച്ചക്കും മെച്ചപ്പെടുത്തലിനും സാധ്യതയുള്ളവ ടീച്ചർ പ്രദർശിപ്പിക്കുന്നു.
- ഈ വരികൾ ചൊല്ലിനോക്കൂ. എന്തെങ്കിലും മെച്ചപ്പെടുത്തലുകൾ ആവശ്യമുണ്ടോ? - പൊതുചർച്ച. കുട്ടികൾ ചില അഭിപ്രായങ്ങൾ പറയും. അതിനുശേഷം ടീച്ചർ ചില സൂചനകളിലൂടെ ചർച്ച മുന്നോട്ടുകൊണ്ടുപോവും.
- 'തിന്താരോ തക' പാട്ടിന്റെ വരികൾക്ക് പൊതുവിൽ കാണുന്ന പ്രത്യേകതകൾ എന്തെല്ലാമാണ്?

ഉദാ. ഒന്നാനമ്മയ്ക്കും - രണ്ടാം കുന്നിന്മേൽ

ആടാൻ - ഊഞ്ഞാല്

ചൂടാൻ - മുല്ലപ്പൂ

നാലടിയിൽ ഒരു വരി ചൊല്ലിത്തീർക്കാൻ കഴിയും

ചർച്ചയുടെ അടിസ്ഥാനത്തിൽ സൂചകങ്ങൾ രൂപപ്പെടുത്തുന്നു.

**സൂചകങ്ങൾ:**

- നാടൻപാട്ടിലെ ഈരണ്ടു വരികളിലെ ആദ്യത്തെ വാക്കുകൾ പുലർത്തുന്ന ക്രമം കണ്ടെത്തി വരികൾ എഴുതിയിട്ടുണ്ട്.
- ആടാൻ ഊഞ്ഞാല്, ചൂടാൻ മുല്ലപ്പൂ എന്നിങ്ങനെ ചെയ്യാനുള്ള പണിയും അതിനായി തെരഞ്ഞെടുക്കുന്ന വസ്തുവും തമ്മിലുള്ള ബന്ധം നിലനിർത്തുന്നുണ്ട്.
- താളത്തിനും ഈണത്തിനും ചേരുംവിധം വാക്കുകളെ ഇണക്കിച്ചേർത്തിട്ടുണ്ട്.

- തുടർന്ന് ഗ്രൂപ്പിങ്.

തിന്താരോതക എന്ന മട്ടിൽ ചൊല്ലാവുന്ന ചില വായ്ത്താരികൾ ഒരു വാക്ക് ഒരു നറുക്കിലെന്ന വിധത്തിൽ തയ്യാറാക്കി വിതരണം ചെയ്യുന്നു. ഒരു വായ്ത്താരി പൂർണമായി രൂപപ്പെടുത്താൻ എട്ടു പേർ വേണ്ടിവരും. കുട്ടികൾ തനിക്കുകിട്ടിയ കടലാസിലെ വായ്ത്താരിഭാഗം വായിച്ച് കൂട്ടുകാരെ കണ്ടെത്തുന്നു.

ഗ്രൂപ്പിങ്ങിനുപയോഗിക്കാവുന്ന വായ്ത്താരികൾ.

തന്നാനോ തന /തന്നാനോ തന /തന്നാനോ തന /തന്നാനോ....

തന്നാനോ തന /തന്നാനോ തന /തന്നാനോ തന /തന്നാനോ....

തെയ്യക്കം താരോ /തെയ്യക്കം താരോ /തെയ്യക്കം താരോ /തെയ്യക്കം താരോ

തെയ്യക്കം താരോ /തെയ്യക്കം താരോ /തെയ്യക്കം താരോ /തെയ്യക്കം താരോ

ഏലേലയ്യാ /എലേലോ /ഏലേലയ്യാ /എലേലോ

ഏലേലയ്യാ /എലേലോ /ഏലേലയ്യാ /എലേലോ

ആരീരാരോ /ആരീരോ /ആരീരാരോ /ആരാരോ

ആരീരാരോ /ആരീരോ /ആരീരാരോ /ആരാരോ

- കുട്ടികൾ ഗ്രൂപ്പാവുന്നു. എല്ലാവർക്കും കിട്ടിയ വായ്ത്താരി ഭാഗങ്ങൾ കൂട്ടിച്ചേർത്ത് വായ്ത്താരി രൂപീകരിക്കുന്നു. താളത്തിൽ ചൊല്ലി അവതരിപ്പിക്കുന്നു.
- 'തിന്താരോ തക' പാട്ടിൽ വ്യക്തിപരമായി നേരത്തെ കൂട്ടിച്ചേർത്ത വരികൾ ഗ്രൂപ്പിൽ അവതരണം. ചർച്ച.
- മികച്ചതു കണ്ടെത്തി പൊതു അവതരണം. ചർച്ച.
- ടീച്ചറുടെ മാതൃക അവതരണം

**ടീച്ചർ വേർഷൻ**

അഞ്ചാനമ്മയ്ക്കും മക്കൾക്കും പോകാൻ
ആറാം കടവിലെ പൂന്തോണി
ആറാനമ്മക്കും മക്കൾക്കും കാണാൻ
ഏഴാം കാവിലെ തുള്ളാട്ടം.

- വ്യക്തിപരമായ തയ്യാറാക്കിയ രചനകളുടെ മെച്ചപ്പെടുത്തൽ. (ഗൃഹപാഠം)

വ്യക്തിപരമായി ആദ്യഘട്ടത്തിൽ തയ്യാറാക്കുന്ന രചനകൾ നോട്ടുപുസ്തകത്തിൽ മാത്രം എഴുതിയാൽ മതിയാകും.

എന്നാൽ സൂചകത്തെ അടിസ്ഥാനമാക്കിയുള്ള, വിവധഘട്ടത്തിലെ ചർച്ചകൾക്കുശേഷം മെച്ചപ്പെടുത്തിയ രചനകൾ രചനാശേഖരത്തിൽ ഉൾപ്പെടുത്തണം.

### അവതരണ സാധ്യത

പ്രഭാത സർഗവേള, ബാലസഭ, അസംബ്ലി

- തിന്താരോതക പാട്ടിന്റെ അവതരണം
- കൂട്ടിച്ചേർത്ത വരികളുടെ സംഘാവതരണം
- വായ്ത്താരി-സംഘാവതരണം

(നവമാധ്യമ ഗ്രൂപ്പിൽ ഓഡിയോ/വീഡിയോ പങ്കിടൽ)

### വായ്ത്താരിച്ചന്തം (കലാവിദ്യാഭ്യാസത്തിന്റെ സമയം 60 മിനിറ്റ്)

ഏതാനും ദിവസങ്ങളിൽ തുടർച്ചയായി നടത്തേണ്ട പ്രവർത്തനമാണിത്. വായ്ത്താരികൾ വിവിധ ദിവസങ്ങളിൽ, ഓരോന്നോരോന്നായി താളമിട്ടു ടീച്ചർ ചൊല്ലിക്കേൾപ്പിക്കണം. കുട്ടികൾ താളം പിടിച്ച് ചൊല്ലട്ടെ.

1 തെയ്യക്കം തെയ്യക്കം തെയ്യക്കം താരോ
തെയ്യക്കം തെയ്യക്കം തെയ്യക്കം താരോ

2 താനാ തെന്തിന്നോ താനാ തെന്തിന്നോ
താനാ തെന്തിന്നോ താനാ തെന്തിന്നോ

3 ധീം തകിട ധീം തകിട ധീം തകിട ധീം ധീം
ധീം തകിട ധീം തകിട ധീം തകിട ധീം ധീം

4 താന താന താനന താന താന താനന
താന താന താനന താന താന താനന

തുടർന്ന് ഇതേ വായ്ത്താരി ഏതെങ്കിലും വാദ്യോപകരണം ഉപയോഗിച്ച് താളമിട്ടത് കേൾപ്പിക്കാൻ ക്ലാസിൽ സാഹചര്യമൊരുക്കുന്നതു നന്നായിരിക്കും. (പാത്രങ്ങൾ, കോലുകൾ, ചിരട്ടകൾ, ഇലത്താളം, മൃദംഗം....) കുട്ടികൾ ശ്രദ്ധിക്കട്ടെ. പലതവണ ആവർത്തിച്ച് കേട്ടതിനു ശേഷം വാദ്യത്തോടൊപ്പം വായ്ത്താരി താളമിട്ടു ചൊല്ലട്ടെ. പ്രഭാത സർഗവേളയിൽ കുട്ടികൾ മാറിമാറി അവതരിപ്പിക്കട്ടെ.

ക്ലാസ്മുറിയിൽ സാധ്യമാവുന്ന ലഘു വാദ്യോപകരണങ്ങൾ ഉപയോഗിച്ച് താഴെക്കൊടുത്ത ചില വായ്ത്താരികൾ അവതരിപ്പിക്കാം. പ്രാദേശികമായി വാദ്യോപകരണം വായിക്കുന്നവരുടെ സഹായവും തേടാവുന്നതാണ്.

1 തെന്തിനംതാനാ തെന്തിനംതാനാ തെന്തിനം തെന്തിനം തെന്തിനംതാനാ
തെന്തിനംതാനാ തെന്തിനംതാനാ തെന്തിനം തെന്തിനം തെന്തിനംതാനാ

2 തോംത തിന്തക തോംത തിന്തക
തോംത തിന്തക തോം
തോംത തിന്തക തോംത തിന്തക
തോംത തിന്തക തോം

4 താത്തിനന്തോം താനിനന്തോം
തകതിനന്തോം താനിനോം
താത്തിനന്തോം താനിനന്തോം
തകതിനന്തോം താനിനോം

5 തന്തിനന തന്തിനന തന്തിനന തന്തിനന

തന്തിനന തന്തിനന തന്തിനന തന്തിനന

5 തകതകിട തകതകിട തകതകിട ധീംതധീം

ധീംതധീം ധീംതധീം ധീംതധീം ധീംതധീം

- കൊട്ടുന്നത് / ചൊല്ലുന്നത് കേട്ട് കുട്ടികൾ താളം തിരിച്ചറിയുന്നു. (നാലടിയിൽ ഒരു വരി എന്ന് തിരിച്ചറിയുന്നു)
- താളത്തിനു ചേരുന്ന അക്ഷരങ്ങൾ ചേർത്ത്, സ്വയം വായ്ത്താരി ഉണ്ടാക്കി അവതരിപ്പിക്കട്ടെ.
- ടീച്ചർ അവ ചാർട്ടിൽ എഴുതി പ്രദർശിപ്പിക്കണം. കുട്ടികൾ താളമിട്ടു സംഘമായി ചൊല്ലി ആസ്വദിക്കട്ടെ.
- കുട്ടികൾ സ്വയം ഉണ്ടാക്കുന്ന വായ്ത്താരിയിൽ അവർക്ക് ഇഷ്ടമുള്ള അക്ഷരങ്ങൾ/ശബ്ദങ്ങൾ ഉപയോഗിക്കാം. താളക്രമം പാലിക്കുന്നുണ്ടോ എന്നുമാത്രം പരിഗണിച്ചാൽ മതി.
- എഴുതിത്തയ്യാറാക്കിയ വായ്ത്താരികൾ നോട്ടുപുസ്തകത്തിൽ എഴുതിവയ്ക്കാം.

**അവതരണ സന്ദർഭം**

- കുട്ടികളുടെ വായ്ത്താരി അവതരണം പ്രഭാതസർഗവേളയിലും ബാലസഭയിലും നടത്താം.

**പാടി രസിക്കാം**

- ഈ പാഠഭാഗവുമായി ബന്ധപ്പെട്ട് ഉപയോഗിക്കാവുന്ന ചില നാടൻപാട്ടുകളാണ് താഴെ നൽകുന്നത്. ക്ലാസ് തുടങ്ങുമ്പോഴുള്ള പ്രഭാതസർഗ്ഗവേളയിൽ പാടി ആസ്വദിക്കട്ടെ. മികച്ച അവതരണങ്ങൾക്ക് ബാലസഭയിൽ അവസരം നൽകണം.

**ആകാശോം പൂമിയുമെന്നുണ്ടായി**

തെയ്യോ തിനന്തോ തിനന്തിനന്തോ- തെയ് തെയ്
തെയ്യത്തിനന്തോ തിനന്തിനന്തോ

ആകാശോം പൂമിയുമെന്നുണ്ടായി - തെയ് തെയ്
മാനത്തെ നക്ഷത്രമെന്നുണ്ടായി - തെയ് തെയ്
നീ പോയിക്കണ്ടോ നിന്റമ്മൻ കണ്ടോ - തെയ് തെയ്
നീയും നിന്നമ്മനും കൂടെക്കണ്ടോ - തെയ് തെയ്

അക്ഷരം പാറ്റും മുറമിതേതോ - തെയ് തെയ്
നാവുകൊണ്ടക്ഷരം പാറ്റുമെടി - തെയ് തെയ്
ഗംഗയടിക്കുന്ന ചൂലിതേതോ - തെയ് തെയ്
തലമുടിയാലെയടിക്കുമെടീ - തെയ് തെയ്

തെയ്യോ തിനന്തോ തിനന്തിനന്തോ- തെയ് തെയ്
തെയ്യത്തിനന്തോ തിനന്തിനന്തോ

**താനാ തന തന**

താനാ തന തന, താനാ തന തന
താന തന തന തന്തിനനോ
ഒരു ചാലുഴുതില്ല, ഒരു വിത്തു വിതച്ചില്ല
താനേ മുളച്ചൊരു പൊൻ തകര
(താനാ തന തന...)
ഒരുനാളൊരു വട്ടി പിറ്റേന്നാൾ രണ്ടു വട്ടി
മൂന്നാം നാൾ മൂന്നു വട്ടി തകര നുള്ളി
(താനാ തന തന...)
ഉപ്പൊടു മുളകൊടു വെങ്കല കലത്തൊടു
തകര പറിച്ചൊരു കറിയുണ്ടാക്കി
(താനാ തന തന...,.)
അപ്പൂപ്പനമ്മാവനയലത്തെ കേളുമ്മാൻ
വടക്കേലെ നാണിക്കും വിരുന്നൊരുക്കി.
(താനാ തന തന...)
കുംഭമാസം കഴിഞ്ഞപ്പോൾ തകര കരിഞ്ഞു
ഇനിയെന്തു ചെയ്യും പെരും കുടലേ..
(താനാ തന തന...)
ആറാറു മടക്കിട്ട് അറുപതു കുരുക്കിട്ട്
അനങ്ങാതെ കിടന്നോ പെരും കുടലേ...
(താനാ തന തന...)

## പഴഞ്ചൊൽ പെരുമ

**(സമയം 320 മിനിറ്റ്)**

### ആമുഖം

- പഴഞ്ചൊൽപഠനത്തിന്റെ മേഖലയിലേക്കുള്ള ആദ്യപ്രവേശനമാണ്.
- ഒതുക്കി പറയുന്നതിന്റെയും അർഥം ഒളിപ്പിച്ചു പറയുന്നതിന്റെയും ശക്തിയും സൗന്ദര്യവുമാണ് പഴഞ്ചൊല്ലിലുള്ളത്.
- ഭാഷയിലടങ്ങിയിട്ടുള്ള താളാത്മകത പഴഞ്ചൊല്ലിന്റെ ജീവനാണ്.
- കേവലമായ പഴഞ്ചൊൽശേഖരണം പ്രയോജനരഹിതമാണ്.
- പഴഞ്ചൊല്ലിൽ ഒളിപ്പിച്ചുവച്ച ആശയം കണ്ടെത്താനുള്ള അവസരമാണ് പ്രധാനം.

### പഠനലക്ഷ്യങ്ങൾ

- സാഹിത്യരചനകൾ (കവിത, വിവരണം) വായിച്ചുകേട്ടും സ്വയംവായിച്ചും ആശയംഗ്രഹിച്ച് ആസ്വദിക്കുക.
- അനുയോജ്യമായ ഭാവം, ഒഴുക്ക്, ഉച്ചാരണശുദ്ധി, അർഥവ്യക്തതയ്ക്കുള്ള ഊന്നലുകൾ എന്നിവയോടെ ആകർഷകമായി സ്വയം രസിച്ച് വായിച്ചവതരിപ്പിക്കുക.
- വാമൊഴിവഴക്കങ്ങൾ ഭാഷയ്ക്ക് നൽകുന്ന ശക്തിയും സൗന്ദര്യവും തിരിച്ചറിയുക. സ്വന്തം രചനകളിൽ ഉചിതമായി പ്രയോഗിച്ച് ഭാഷ സ്വയം മെച്ചപ്പെടുത്തുന്നതിൽ ആനന്ദിക്കുക.

## നിർമ്മിക്കേണ്ട അറിവുകൾ

**ആശയം/ധാരണ**

- അനുയോജ്യമായ ഭാവം, ഒഴുക്ക്, ഉച്ചാരണശുദ്ധി, ഊന്നലുകൾ എന്നിവ പാലിക്കുമ്പോൾ വായന ആകർഷകമാവും.

**ശേഷി/നൈപുണി**

- അനുഭവങ്ങളിലൂടെ നേടിയ ഭാഷാപരമായ അറിവുകൾ ഉചിതമായ വാചിക-ലിഖിത അവസരങ്ങളിൽ ഉപയോഗിക്കുന്നു.
- ഈണം, താളം, ഘടനാപരമായ സവിശേഷതകൾ തുടങ്ങിയവയുള്ള കവിതകൾ കേട്ടും വായിച്ചും ആസ്വദിക്കുന്നു.
- കവിതകൾ ഈണത്തിലും താളത്തിലും ഭാവത്തിലും ഊന്നേണ്ടിടത്ത് ഊന്നിയും ഉച്ചാരണസ്ഫുടതയോടെ ചൊല്ലി അവതരിപ്പിക്കുന്നു.
- വാമൊഴിവഴക്കങ്ങൾ കണ്ടെത്തുന്നു. സ്വന്തം രചനയിൽ പ്രയോഗിക്കുന്നു.

**മൂല്യം/മനോഭാവം**

- പഴഞ്ചൊല്ലുകളും നാട്ടുമൊഴിവഴക്കങ്ങളും സ്വന്തം ഭാഷാ പ്രയോഗങ്ങളിൽ ഉചിതമായി ഉൾപ്പെടുത്താനും ഭാഷയുടെ ചന്തവും കരുത്തും തുടർച്ചയായി വളർത്താനുമുള്ള ശീലം.
- കേൾക്കുന്നവരിൽ ഇമ്പം വളർത്തുന്ന വിധത്തിൽ കവിതയും ഗദ്യഭാഗങ്ങളും സൂക്ഷ്മതയോടെയും ജാഗ്രതയോടെയും അവതരിപ്പിക്കുന്ന ശീലം.
- ചർച്ചകളിൽ പങ്കെടുത്ത് മറ്റുള്ളവരുടെ അഭിപ്രായങ്ങൾ ക്ഷമാപൂർവം കേൾക്കുന്ന ശീലം.

## പഠനസാമഗ്രികൾ

- വാക്യക്കാർഡുകൾ
- റീഡേഴ്സ് തിയേറ്റർ സ്ക്രിപ്റ്റ് പകർപ്പ് (കുട്ടിക്ക് ഒന്ന് വീതം).
- പഴഞ്ചൊൽ സന്ദർഭവാക്യങ്ങൾ. ചാർട്ട്.
- കവിത ചാർട്ട്
- പഴഞ്ചൊൽ സന്ദർഭം സൂചിപ്പിക്കുന്ന കഥ, പകർപ്പ് (കുട്ടിക്കൊന്നു വീതം).

## പ്രവർത്തനം /പ്രക്രിയ

**പദക്കൂട്ട് സമയം-45 മിനിറ്റ്**

പഴഞ്ചൊല്ലുകളുടെ ആശയം വിശദീകരിക്കാൻ കഴിയണമെങ്കിൽ വാക്കുകളിൽ ഒളിപ്പിച്ചുവച്ച അർഥം കണ്ടെടുക്കാനാവണം. അതിന് ചില അനുഭവങ്ങൾ ഒരുക്കേണ്ടി വരും . പുതിയ പദക്കൂട്ടുകൾ നിർമ്മിക്കുന്നത് ഇതിന് സഹായകമാവും.

പദക്കൂട്ടുകൾ എങ്ങനെ നിർമ്മിക്കാം?

- ഏതെങ്കിലും ജീവികളുടെ/വസ്തുക്കളുടെ പേരുകൾ കുട്ടികൾ പറയട്ടെ. (കാക്ക, കല്ല്, കഞ്ഞി......... എന്നിങ്ങനെ പറയുന്ന പേരുകൾ ബോർഡിലെഴുതാം. വൈവിധ്യമാർന്ന പേരുകൾ വരുന്നുവെന്നുറപ്പാക്കണം.)
- ഇത്തരം എട്ടോ പത്തോ നാമപദങ്ങൾ കുട്ടികൾ വ്യക്തിഗതമായി എഴുതൽ.
- കുട്ടികൾ പറയുന്ന പേരുകളിൽനിന്ന് പത്തുപതിനഞ്ചെണ്ണം ടീച്ചർ ബോർഡിലെഴുതൽ.
- മറ്റൊരു കോളത്തിൽ ടീച്ചർ ചില വിശേഷണങ്ങൾ എഴുതുന്നു. (വെളുത്ത, വാലുള്ള, മധുരമുള്ള...) ഇത്തരത്തിൽ വിശേഷിപ്പിച്ചുപറയുന്ന വാക്കുകൾ കുട്ടികൾക്കു പറയാം.
- പത്തോ പതിനഞ്ചോ വിശേഷണ പദങ്ങൾ ബോർഡിൽ ക്രോഡീകരിക്കൽ.

- രണ്ടു കൂട്ടത്തിൽ നിന്നും ഓരോ വാക്കുകൾ ചേർത്ത് പദക്കൂട്ടുണ്ടാക്കാം. എന്നാൽ ഒരു നിബന്ധനയുണ്ട് തമ്മിൽ ചേർച്ചയില്ലാത്ത വാക്കുകൾകൊണ്ടാവണം പദക്കൂട്ടുകളുണ്ടാക്കേണ്ടത്.
- പദക്കൂട്ടെഴുത്ത്- വ്യക്തിഗതം -ചിലരുടെ അവതരണം

(നിർദ്ദേശം പാലിക്കാതെ എഴുതിയവ ചൂണ്ടിക്കാണിച്ച് തിരുത്തൽ)

- ബോർഡിൽ ക്രോഡീകരിച്ചെഴുതൽ.

പദക്കൂട്ടുകളെക്കുറിച്ച് ചർച്ച

എങ്ങനെ ചർച്ച നയിക്കും?

ഉദാഹരണത്തിന് 'മധുരമുള്ള അമ്മ' എന്ന പദക്കൂട്ട് ഉണ്ടാക്കിയെന്നിരിക്കട്ടെ.

- മധുരമുള്ള അമ്മ എന്ന് പറയുമ്പോൾ മിഠായി പോലെ മധുരിക്കുന്ന അമ്മ എന്നാണോ വിചാരിക്കുന്നത്?.
- നിങ്ങൾക്ക് അമ്മയുടെ മധുരം അനുഭവിക്കാനായതെപ്പോഴാണ്? (മുലപ്പാലിലൂടെ, ആശ്വസിപ്പിച്ചതിലൂടെ, തലോടലിലൂടെ, കഥയും പാട്ടും പങ്കുവെച്ചതിലൂടെ, ഇഷ്ടഭക്ഷണത്തിലൂടെ...)
- മധുരമുള്ള അമ്മ എന്നുപറയുമ്പോൾ നാം എന്തൊക്കെയാണ് മനസ്സിലാക്കുന്നത്?

(മനസ്സിൽ തെളിയുന്നത് അമ്മയുടെ അലിവാർന്ന പെരുമാറ്റം, വാത്സല്യം, തുടങ്ങിയ ഗുണങ്ങളാണല്ലോ).

- അമ്മയെപ്പറ്റി നേരിട്ടുപറയുന്നതെന്താണ്? (അമ്മക്കു മധുരമുണ്ട്.)

പറയുന്നത് മധുരത്തെപ്പറ്റി അർഥമാക്കുന്നത് അമ്മയുടെ ഗുണങ്ങൾ. ഇങ്ങനെ അർഥം ഒളിപ്പിച്ചുവച്ച് പറയാൻ കഴിയും

- കുട്ടികളുണ്ടാക്കിയ പദക്കൂട്ടുകളിൽ ഉചിതമായവയെക്കുറിച്ച് ഇത്തരത്തിൽ ചർച്ച നടത്തണം.
- പദക്കൂട്ടുകൾ ഉണ്ടാക്കുമ്പോൾ മനസ്സിൽ തെളിഞ്ഞ കാര്യങ്ങൾ ഓരോരുത്തർക്കും പറയാൻ ചർച്ചയിൽ അവസരം നൽകണം. ഒളിപ്പിച്ചുവച്ച അർഥം കണ്ടെത്താനുള്ള കഴിവ് ഇതിലൂടെ വളരും.

(രണ്ടു നാമപദങ്ങളെ മാത്രം കൂട്ടിച്ചേർത്തും ഈ പ്രവർത്തനം തുടരാം. ഉദാ: ചക്കപ്പേൻ, കല്ലുമഴ എന്നിങ്ങനെ..)

- പദങ്ങൾ, വിശേഷണങ്ങൾ, പദക്കൂട്ടുകൾ എന്നിവ ബോർഡിൽ ക്രോഡീകരിച്ചത് നോട്ടുബുക്കിലേക്ക്.

തുടർപ്രവർത്തനം (ഗൃഹപാഠം)

- മെച്ചപ്പെട്ട പദക്കൂട്ട് കണ്ടെത്തി എഴുതൽ
- പദക്കൂട്ടിൽ ഒളിപ്പിച്ചുവച്ച ആശയം രണ്ടോ മൂന്നോ വാക്യത്തിൽ വിശദമാക്കൽ

## പാഠത്തിലേക്ക്

പഴഞ്ചൊല്ലുകൾ വെറുതെ പരിചയപ്പെട്ടാൽ മാത്രം പോര. അവയിൽ നിറഞ്ഞിരിക്കുന്ന ആശയലോകം കണ്ടെത്താൻ കുട്ടികൾക്കാവണം. അതിനാലാണ് പഴഞ്ചൊല്ലുകൾ ചില സന്ദർഭങ്ങളിൽ പ്രയോഗിച്ച് പാഠഭാഗത്ത് പരിചയപ്പെടുത്തുന്നത്. ക്ലാസിൽ ഓരോ കുട്ടിക്കും ഇത് വായിക്കാനും പഴഞ്ചൊല്ലുകളെ തന്റേതായ നിലയിൽ വ്യാഖ്യാനിക്കാനും അവസരം നൽകണം. ഒപ്പംതന്നെ പരിചിതമായ പഴഞ്ചൊല്ലുകൾ സംഭാഷണത്തിലും എഴുത്തിലും പ്രയോഗിക്കാൻ പ്രോത്സാഹിപ്പിക്കുകയും വേണം. കുട്ടികൾ ദൈനംദിനം സ്വതന്ത്രമായി നടത്തുന്ന സംഭാഷണങ്ങളിലും എഴുത്തിലും സാധ്യമായ സന്ദർഭങ്ങളിൽ പഴഞ്ചൊല്ലുകളെ കൂട്ടിച്ചേർക്കാൻ സഹായിക്കണം. അങ്ങനെ കൂട്ടിച്ചർക്കുമ്പോൾ ഭാഷയ്ക്കു കൈവന്ന ശക്തിയും ചാരുതയും തിരിച്ചറിയാനാവും.

**നാരങ്ങപ്പാല് - സമയം 15 മിനിറ്റ്**

കുട്ടികളും ടീച്ചറും ചേർന്ന് 'നാരങ്ങപ്പാല് ' എന്ന കളി കളിച്ച് ആസ്വദിക്കുന്നു. ഇതേ കളി കളിക്കുന്ന ഒരുകൂട്ടം കുട്ടികളെ പരിചയപ്പെട്ടാലോ?

**വായന - സമയം 60 മിനിറ്റ്**

കുട്ടികൾ വ്യക്തിഗതമായി പാഠം ഉറക്കെ വായിക്കട്ടെ.

- ➢ (ശ്രദ്ധ നഷ്ടപ്പെടാതെ എല്ലാവരും വായനയിൽ പങ്കെടുക്കുന്നുവെന്നുറപ്പാക്കാൻ എന്തൊക്കെ തന്ത്രങ്ങൾ സ്വീകരിക്കാം?)

- നേരത്തെ തയ്യാറാക്കിയ വാക്യക്കാർഡുകൾ പ്രദർശിപ്പിക്കുന്നു. ശേഷം ഭാഗം നിർദ്ദിഷ്ടകുട്ടികൾ വായിക്കും. (പാഠത്തിന്റെ അവിടവിടുന്നായി നാലോ അഞ്ചോ വാക്യങ്ങൾ മുൻകൂട്ടി തയ്യാറാക്കിവയ്ക്കാൻ ശ്രമിക്കുമല്ലോ. ഒരാശയം ഒരുകുട്ടിക്ക് വായിക്കാനാവും വിധമാവണം തെരഞ്ഞെടുപ്പ്.

(നാരങ്ങപ്പാല് ചൂട്ടക്ക് രണ്ട്. /ഹായ് നെയ്യപ്പത്തിന്റെ മണം / അല്ലാ നീയെന്താ ബേബി അവിടെ ഒതുങ്ങിയിരിക്കുന്നത്/ ബേബിയുടെ കൂട്ടുകാരി പറഞ്ഞു/ ബേബിക്കുട്ട്യേ... മോളുടെ പനിമാറുമ്പോ/ അമ്മ അകത്തേക്കു പോയി എന്നിങ്ങനെ വിവിധ വാക്യക്കാർഡുകൾ തയ്യാറാക്കാം).

**പൂരിപ്പിച്ചുവായന**

(ഒരാൾ വായിച്ചതിന്റെ തുടർച്ച ടീച്ചർ നിർദ്ദേശിക്കുന്ന മറ്റൊരാൾ.

- ➢ ക്ലാസിന്റെ ശ്രദ്ധനിലനിർത്താൻ അടുത്തടുത്തിരിക്കുന്നവരെ നിർദ്ദേശിക്കുന്നതിനുപകരം അവിടവിടെ ഇരിക്കുന്നവർക്കവസരം കൊടുക്കാൻ ശ്രദ്ധിക്കുമല്ലോ.)

**സന്ദർഭം പറഞ്ഞ് വായന**

- ടീച്ചർ ചില സന്ദർഭങ്ങൾ പറയുന്നു. പാഠഭാഗത്ത് നിന്ന് കുട്ടികൾ അത് കണ്ടെത്തുന്നു.
- നിർദ്ദിഷ്ട കുട്ടികൾക്ക് വായിക്കാനവസരം. (കൂട്ടമായി കുട്ടികൾ കളിക്കുന്നത്, കളിസ്ഥലത്തേക്ക് അമ്മ നെയ്യപ്പവുമായി വരുന്നത്, അമ്മയും ബേബിയും കൂട്ടുകാരിയും തമ്മിൽ പറയുന്നത്, അമ്മ ബേബിക്കുട്ടിയെ സമാധാനിപ്പിക്കുന്നത് ഇത്തരം സന്ദർഭങ്ങൾ).
- പല തന്ത്രങ്ങളിലൂടെ എല്ലാകുട്ടികൾക്കും പാഠം വായിക്കാനവസരം ഉറപ്പാക്കണം.

ടീച്ചറുടെ ഭാവാത്മകവായന കുട്ടികളുടെ ഏറ്റുവായന

- ➢ ഭാവഹാവങ്ങളോടെ വായിക്കാൻ ചില കുട്ടികൾക്ക് പ്രയാസമുണ്ട്.
- ➢ ഇവരെ സഹായിക്കാൻ റീഡേഴ്സ് തിയേറ്റർ പ്രയോജനപ്പെടുത്താം.

**റീഡേഴ്സ് തിയേറ്റർ - സമയം 60 മിനിറ്റ്**

ഭാവാത്മകവായനയെ പിന്തുണക്കുന്ന വായനാസങ്കേതമാണ് റീഡേഴ്സ് തിയേറ്റർ. ഭാവഹാവങ്ങളോടുകൂടി വേഷവിധാനങ്ങളൊന്നുമില്ലാതെ ഒരു നരേറ്ററുടേയും കഥാപാത്രങ്ങളുടേയും ഭാഗങ്ങൾ കുട്ടികൾ മാറിമാറി ഏറ്റെടുത്ത് വായിച്ചവതരിപ്പിക്കലാണ് ഇതിൽ നടക്കുന്നത്. സംഭാഷണരൂപത്തിലുള്ള ഈ പാഠം റീഡേഴ്സ് തിയേറ്ററായി അവതരിപ്പിക്കാൻ പറ്റുന്നതാണ്.

**റീഡേഴ്സ് തിയേറ്റർ - സ്ക്രിപ്റ്റൊരുക്കൽ**

പാഠത്തെ റീഡേഴ്സ് തിയേറ്റർ ആക്കി ഒരു നാടകം പോലെ അവതരിപ്പിക്കണം.

- എങ്കിൽ ഈ പാഠത്തിൽ ആരൊക്കെയാണ് കഥാപാത്രങ്ങൾ? (കുട്ടികളുടെ സ്വതന്ത്രപ്രതികരണം - അമ്മ, കുട്ടികൾ, ബേബി, ബേബിയുടെ കൂട്ടുകാരി എന്നിങ്ങനെ കുട്ടികൾ പറയാനിടയുണ്ട്.)

ഇതിൽ നരേറ്ററെ കണ്ടെത്താൻ ടീച്ചറെന്തുചെയ്യും?

ഇതിൽ ഒരു കഥാപാത്രം കൂടിയുണ്ട്. ആരാണത്? (സ്വതന്ത്ര പ്രതികരണം).

"പൊടിപാറിയ കളിയാണ് മുറ്റത്ത്. ആകെ കൂക്കും വിളിയും. ബഹളമയം" ഇത് ആരാണ് പറയുന്നത്? (അമ്മയാണെന്നു പറയാനിടയുണ്ട്.)

അതിന് അമ്മയിവിടെ ഇല്ലല്ലോ. അമ്മവരാൻ പോകുന്നേയുള്ളൂ. പിന്നെ ആരാവും പറയുന്നത്? (കഥപറയുന്ന ആൾ അഥവാ നരേറ്റർ എന്ന് സൂചിപ്പിക്കേണ്ടി വരും.)

എങ്കിൽ നരേറ്റർ ഇതിൽ മറ്റെന്തെല്ലാം പറയുന്നുണ്ട്? (കുട്ടികളുടെ സ്വതന്ത്രപ്രതികരണം - ബേബിയെ നോക്കി അമ്മ ചോദിച്ചു, അമ്മ സ്നേഹത്തോടെ നിർബന്ധിച്ചു. ബേബി ചിണുങ്ങി. അമ്മ വിചാരിച്ചു, ബേബിയെ തൊട്ടുതലോടി..... കാക്കക്കൂട്ടിൽ കല്ലിട്ടപോലെ.)

- ആറോ ഏഴോ പേരടങ്ങിയ ഗ്രൂപ്പിൽ അനുബന്ധം 1.3 പകർപ്പെടുത്തു കൊടുക്കുന്നു.
- ഗ്രൂപ്പിൽ സ്ക്രിപ്റ്റ് വായന, കഥാപാത്രങ്ങളെ നിശ്ചയിക്കൽ, അവതരണത്തിനൊരുങ്ങൽ, അവതരണം. (അവതരിപ്പിക്കുമ്പോൾ നരേറ്റർ, കുട്ടികൾ, അമ്മ,... എന്നിങ്ങനെ കഥാപാത്രങ്ങളുടെ പേരുകൾ വായിക്കേണ്ടതില്ല. പകരം അതതു കഥാപാത്രങ്ങൾ അവതരിപ്പിക്കാനുള്ള കാര്യം ഭാവഹാവങ്ങളോടെ വായിച്ചവതരിപ്പിച്ചാൽ മതി.)

റീഡേഴ്സ് തിയേറ്ററിനായി തയ്യാറാക്കിയ സ്ക്രിപ്റ്റും പാഠഭാഗവും ടീച്ചർ ഒത്തുനോക്കുമല്ലോ. എന്തൊക്കെ മാറ്റങ്ങളാണ് സംഭാഷണരൂപത്തിലേക്ക് വന്നപ്പോഴുണ്ടായത്?

- നരേറ്റർ കടന്നു വന്നു.
- ക്രമീകരണത്തിൽ മാറ്റം വന്നു.
- പ്രസക്തമല്ലാത്ത ചില വാക്കുകൾ വിട്ടുകളഞ്ഞു.

### വിശകലനവായന - സമയം 45 മിനിറ്റ്

ചോദ്യസൂചനകളുപയോഗിച്ച് ചർച്ച.

- എന്താ മക്കളേ, 'കാക്കക്കൂട്ടത്തിൽ കല്ലിട്ടപോലെ ' ബഹളംകൂട്ടിക്കളിക്കുന്ന കുട്ടികളോട്, കാക്കക്കൂട്ടത്തിന്റെയും കല്ലിന്റെയും കാര്യം അമ്മ പറയുന്നതെന്തിനാവും?
- ഇവിടെ കാക്കയെക്കുറിച്ചല്ലല്ലോ അമ്മ പറയുന്നത്, അമ്മ ശരിക്കും ഉദ്ദേശിക്കുന്നതെന്താണ്?
- ഇതുപോലെ മറ്റെന്തെല്ലാം പ്രയോഗങ്ങളാണ് ഈ പാഠത്തിലുള്ളത്?
    - ✶ കാക്കക്കൂട്ടിൽ കല്ലിട്ടപോലെ
    - ✶ അരിയെറിഞ്ഞാൽ ആയിരംകാക്ക
    - ✶ ആലിൻകായ പഴുത്തപ്പോൾ കാക്കയ്ക്ക് വായപ്പുണ്ണ്
- ഇവ പഴഞ്ചൊല്ലുകളാണ് എന്ന് ടീച്ചർ പറയണം
- പാഠപുസ്തകം പേജ് 14 ലെ ഉചിതമായ ചോദ്യസൂചനകളുപയോഗിച്ച് പഴഞ്ചൊല്ലിന്റെ ആശയം വ്യക്തമാക്കുന്ന ചർച്ച.
- കണ്ടെത്തിയ പഴഞ്ചൊല്ലുകളും അവയെക്കുറിച്ച് ചർച്ചചെയ്തു കണ്ടെത്തിയ കാര്യങ്ങളും അടങ്ങുന്ന കുറിപ്പ് നോട്ടുപുസ്തകത്തിൽ ചേർക്കണം.

ഒരുകാര്യം നേരിട്ടു പറയുകയും മറ്റൊട്ടേറെ കാര്യങ്ങൾ അതിലൂടെ സൂചിപ്പിക്കുകയും ചെയ്യുന്നതിന് ഭാഷയിൽ പ്രയോഗിച്ചു വരുന്ന ഒന്നാണ് പഴഞ്ചൊല്ലുകൾ. ആറ്റിക്കുറുക്കി പറഞ്ഞ കവിതകളാണവ.

### പഴഞ്ചൊല്ലുകളോടൊപ്പം - സമയം 10 മിനിറ്റ്

പരിചയപ്പെട്ട പഴഞ്ചൊല്ലുകൾ പുതിയ സന്ദർഭങ്ങളിൽ പ്രയോഗിക്കാൻ കുട്ടികൾക്ക് അവസരം നൽകേണ്ടതുണ്ട്.

പഴഞ്ചൊല്ലൊഴിവാക്കി താഴെകൊടുത്ത സന്ദർഭങ്ങൾ മാത്രം ചാർട്ടിൽ പ്രദർശിപ്പിക്കുന്നു.

- ബെല്ലടിച്ചു ഇൻർവെല്ലായി, ക്ലാസിൽ ഇനി ചെവികേൾക്കാനാവില്ല, ബഹളമയം............ (കാക്കക്കൂട്ടിൽ...)

- പോം..പോം.. പോം.. ഹായ്, ഐസ് കാരൻ വരുന്നു. എവിടെനിന്നെന്നറിയില്ല, കുട്ടികൾ ഓടിക്കൂടി.................... (അരിയെറിഞ്ഞാൽ...)

കുട്ടികൾ കുറിച്ചെടുക്കുന്നു. ഓരോന്നിനോടും ചേരുന്ന പഴഞ്ചൊല്ലുകൾ ചേർത്തെഴുതുന്നു. അവതരിപ്പിക്കുന്നു.

[പഴഞ്ചൊല്ലുകൾ പരിചയപ്പെട്ടതിന്റെ വെളിച്ചത്തിൽ കുട്ടികൾ അവരുടെ സ്വാഭാവിക ഭാഷാവ്യവഹാരങ്ങളിൽ ഇവയുപയോഗിച്ചു തുടങ്ങണം. അതിനു മാതൃകയാവുന്ന വിധത്തിൽ ടീച്ചർ സ്വന്തം സംഭാഷണത്തിലും മറ്റും പഴഞ്ചൊല്ലുകൾ ഉൾച്ചേർക്കാൻ ശ്രദ്ധിക്കണം. കുട്ടികളുടെ ദൈനംദിന ഡയറിയെഴുത്തിലുൾപ്പെടെ പഴഞ്ചൊല്ലുകൾ പ്രയോഗിക്കാനുള്ള സന്ദർഭങ്ങൾ കാണും.]

## ഒരുമതന്നെ പെരുമ

**- (സമയം 45 മിനിറ്റ്)**

കാക്ക കടന്നുവരുന്ന ഏതാനും പഴഞ്ചൊല്ലുകളാണല്ലോ കുട്ടികൾ ഇതിനകം പരിചയപ്പെട്ടത്. പലതും വിഷയമാവുന്ന പഴഞ്ചൊല്ലുകളുണ്ടെന്ന് കണ്ടെത്തുന്നതിനാണ് ഒരുമതന്നെ പെരുമ എന്ന പ്രവർത്തനം. ചിത്രമാണ് ഇവിടെ പാഠസാമഗ്രി. പഴഞ്ചൊല്ല് സൂചിപ്പിക്കുന്ന ആശയമാണ് ചിത്രീകരിച്ചിട്ടുള്ളത്. ഇക്കാര്യം ചർച്ചയിലൂടെ കുട്ടികൾക്ക് ബോധ്യപ്പെടണം.

### ചിത്രവായന

പാഠപുസ്തകം പേജ് 14 ലെ ചിത്രം പരിശോധിക്കട്ടെ. ഇതിന്റെ അടിസ്ഥാനത്തിൽ ചർച്ചാസൂചനകളോട് സ്വതന്ത്രമായി പ്രതികരിക്കട്ടെ.

### ചർച്ചാ സൂചനകൾ:

- ചിത്രത്തിലെ ഉറുമ്പുകൾ എന്താണു ചെയ്യുന്നത്?
- വട ഏറ്റിനടക്കാൻ ഇത്തിരിപ്പോന്ന ഉറുമ്പിന് ഒറ്റയ്ക്കു സാധിക്കുമോ?
- ചില ഉറുമ്പുകൾ വട ഇങ്ങോട്ടു വലിക്കുമ്പോൾ മറ്റുചിലർ അങ്ങോട്ടാണ് വലിക്കുന്നതെങ്കിലോ, എന്താണ് സംഭവിക്കുക?
- പ്രയാസം കൂടാതെ വട ഏറ്റിപ്പോകാൻ ഉറുമ്പുകൾക്ക് കഴിഞ്ഞതെന്തു കൊണ്ടാണ്?
- ഈ ചിത്രത്തിന് അതിന്റെ പേരുമായി എന്തു ബന്ധമാണുള്ളത്?
- ഒരുമതന്നെ പെരുമ എന്നാൽ എന്താണർഥം?

(ഒരുമ എന്നാൽ യോജിപ്പാണെന്നും പെരുമ എന്നാൽ കേമത്തം എന്നാണെന്നും വ്യക്തമാവണം.)

### പലപലചൊല്ലുകൾ -സമയം 40 മിനിറ്റ്

അനുബന്ധം 1.4 പകർപ്പ് കുട്ടികൾക്ക് കൊടുക്കുന്നു

കുട്ടികൾ സന്ദർഭം വായിച്ചറിയട്ടെ.

- ഏത് പഴഞ്ചൊല്ലാണ് ഈ സന്ദർഭത്തിന് തലവാചകമായി കൊടുക്കുക?
- ടീച്ചർ പഴഞ്ചൊല്ലുകൾ ബോർഡിൽ എഴുതുന്നു.
  - ഒത്തുപിടിച്ചാൽ മലയും പോരും.
  - പലരു കൂട്യാൽ പഞ്ഞി നൂല്.
  - ഒരുമതന്നെ പെരുമ
- കുട്ടികൾ വ്യക്തിഗതമായി തലവാചകം ചേർക്കട്ടെ.
- ചിലർക്ക് അവതരിപ്പിക്കാം.

### ചർച്ച

- എല്ലാവരും ഒരേ പഴഞ്ചൊല്ലാണോ തലവാചകമായി തെരഞ്ഞെടുത്തത്? (പലരും പലതാവും). വേറെവേറെ പഴഞ്ചൊല്ല് തെരഞ്ഞെടുക്കാനെന്താണു കാരണം? (സ്വതന്ത്രപ്രതികരണം).

- ഈ പഴഞ്ചൊല്ലുകൾക്കെല്ലാം ഒരേ അർഥമാണോ? (സ്വതന്ത്രമായി പ്രതികരിക്കട്ടെ).
- ഒത്തുപിടിച്ചാൽ മലയും പോരും, പലരുകൂട്യാൽ പഞ്ഞി നൂല് ഇതിൽ മലയുടെ കാര്യവും പഞ്ഞിയുടെയും നൂലിന്റെയും കാര്യമല്ലേ നേരിട്ടു പറയുന്നത്? പിന്നെ എങ്ങിനെയാണ് ഇവയെല്ലാം റോഡിൽ മരംവീണ സന്ദർഭത്തോട് യോജിച്ചത്?
- (പലരുംചേർന്ന് ഒരു കാര്യം ചെയ്യുമ്പോൾ അത് വിജയിക്കും. ഈ ചൊല്ലുകൾ സൂചിപ്പിക്കുന്ന കാര്യമിതാണ്.)
- പഴഞ്ചൊല്ലുകളും ചർച്ചചെയ്ത് കണ്ടെത്തിയ കാര്യങ്ങളും നോട്ടുബുക്കിലേക്ക്.

**പഴഞ്ചൊല്ലുകളെ സമീപിക്കുമ്പോൾ**

പഴയകാല ജീവിതം രൂപംകൊടുത്തവയാണ് പഴഞ്ചൊല്ലുകൾ. അന്നത്തെ ജീവിതത്തിൽ പുലർന്നുപോന്നിരുന്ന സാമൂഹിക വ്യവസ്ഥയും അതിന്റെ നീതിബോധവുമാണ് അവയിൽ മിക്കതിലും നിഴലിക്കുന്നത്. താഴ്ന്നജാതി, ഉയർന്നജാതി, അയിത്തം തുടങ്ങി ഇന്നത്തെ ജീവിതത്തിനു ചേരാത്ത പലതും പഴഞ്ചൊല്ലുകളിൽ കണ്ടേക്കാം. അതുകൊണ്ടുതന്നെ ജനാധിപത്യ ജീവിതക്രമം പാലിക്കുന്ന ഇന്നത്തെക്കാലത്ത് എല്ലാ പഴഞ്ചൊല്ലുകളും സ്വീകാര്യമാവണമെന്നില്ല, ക്ലാസിൽ ചർച്ചചെയ്യാനായി പഴഞ്ചൊല്ലുകൾ തെരഞ്ഞെടുക്കുമ്പോൾ അവയുടെ കാലികപ്രസക്തി പ്രത്യേകം പരിഗണിക്കുമല്ലോ.

## ഞാൻ എന്നോട്

## എന്റെ ആശയവിനിമയം

* കുട്ടികളെ ചിന്തയിലേക്കു നയിക്കുന്ന ചോദ്യങ്ങൾ ചോദിക്കാൻ എനിക്കു വേണ്ടത്ര കഴിയുന്നുണ്ടോ?
* ഫലപ്രദമായി ചർച്ച നയിക്കാൻ എനിക്കു കഴിയുന്നുണ്ടോ?
* എല്ലാ കുട്ടികളെയും ചർച്ചയിൽ പങ്കാളികളാക്കാൻ വേണ്ടത്ര പ്രേരണയും കൈത്താങ്ങും നൽകാൻ എനിക്കു സാധിക്കുന്നുണ്ടോ?
* വ്യത്യസ്ത പ്രതികരണങ്ങളെ ക്രോഡീകരിച്ചും തരംതിരിച്ചും നിഗമനങ്ങൾ രൂപപ്പെടുത്താൻ കുട്ടികളെ പിന്തുണയ്ക്കുന്നതിന് എനിക്കു കഴിയുന്നുണ്ടോ?
* കുട്ടികൾ പറയുന്ന ഭാഷ എനിക്കു വ്യക്തമായി മനസ്സിലാക്കാൻ കഴിയുന്നുണ്ടോ?
* കുട്ടികൾക്കിണങ്ങുന്ന ഭാഷയിലാണോ ഞാൻ സംസാരിക്കുന്നത്?
* ഞാൻ നൽകുന്ന നിർദ്ദേശങ്ങൾ വ്യക്തവും ലളിതവുമാണോ?
* ആവശ്യമായ സന്ദർഭങ്ങളിൽ ആംഗ്യങ്ങളും ഭാവത്തിനിണങ്ങുന്ന ശബ്ദമാറ്റങ്ങളും പ്രയോഗിച്ച് ആശയ വ്യക്തത വരുത്താൻ എനിക്കു കഴിയുന്നുണ്ടോ?

# കഥ കഥ കസ്തൂരി

**ആകെ സമയം (160മിനിറ്റ് + 30 മിനിറ്റ് പ്രഭാതസർഗവേള)**

ഈ പാഠത്തിൽ നാട്ടുകഥകളും നാടോടിക്കഥകളും കടങ്കഥകളുമാണ് ഉള്ളടക്കമായി വരുന്നത്.

ഓരോ നാടിനും സ്വന്തമായി നാട്ടുകഥകളുണ്ട്. അവയിൽ ചിലതെല്ലാം മറ്റു പ്രദേശങ്ങളിലും പ്രചാരമുള്ളവയായിരിക്കും. ഓരോ നാട്ടിലും അവരുടേതെന്ന് കരുതുന്ന കഥകളെ നാം നാട്ടുകഥകളെന്ന് സൗകര്യത്തിനായി വിളിക്കുകയാണ്. നാടോടി വാങ്മയങ്ങളിലുള്ളതും കൂടുതൽ പ്രദേശങ്ങളിൽ പ്രചാരത്തിലുള്ളതുമായ കഥകളെ നാടോടിക്കഥകളെന്നും സൂചിപ്പിക്കുന്നു.

നാട്ടുകഥകളുടെയും നാടോടിക്കഥകളുടെയും വലിയൊരു പറച്ചിൽ പാരമ്പര്യം നമുക്കുണ്ട്. ഇത് കുട്ടികൾക്ക് പരിചിതമാകുമ്പോഴാണ് അവർക്ക് ഭാഷയോട് ഇഷ്ടം വളരുന്നത്. അക്ഷരങ്ങളുടെ ആവർത്തനം കൊണ്ടും മറ്റും ഉണ്ടാകുന്ന കിലുക്കം, അതുവഴി രൂപപ്പെടുന്ന താളം, ആവർത്തിച്ചു പറയുന്നതിലെ ചാരുത, നാട്ടുഭാഷയുടെ ചന്തം, ഭ്രമകല്പനകളുടെ (fantasy) സൗന്ദര്യം തുടങ്ങി നാടോടിക്കഥകളുടെ അനുഭൂതി സാധ്യതകളെല്ലാം കുട്ടികൾക്ക് അനുഭവിച്ചറിയാൻ അവസരം ലഭിക്കണം.

## പഠനലക്ഷ്യങ്ങൾ

- കഥ വായിച്ചുകേട്ടും സ്വയം വായിച്ചും ആശയം ഗ്രഹിച്ച് ആസ്വദിക്കുക.
- അനുയോജ്യമായ ഭാവം, ഒഴുക്ക്, ഉച്ചാരണശുദ്ധി, അർഥവ്യക്തതയുള്ള ഊന്നലുകൾ എന്നിവയോടെ ആകർഷകമായി സ്വയം രസിച്ച് വായിച്ചവതരിപ്പിക്കുക.
- നാട്ടുകഥകൾ കേട്ട് ആശയം ഗ്രഹിച്ച് ആസ്വദിക്കുക.
- നാട്ടുകഥകളിൽ അടങ്ങിയിട്ടുള്ള താളം തിരിച്ചറിഞ്ഞ് വായിച്ചു രസിക്കുക.

## നിർമ്മിക്കേണ്ട അറിവുകൾ

**ആശയം/ധാരണ**

- നാടോടിക്കഥകൾ പറയുന്നതിന് പ്രത്യേകമായ രീതികളുണ്ട്. (എല്ലാവരും ചേർന്ന് കഥ പറയുന്ന രീതി, പാട്ടുകൾ ആവർത്തിക്കുന്ന രീതി, ചൊല്ലുകൾ ആവർത്തിക്കുന്ന രീതി ...)
- നാടോടിക്കഥ പറച്ചിലിന് സവിശേഷമായ താളഘടനയുണ്ട്.

**ശേഷി/നൈപുണി**

- കേട്ടതും കണ്ടെത്തിയതുമായ നാടോടിക്കഥകൾ അതിലെ സംഭാഷണങ്ങൾ, ചൊൽവടിവുകൾ എന്നിവയുടെ ഭാവം കൃത്യമായി പാലിച്ചുകൊണ്ട് പറഞ്ഞും വായിച്ചും അവതരിപ്പിക്കുന്നു.

**മൂല്യം/മനോഭാവം**

- നാട്ടുകഥകൾ പരിചിതമാവുന്നതിലൂടെ ഭാഷയുടെ സൗന്ദര്യാത്മകമായ പാരമ്പര്യത്തിൽ അഭിമാനിക്കുകയും അത്തരം വിഭവങ്ങൾ തുടർച്ചയായി ശ്രദ്ധിക്കുകയും ശേഖരിക്കുകയും ചെയ്യുന്ന ശീലം.

## പഠന സാമഗ്രികൾ

- നാട്ടുകഥ/ നാടോടിക്കഥ
- മുത്തശ്ശിക്കഥകൾ - കേരള ശാസ്ത്രസാഹിത്യ പരിഷത്ത്
- പാഠസന്ദർഭങ്ങളെഴുതിയ നറുക്കുകൾ.

## പ്രവർത്തനം /പ്രക്രിയ

**നാട്ടുകഥ (സമയം 40 മിനിറ്റ്)**

- പ്രചാരത്തിലുള്ള ഒരു നാട്ടുകഥ ടീച്ചർ കുട്ടികൾക്ക് പറഞ്ഞു കേൾപ്പിക്കുന്നു (ആവശ്യമെങ്കിൽ അനുബന്ധം 1.5 ഉപയോഗപ്പെടുത്താം.

> - ശബ്ദ നിയന്ത്രണം, നാട്ടു ഭാഷയിലുള്ള ഉച്ചാരണം, ഭാവം, ആംഗ്യം, ശാരീരിക ചലനങ്ങൾ തുടങ്ങി കഥ പറച്ചിലിന്റെ എല്ലാ സവിശേഷതകളും ഉൾക്കൊണ്ടുവേണം പറയാൻ.
> - കഥയുടെ ഒഴുക്ക് മുറിയാതെ കുട്ടികൾക്കാകെ പങ്കെടുക്കാവുന്ന ചില സന്ദർഭങ്ങൾ ഈ കഥയിലുള്ളത് ശ്രദ്ധിക്കുക. ഉദാ:- തന്റെ പേരെന്താണെന്ന ഈച്ചയുടെ ചോദ്യത്തിന്റെ മറുപടിയിൽ കുട്ടികൾക്ക് പങ്കെടുക്കാൻ അവസരം നൽകണം. അതുപോലെ ഈച്ചയോട് ഓരോരുത്തരും പറയുന്ന മറുപടി 'ആവേ ഇയ്ക്കറിയില്ലാട്ടോ' എന്ന നാട്ടുപ്രയോഗത്തിലൂടെ പങ്കുചേരാൻ കുട്ടികൾക്കവസരമൊരുക്കണം.

> - നടപ്പുള്ള ഒരു പ്രാദേശിക ഭാഷാരീതിയിലാണ് ഇവിടെ ഈ കഥ കൊടുത്തിട്ടുള്ളതെന്ന് ശ്രദ്ധിക്കുമല്ലോ. എഴുതിക്കിട്ടിയപോലെത്തന്നെ ഈ കഥ പറയണമെന്നില്ല. തനതു നാട്ടുഭാഷാരീതിയിൽ കുട്ടികൾക്ക് രസം തോന്നുംമട്ട് കഥ അവതരിപ്പിക്കാവുന്നതാണ്. 'ഈച്ചയും പൂച്ചയും എന്ന കഥയ്ക്കു പകരം മറ്റേതൊരു കഥയും ടീച്ചർക്കു പറയാം. അത് കുട്ടികൾക്കുകൂടി പങ്കുചേരാൻ അവസരമുള്ള കഥയാവുമല്ലോ. (ഇത്തരം കഥകൾ കുട്ടികളിൽ ശ്രദ്ധിച്ചു കേൾക്കാനുള്ള ജാഗ്രത വളർത്താൻ ഉപകരിക്കും.)

- കഥയെപ്പറ്റി ചർച്ച
  (കഥപറയൽ രീതിയിലേക്ക് കുട്ടികളുടെ ശ്രദ്ധയാകർഷിക്കുന്ന വിധത്തിലാവണം).
- ഈ കഥ നിങ്ങൾക്കിഷ്ടപ്പെട്ടോ?
- ഇഷ്ടപ്പെടാൻ കാരണമെന്ത്?
- കഥ പറച്ചിലിൽ പങ്കെടുത്തത് ആരൊക്കെ?
- നാട്ടുകഥകളുടെ എന്തെല്ലാം പ്രത്യേകതകളാണ് നിങ്ങളിതിൽ കണ്ടെത്തിയത്?

ആശയങ്ങൾ ക്രോഡീകരിക്കണം.

- വർത്തമാനത്തിന്റെ രീതിയിലുള്ള പറച്ചിൽ.
- ഒഴുക്കോടെയുള്ള പറച്ചിൽ.
- താളാത്മകമായ അവതരണം.
- കഥയിലെ ഭാവന.
- പറയുന്ന ആൾക്കും കേൾക്കുന്ന ആൾക്കും കഥയിൽ പങ്കെടുക്കാൻ കിട്ടിയ അവസരം.

തുടർന്ന് പാഠഭാഗത്തേക്ക് പ്രവേശിക്കുന്നു.

- ആവർത്തനം

## ആനേം അണ്ണാറക്കണ്ണനും

**(സമയം 60 മിനിറ്റ്)**

മൗനമായി കുട്ടികളുടെ കഥവായന (വ്യക്തിഗതം)

- ഗ്രൂപ്പ് തിരിഞ്ഞ് കുട്ടികളുടെ ഭാവാത്മക വായന. (ആറുപേരുള്ള ഗ്രൂപ്പാണെങ്കിൽ ആറുപേരും ചേർന്ന് കഥ പൂർത്തിയാക്കുന്ന രീതിയിലാണ് വായിക്കേണ്ടത്). വായനയിൽ പ്രയാസം നേരിടുന്ന കുട്ടികൾ ഗ്രൂപ്പിലെ മറ്റു കുട്ടികളുടെ സഹായത്തോടെ വായിക്കുന്നു.
- ഗ്രൂപ്പിലെ ഒരാൾ എന്ന എന്ന നിലയിൽ എല്ലാഗ്രൂപ്പിലെയും ഓരോരുത്തർ ചേർന്ന് പാഠഭാഗം

മുഴുവനായി പൊതുവായന നടത്തുന്നു(എല്ലാവർക്കും നന്നായി വായിക്കാൻ അവസരം കിട്ടുന്ന വിധം വിവിധ വായനാതന്ത്രങ്ങൾ സ്വീകരിക്കുമല്ലോ).

➢ കഥ വായിക്കുമ്പോൾ പുലർത്തേണ്ട ഭാവാത്മകത ഉൾച്ചേർക്കാൻ ചിലപ്പോൾ കുട്ടികൾക്ക് വിഷമം നേരിടും.

- ഭാവാത്മകത കുട്ടികളുടെ ശ്രദ്ധയിൽപ്പെടുത്താൻ അങ്ങനെയല്ലാതെ പറഞ്ഞൊരു രചനയും ഭാവാത്മകമായി പറഞ്ഞതും തമ്മിൽ താരതമ്യം ചെയ്യേണ്ടിവരും.

ഈച്ചയും പൂച്ചയും എന്ന കഥയുടെ രണ്ടുതരം ആഖ്യാനവും താരതമ്യം ചെയ്യുന്നതിനായി ടീച്ചർ താഴെ കൊടുത്ത മാതൃക കൂടി വായിക്കുന്നു.

ഈച്ചയും പൂച്ചയും കഞ്ഞി വച്ചു . ഈച്ചയെ പ്ലാവില പെറുക്കാൻ വിട്ട് പൂച്ച കഞ്ഞി കുടിച്ചു. ഈച്ച തിരിച്ചു വന്നു കഞ്ഞിയെവിടെ എന്ന് ചോദിച്ചു അതിനു മറുപടി പറയാതെ പൂച്ച മറ്റൊരു ചോദ്യം ചോദിച്ചു. ഈച്ചേ നിന്റെ പേരെന്താ? സ്വന്തം പേരറിയാത്തതിനാൽ ഈച്ച ആദ്യം പോത്തിനോടും പിന്നെ പോത്തിനെ മേക്കുന്ന ചെക്കനോടും, വടിയോടും, ചോദിച്ചു. ഉത്തരം കിട്ടാഞ്ഞു വടി വെട്ടിയ കുറ്റിയോടും , കുറ്റിക്കടിയിലെ മണ്ണിനോടും മണ്ണിനുള്ളിലെ വെള്ളത്തോടും വെള്ളത്തിലെ തോണിയോടും അന്വേഷിച്ചു. ആർക്കും ഉത്തരമറിയില്ല. തോണിക്കാരന്റെ നിർദേശപ്രകാരം അവസാനം അവനെ പഠിപ്പിച്ച മാഷോട് ചോദിച്ചു. മാഷ് ഉത്തരം പറഞ്ഞു.നിന്റെ പേര് പൊന്നീച്ചയെന്നാണ് . മറുപടി കേട്ട് സന്തോഷം സഹിക്കവയ്യാതെ ഈച്ച ചത്തുപോയി. കഥയും കഴിഞ്ഞു.

തുടർന്ന് ചർച്ച.

- ആദ്യം പറഞ്ഞ രീതിയിലാണോ ഇപ്പോൾ പറഞ്ഞ രീതിയിലാണോ നിങ്ങൾ ഈ കഥ കേൾക്കാൻ ഇഷ്ടപ്പെടുന്നത് ? എന്തുകൊണ്ട് ?
- ആദ്യം പറഞ്ഞ രീതിയിൽ കേൾക്കുമ്പോൾ നിങ്ങളെ രസിപ്പിക്കുന്ന കാര്യങ്ങൾ എന്തൊക്കെയാണ്.?
- താളം
- വാക്കുകളുടെ/ വരികളുടെ ആവർത്തനം
- കേൾവിക്കാർക്കുള്ള പങ്കാളിത്തം
- ആംഗ്യങ്ങൾ, ശബ്ദത്തിലെ മാറ്റങ്ങൾ (ഉയർച്ച താഴ്ചകൾ)
- ചേർച്ചയുള്ള മുഖഭാവങ്ങൾ, ശരീരചലനങ്ങൾ എന്നിവ സ്വീകരിക്കൽ
- ടീച്ചറുടെ ഭാവാത്മക വായന

### രസിച്ചു വായിക്കാം (സമയം 30 മിനിറ്റ്)

- പാഠഭാഗത്തിലെ ഭാവാത്മകമായി വായിച്ചവതരിപ്പിക്കാൻ കഴിയുന്ന ചെറു ഭാഗങ്ങൾ ടീച്ചർ നറുക്കുകളിൽ എഴുതി മേശപ്പുറത്ത് വയ്ക്കുന്നു. കുട്ടികൾ ഓരോരുത്തരായി വന്ന് നറുക്കെടുത്ത് അതിലുള്ള ഭാഗം രസകരമായി വായിച്ചവതരിപ്പിക്കുന്നു.
- ഓരോ അവതരണശേഷവും മറ്റുകുട്ടികൾ അതിനെക്കുറിച്ച് അഭിപ്രായങ്ങൾ പറയുന്നു.

➢ വായനയിൽ പ്രയാസം നേരിടുന്ന കുട്ടികളെ സഹായിക്കാനായി ക്ലാസ്സിൽ കൂടുതൽ വായനാ സന്ദർഭങ്ങൾ ഒരുക്കേണ്ടതുണ്ട്. അതിനായി ചിത്രസാധ്യത ഉള്ള ഒരു കഥ നൽകാം.

### വരയും വായനയും (സമയം 30 മിനിറ്റ്)

- ക്ലാസ്സിനെ 5 കുട്ടികൾ വീതമുള്ള ഗ്രൂപ്പാക്കി തിരിക്കുന്നു അനുബന്ധം 1.6 അഞ്ച് ഭാഗങ്ങളാക്കി ഗ്രൂപ്പിലെ കുട്ടികൾക്ക് ഒരാൾക്ക് ഒരു ഭാഗം എന്ന രീതിയിൽ വിതരണം. കുട്ടികൾ അവർക്ക് ലഭിച്ച ഭാഗത്തിന്റെ ചിത്രീകരണം ഗൃഹപാഠമായി നടത്തട്ടെ. പിറ്റേന്ന് എല്ലാവർക്കും ലഭിച്ച ഭാഗങ്ങളെ ചേർത്ത് പൂർണ്ണമായ കഥയാക്കി ഓരോ ഗ്രൂപ്പും ചാർട്ടിൽ ഒട്ടിക്കുന്നു.

- ഗ്രൂപ്പിലെല്ലാവരും ചേർന്ന് പൂർത്തീകരിക്കുംവിധം ഭാവാത്മകമായി കഥ വായന. വൈകാരിക ഭാവം ഉൾപ്പെടുത്തി വായിക്കുന്നുവെന്നുറപ്പാക്കാനുള്ള ടീച്ചറുടെ ഇടപെടൽ ഉണ്ടാവുമല്ലോ.

**അവതരണ സാധ്യതകൾ (സമയം 30 മിനിറ്റ്)**

- ആനേം അണ്ണാറക്കണ്ണനും അല്ലെങ്കിൽ അതുപോലുള്ള മറ്റു നാടോടിക്കഥകൾ ഭാവാത്മകമായി വായിച്ചവതരിപ്പിക്കുന്നതിന് പ്രഭാതസർഗവേളയിൽ/ബാലസഭയിൽ കുട്ടികൾക്ക് മാറിമാറി അവസരം നൽകുന്നു.
- മികച്ച വായനയുടെ ഓഡിയോ നവമാധ്യമ ഗ്രൂപ്പുകളിലേക്ക്.

## കഥോത്സവം

**(ആകെ സമയം 120 മിനിറ്റ് + 30 മിനിറ്റ് പ്രഭാതസർഗവേള)**

### ആമുഖം

ഓരോ പ്രദേശത്തും വ്യത്യസ്തമായ നാട്ടുകഥകൾ ഉണ്ട്. അവയോരോന്നും പറയുന്ന പ്രത്യേക രീതിയുമുണ്ട്. ഇതുകൂടി ആസ്വദിക്കാൻ കഴിയുമ്പോഴേ കുട്ടിയുടെ കഥാനുഭവം പൂർത്തിയാവൂ. അതിനാലാണ് പ്രാദേശികമായി കഥ പറയുന്നവരെ വിളിച്ചു വരുത്തി കഥോത്സവം നടത്തുന്നത്.

### പഠനലക്ഷ്യങ്ങൾ

- നാട്ടുകഥകൾ കേട്ട് ആശയം ഗ്രഹിച്ച് ആസ്വദിക്കുക.
- നാട്ടുകഥകളിൽ അടങ്ങിയിട്ടുള്ള താളം, തിരിച്ചറിഞ്ഞ് രസിക്കുക.
- വായിച്ച്/കേട്ട് കഥകളെ റോൾപ്ലേ, പാവനാടകം എന്നീ രീതികളിൽ മാറ്റി അവതരിപ്പിക്കുന്നതിൽ ആനന്ദിക്കുക.

### നിർമ്മിക്കേണ്ട അറിവുകൾ

**ആശയം/ധാരണ**

- നാടോടിക്കഥകൾ പറയുന്നതിന് പ്രത്യേകമായ രീതികളുണ്ട്. (എല്ലാവരും ചേർന്ന് പറയുന്ന രീതി, പാട്ടുകൾ ആവർത്തിക്കുന്ന രീതി, ചൊല്ലുകൾ ആവർത്തിക്കുന്ന രീതി ...)
- നാടോടിക്കഥ പറച്ചിലിന് സവിശേഷമായ താളഘടനയുണ്ട്.
- ഓരോ നാടിനും അതിന്റേതായ നാടോടിക്കലാരൂപങ്ങളുണ്ട്.

**ശേഷി/നൈപുണി**

- കേട്ടതും കണ്ടെത്തിയതുമായ നാടോടിക്കഥകൾ അതിലെ സംഭാഷണങ്ങൾ, ചൊൽവടിവുകൾ എന്നിവയുടെ ഭാവം കൃത്യമായി പാലിച്ചുകൊണ്ട് പറഞ്ഞും വായിച്ചും അവതരിപ്പിക്കുന്നു.
- കേട്ടതോ കണ്ടെത്തിയതോ ആയ നാടോടിക്കഥകൾ റോൾപ്ലേയായി അവതരിപ്പിക്കുന്നു.
- നാടോടിക്കഥയിലെ കഥാപാത്രങ്ങളുടെ പാവകൾ തയ്യാറാക്കി പാവനാടകം അവതരിപ്പിക്കുന്നു.

**മൂല്യം/മനോഭാവം**

- നാട്ടുകഥകൾ പരിചിതമാവുന്നതിലൂടെ ഭാഷയുടെ സൗന്ദര്യാത്മകമായ പാരമ്പര്യത്തിൽ അഭിമാനിക്കുകയും അത്തരം വിഭവങ്ങൾ തുടർച്ചയായി ശ്രദ്ധിക്കുകയും ശേഖരിക്കുകയും ചെയ്യുന്ന ശീലം.
- നാടോടി സാഹിത്യം ആസ്വദിക്കാനും അവയെക്കുറിച്ച് മറ്റുള്ളവരോട് പറയാനുമുള്ള താത്പര്യം.

### പഠന സാമഗ്രികൾ

മൈക്ക്, സ്പീക്കർ മുതലായവ

### പ്രവർത്തനം /പ്രക്രിയ

**കഥോത്സവം (സമയം 120 മിനിറ്റ്)**

- നാട്ടുകഥകൾ പറയുന്ന മുതിർന്നവരെ പ്രാദേശികമായി കണ്ടെത്തി അവരെ ക്ലാസ്സിലേക്ക് ക്ഷണിച്ചു വരുത്തുന്നു. കുട്ടികൾക്ക് അദ്ദേഹത്തെ പരിചയപ്പെടുത്തുന്നു.
- ക്ഷണിതാവ് കഥയവതരിപ്പിക്കുന്നു. രണ്ടോ മൂന്നോ കഥകൾ വരെ ആവാം.
- ഓരോ കഥയുടെയും അവതരണത്തിനുശേഷം ഉള്ളടക്കത്തെപ്പറ്റിയും പറച്ചിൽ രീതിയെ പ്പറ്റിയും കുട്ടികളുമായി ചർച്ച.

മൂന്നാം ക്ലാസ്സിലെ കുട്ടികൾക്ക് അനുയോജ്യമായ കഥകൾ ആയിരിക്കണം അവതരിപ്പിക്കേണ്ടത്. കഥ പറയാൻ ആവശ്യമായ രംഗസജ്ജീകരണം ഒരുക്കേണ്ടതുണ്ട്. മുതിർന്നവർ വന്നു പറയുമ്പോൾ രണ്ടോ മൂന്നോ പേരുടെ കഥപറയൽ മതിയാകും. പറയുന്നതോടൊപ്പം അവ ഫോണിലോ മറ്റോ റെക്കോർഡ് ചെയ്തു വെക്കാൻ ശ്രദ്ധിക്കുമല്ലോ. ഇങ്ങനെ ചെയ്തുവച്ചാൽ അവ പിന്നീട് ഉപയോഗപ്പെടുത്താം.

കേട്ട കഥകൾ ആസ്വദിച്ചു എന്നതിന്റെ പ്രധാന തെളിവ് അവ കുട്ടികൾ ആവർത്തിച്ച് പറയുന്നു എന്നതാണ്. അതിനാൽ കുട്ടികൾക്ക് കഥ പറയാൻ ധാരാളം അവസരങ്ങൾ ഒരുക്കേണ്ടതുണ്ട്. കഥ രസിച്ചുൾക്കൊണ്ടാൽ അതാവിഷ്കരിക്കാനുള്ള ആഗ്രഹം കുട്ടികൾക്കുണ്ടാവും. ഇങ്ങനെ ആവിഷ്ക്കരിക്കുമ്പോഴാണ് ആസ്വദിച്ച് വായിച്ചു /കേട്ടു എന്നു ടീച്ചർക്ക് വിലയിരുത്താൻ കഴിയുക.

**അവതരണ സാധ്യതകൾ (സമയം 30 മിനിറ്റ്)**

- പ്രഭാതസർഗവേളയിൽ, സ്ക്കൂൾഅസംബ്ലിയിൽ, ബാലസഭയിൽ കഥപറയാനുള്ള അവസരങ്ങൾ.
- കുട്ടികൾ പറയുന്ന കഥകൾ ഓഡിയോ/വീഡിയോ റെക്കോഡ് ചെയ്ത് ക്ലാസ്, സ്ക്കൂൾ നവമാധ്യമ ഗ്രൂപ്പിൽ പങ്കിടൽ.

## വലുതായി വലുതായി

**(സമയം 335 മിനിറ്റ്+ 240 മിനിറ്റ്)**

### പഠനലക്ഷ്യങ്ങൾ

- പുതിയപദങ്ങൾ, പ്രയോഗങ്ങൾ എന്നിവയുടെ അർഥവും ആശയവും സന്ദർഭങ്ങളിൽനിന്നു കണ്ടെത്തുക. പുതിയ സന്ദർഭങ്ങളിൽ ഉചിതമായി പ്രയോഗിച്ചു രസിക്കുക.
- കഥ വായിച്ചുകേട്ടും സ്വയംവായിച്ചും ആശയം ഗ്രഹിച്ച് ആസ്വദിക്കുക. ആസ്വദിച്ച കാര്യങ്ങൾ റോൾപ്ലേയാക്കി രസകരമായി അവതരിപ്പിക്കുക.

## നിർമ്മിക്കേണ്ട അറിവുകൾ

**ആശയം/ധാരണ**

- നാടോടിക്കഥ പറച്ചിലിന് സവിശേഷമായ താളഘടനയുണ്ട്.

**ശേഷി/നൈപുണി**

- കേട്ടതും കണ്ടെത്തിയതുമായ നാടോടിക്കഥകൾ അതിലെ സംഭാഷണങ്ങൾ, ചൊൽവടിവുകൾ എന്നിവയുടെ ഭാവം കൃത്യമായി പാലിച്ചുകൊണ്ട് പറഞ്ഞും വായിച്ചും അവതരിപ്പിക്കുന്നു.

**മൂല്യം/മനോഭാവം**

- അകേൾക്കുന്നവരിൽ ഇമ്പം വളർത്തുന്ന വിധത്തിൽ കവിതയും ഗദ്യഭാഗങ്ങളും സൂക്ഷ്മതയോടെയും ജാഗ്രതയോടെയും അവതരിപ്പിക്കുന്ന ശീലം.

## പഠന സാമഗ്രികൾ

- വർക്ക് ഷീറ്റ്, ചാർട്ട്, മാർക്കർ
- പാവ നിർമാണത്തിനുള്ള സാമഗ്രികൾ
- ക്ലാസ് ലൈബ്രറിയിൽ റോൾപ്ലേ സാധ്യതയുള്ള കഥാപുസ്തകങ്ങൾ

## പ്രവർത്തനം /പ്രക്രിയ

**വലുതായി വലുതായി (സമയം 30 മിനിറ്റ്)**

- പാഠഭാഗത്തിലെ "ആനയുടെ പ്ലാവ് വലുതായി വലുതായി വന്നു" "ആനയ്ക്ക് ഒരുപാടൊരുപാട് ദേഷ്യം വന്നു." എന്നീ വാക്യങ്ങൾ ടീച്ചർ വായിക്കുന്നു. ഈ വാക്യങ്ങളിലെ പ്രത്യേകത കുട്ടികൾ കണ്ടെത്തുന്നു.
- ഇവിടെ ഒരുവാക്ക് ആവർത്തിക്കുന്നതുകൊണ്ട് എന്തു കാര്യമാണുള്ളത്?
- 'വലുതായി വന്നു' എന്നതിനുപകരം 'വലുതായി വലുതായി വന്നു' എന്നു പറയുമ്പോൾ ഉണ്ടാകുന്ന വ്യത്യാസം കുട്ടികൾക്ക് വിശദീകരിക്കാനവസരം നൽകുന്നു.
- ഇത്തരത്തിൽ വാക്ക് ആവർത്തിച്ചുവരുന്ന പ്രയോഗങ്ങൾ കുട്ടികൾ സ്വയം കണ്ടെത്തിയെഴുതട്ടെ. കണ്ടെത്തിയ വാക്കുകൾ പൊതുവായി എഴുതി പ്രദർശിപ്പിക്കാം. ഉദാഹരണം
    - നടന്നുനടന്ന്
    - ചിരിച്ചുചിരിച്ച്
    - പൊട്ടിപ്പൊട്ടി
    - 
    - 
- ടീച്ചറുടെ ക്രോഡീകരണം (ബോർഡിൽ)
- ക്രോഡീകരിച്ച വാക്കുകൾ കുട്ടികളുടെ നോട്ടുബുക്കിലേക്ക്
- ഇത്തരം പദക്കൂട്ടുകൾ സ്വാഭാവികമായി പ്രയോഗിക്കുന്ന ചില സന്ദർഭങ്ങൾ കുട്ടികൾ കണ്ടെത്തിപ്പറയട്ടെ.

ഉദാഹരണമായി

- ടീച്ചർ പറഞ്ഞ കഥകേട്ട് ഞങ്ങൾ പൊട്ടിപ്പൊട്ടിച്ചിരിച്ചു.
- പന്തിനു പിന്നാലെ ഞാൻ ഓടിയോടിത്തളർന്നു.
- 
- 

- ടീച്ചറുടെ ക്രോഡീകരണം (ബോർഡിൽ)
- ക്രോഡീകരിച്ച വാക്കുകൾ കുട്ടികളുടെ നോട്ടുബുക്കിലേക്ക്.

**പറഞ്ഞു പറഞ്ഞ് (സമയം 30 മിനിറ്റ്)**

> ➢ ആവർത്തന വാക്കുകൾ ചേർത്തുള്ള അർഥപൂർണ്ണ വാക്യങ്ങൾ പറയാൻ ചില കുട്ടികൾക്ക് പ്രയാസം നേരിട്ടേക്കാം.
>
> ➢ അവർക്ക് കൂടി ഉപകാരപ്പെടുന്ന ഒരു ഭാഷാകേളി ക്ലാസിൽ കളിക്കാം.

- കുട്ടികളെ മൂന്നുപേരടങ്ങുന്ന ഗ്രൂപ്പുകളായി തിരിക്കുന്നു. മൂന്നുപേരും ചേർന്ന് പദങ്ങൾ ആവർത്തിച്ച് വരുന്ന വാക്യങ്ങൾ രൂപീകരിക്കുന്നു.
- അതായത് ഒന്നാമത്തെ കുട്ടി 'ഞാൻ ചിരിച്ചു' എന്ന് പറയുമ്പോൾ ഗ്രൂപ്പിലെ രണ്ടാമത്തെ കുട്ടി 'ഞാൻ ചിരിച്ചു ചിരിച്ചു' എന്നും മൂന്നാമത്തെയാൾ 'ഞാൻ ചിരിച്ചിരിച്ചു മണ്ണുകപ്പി' എന്നും പറയുന്നു.
- ഇങ്ങനെ എല്ലാ ഗ്രൂപ്പും പറഞ്ഞവതരിപ്പിക്കുന്നു.
- ആവശ്യമുള്ള സഹായം ടീച്ചർ അതത് സമയത്ത് നൽകുന്നു.
- തയ്യാറാക്കുന്ന വാക്യങ്ങൾ നോട്ടുപുസ്തകത്തിൽ രേഖപ്പെടുത്തട്ടെ.

തുടർന്ന് ടീച്ചർ അനുബന്ധം 1.7 (എലിയും പൂച്ചയും) എല്ലാ കുട്ടികൾക്കും വിതരണം ചെയ്യുന്നു. രചനയിലെ വിട്ട ഭാഗം താഴെക്കൊടുത്ത വാക്കുകൾ ചേർത്ത് പൂരിപ്പിക്കട്ടെ (ഗൃഹപാഠം).

**അവതരണ സാധ്യത**

- പൂരിപ്പിച്ച 'എലിയും പൂച്ചയും' - ഭാവാത്മകമായി വായിച്ചവതരിപ്പിക്കുക. (പ്രഭാത സർഗവേള)

**റോൾപ്ലേ - കഥയിലെ സംഭവങ്ങൾ (സമയം 60 മിനിറ്റ്)**

> - വായിച്ചും കേട്ടും മനസ്സിലാക്കുവാൻ പറ്റിയ രൂപത്തിലുള്ളവയാണ് കഥകൾ. എന്നാൽ റോൾപ്ലേ അവതരിപ്പിച്ചു കാണാവുന്ന തരത്തിലാണ്. അതിനാൽ റോൾപ്ലേയിൽ കാഴ്ചക്കാണ് പ്രാധാന്യം. അതായത് കഥയെ കാഴ്ചയുടെ ഭാഷയിലേക്കു മാറ്റണം.
> - ഏറ്റവും കുറഞ്ഞ രംഗസജ്ജീകരണങ്ങൾ, വേഷവിധാനങ്ങൾ എന്നിവയിലൂടെ കഥയുടെ ആവിഷ്ക്കാരം സാധ്യമാക്കണം. അതിനുതകുന്ന സംഭാഷണം, ശാരീരിക ചലനങ്ങൾ, ആംഗ്യങ്ങൾ, ഭാവഹാവങ്ങൾ എന്നിവ ഉണ്ടാവുമ്പോഴാണ് കഥയെ ദൃശ്യഭാഷയിലേക്ക് മാറ്റാൻ സാധിക്കുന്നത്.
> - ഒരു കഥ മുഴുവനായി റോൾപ്ലേ രൂപത്തിൽ അവതരിപ്പിക്കാൻ തുടക്കത്തിൽ കുട്ടികൾക്ക് കഴിയണമെന്നില്ല. അതിനാൽ ചെറിയ ചെറിയ അഭിനയ മുഹൂർത്തങ്ങൾ കുട്ടികൾക്കു നൽകി അവതരണാവസരങ്ങൾ ഒരുക്കുകയാണ് വേണ്ടത്.

'ആനേം അണ്ണാറക്കണ്ണനും' എന്ന കഥയിലെ ചെറിയ ചെറിയ സംഭവങ്ങൾ ഗ്രൂപ്പിൽ എഴുതി നൽകുന്നു.

ഉദാഹരണം: ആനേം അണ്ണാറക്കണ്ണനും പ്ലാവിൻതൈ നട്ടു.

- വേണമെങ്കിൽ പുതിയ കഥാപാത്രങ്ങളെക്കൂടി ചേർത്ത് കുട്ടികൾ സംഭവം അവതരിപ്പിക്കട്ടെ.
- ഇതിനായി ടീച്ചറുടെ നേതൃത്വത്തിൽ ചർച്ച.
  - കഥ നടക്കുന്നതെവിടെയാണ്?
  - കഥനടക്കുന്ന സ്ഥലം കാടാണ് എങ്കിൽ അത് സൂചിപ്പിക്കാൻ എന്തുചെയ്യാം?
  - ആനയ്ക്കും അണ്ണാറക്കണ്ണനും പുറമെ ആരെല്ലാം അവിടെ ഉണ്ടാവാം?
  - അവരെയെല്ലാം കാഴ്ചക്കാർക്കു തിരിച്ചറിയാൻ പാകത്തിൽ എങ്ങനെ വേഷം ഒരുക്കണം?

- ഓരോ കഥാപാത്രത്തിന്റെയും ചലനം എങ്ങനെയാവും?
- കഥാപാത്രങ്ങൾ തമ്മിൽ എന്തെല്ലാം സംസാരിക്കും?
- ആരെല്ലാം ഏതെല്ലാം കഥാപാത്രങ്ങളെ അവതരിപ്പിക്കും?
-

- വിവിധ ഗ്രൂപ്പുകൾ ഇത്തരത്തിലുള്ള വിവിധ സന്ദർഭങ്ങൾ റോൾപ്ലേയാക്കി അവതരിപ്പിക്കട്ടെ.

**കഥയെ റോൾപ്ലേയാക്കി അവതരണം (സമയം 60 മിനിറ്റ്+അവതരണം 60മിനിറ്റ് - കലാവിദ്യാഭ്യാസ പിരിയഡ്)**

- സംഘപ്രവർത്തനമായിട്ടാണ് റോൾപ്ലേ നടക്കേണ്ടത്.
- ക്ലാസ് ലൈബ്രറിയിൽ നിന്ന് ഓരോ ഗ്രൂപ്പും ഒരു കഥ തെരഞ്ഞെടുക്കണം.
- കഥ മുഴുവനായോ  അല്ലെങ്കിൽ ഇഷ്ടപ്പെട്ട ഭാഗങ്ങളോ കുട്ടികൾക്ക് തെരഞ്ഞെടുക്കാം. ഒരേ കഥ തന്നെ പല ഗ്രൂപ്പുകളും തെരഞ്ഞെടുത്താലും കുഴപ്പമില്ല.
- ആരൊക്കെ ഏതൊക്കെ കഥാപാത്രങ്ങളുടെ ഭാഗം അവതരിപ്പിക്കും എന്ന് ഓരോ ഗ്രൂപ്പും നിശ്ചയിക്കണം.
- അവതരണക്രമം നിശ്ചയിക്കണം (ആദ്യം ഏതു കഥാപാത്രം പിന്നെ ഏത് എന്നിങ്ങനെ)
- ഓരോ കഥാപാത്രത്തിന്റെയും സംഭാഷണം കൃത്യപ്പെടുത്തണം. (വാചികം)
- വേഷവിധാനത്തിൽ കഥാപാത്രത്തെ സൂചിപ്പിക്കുന്ന ലളിതമായ സൂചനകൾ ഉൾച്ചേർക്കാവുന്നതാണ്.
- മികച്ച റോൾപ്ലേ ബാലസഭയിൽ അവതരിപ്പിക്കണം. എങ്ങനെ മികച്ചത് കണ്ടെത്താം? എങ്കിൽ മികച്ച റോൾപ്ലേയ്ക്ക് ഉണ്ടാവേണ്ട ഗുണങ്ങൾ എന്തെല്ലാം?
- ചർച്ചയിലൂടെ റോൾപ്ലേ വിലയിരുത്താനാവശ്യമായ സൂചകങ്ങൾ രൂപീകരിക്കുന്നു.
- സംഭാഷണം അവതരിപ്പിക്കുമ്പോൾ എന്തെല്ലാം ശ്രദ്ധിക്കണം? (വികാരാംശം പ്രതിഫലിക്കുന്ന ഭാവഹാവങ്ങളോടെയും, ശബ്ദവ്യതിയാനത്തോടെയും അവതരിപ്പിക്കണം.)
- വേഷത്തിന്റെ കാര്യത്തിലോ?
-

### റോൾപ്ലേ സൂചകങ്ങൾ

- സംഭവത്തിന്റെ അഥവാ സന്ദർഭത്തിന്റെ തുടക്കം വളർച്ച ഒടുക്കം എന്നിവ വ്യക്തമാവുന്നുണ്ട്.
- ആശയം വ്യക്തമായി കൈമാററം ചെയ്യാൻ സഹായകമായ സംഭാഷണമാണ്.
- വർത്തമാനരീതിക്കിണങ്ങുന്ന തരത്തിലാണ് സംഭാഷണങ്ങൾ (എഴുത്തു ഭാഷാരീതിയിലല്ല, പറച്ചിൽ ഭാഷാരീതിയിലാണ് സംഭാഷണങ്ങൾ)
- ശബ്ദ നിയന്ത്രണത്തോടെ പറയുന്നുണ്ട്.
- ഉച്ചാരണത്തിലെ ഊന്നലുകൾ ഭാവഹാവങ്ങൾ എന്നിവ പാലിക്കുന്നുണ്ട്.
- കഥാപാത്രത്തിനു ചേരുന്ന ലളിതമായ വേഷവിധാനങ്ങൾ സ്വീകരിച്ചിട്ടുണ്ട്.
- രംഗോപകരണങ്ങൾ ഉപയോഗിച്ചിട്ടുണ്ട്.
-

അവതരണത്തിന് കലാവിദ്യാഭ്യാസ പിരിയഡ് ഉപയോഗപ്പെടുത്താം. ഓരോ അവതരണത്തെയും കുട്ടികൾ ഈ സൂചകങ്ങൾ വച്ച് വിലയിരുത്തട്ടെ.

റോൾപ്ലേ അവതരണ സന്ദർഭത്തിൽ നേരിടാവുന്ന പ്രയാസങ്ങൾ എന്തെല്ലാമാവാം?

- സന്ദർഭത്തിനനുസരിച്ച് ആവശ്യമായ ശബ്ദവ്യതിയാനത്തോടെ സംഭാഷണം നടത്താൻ പ്രയാസം നേരിടുന്നവർ
- ഒഴുക്കോടെ സംഭാഷണം പറയാൻ വിഷമിക്കുന്നവർ
- അനുയോജ്യമായ അംഗവിക്ഷേപങ്ങളോടെ സംഭാഷണം അവതരിപ്പിക്കാൻ ബുദ്ധിമുട്ടുന്നവർ.

ഇത്തരം കുട്ടികൾക്ക് കൂടുതൽ അവസരം നൽകേണ്ടതുണ്ട്.

**പറയാം അഭിനയിക്കാം (സമയം 20 മിനിറ്റ്)**

- ഒരേ സംഭാഷണം വിവിധ സന്ദർഭങ്ങളിൽ പറയേണ്ട രീതികൾ പരിചയപ്പെടുത്താനായി ടീച്ചർ താഴെ പറയുന്ന വാക്യം ബോർഡിൽ എഴുതുന്നു.

"മഴ പെയ്യാൻ സാധ്യത ഉണ്ട് "

ഈ വാക്യം താഴെ സൂചിപ്പിച്ച ഓരോരുത്തരും എങ്ങനെ പറയുമെന്ന്, ടീച്ചർ നിർദ്ദേശിക്കുന്ന കുട്ടികൾ പറഞ്ഞഭിനയിച്ചു കാണിക്കുന്നു.

- സ്കൂളിലേക്ക് പോകാനിറങ്ങുന്ന കുട്ടി
- മഴ കാത്ത് നിൽക്കുന്ന കർഷകൻ
- കല്യാണ വീട്ടിലുള്ളവർ
- തുണി ഉണക്കാനിടുന്ന അച്ഛൻ
- ........

**അവതരണ സാധ്യത**

അവതരിപ്പിക്കുന്ന റോൾപ്ലേ വീഡിയോ റെക്കോർഡ് ചെയ്ത് ക്ലാസ്/ സ്കൂൾതല നവമാധ്യമഗ്രൂപ്പിൽ പങ്കിടൽ.

## പാവനാടകം

**(സമയം: പ്രവൃത്തിപരിചയത്തിന്റെ 60മിനിറ്റ്, അവതരണം 60മിനിറ്റ്)**

പ്രവൃത്തിപരിചയ പ്രവർത്തനവുമായി ഉദ്ഗ്രഥിച്ച് നടത്തേണ്ടതാണിത്. പ്രവൃത്തി പരിചയ ക്ലാസിൽ പാവനിർമാണം നടക്കണം. വിവിധ തരം പാവകളിൽ കുട്ടികൾക്ക് എളുപ്പം തയ്യാറാക്കാൻ കഴിയുന്നവയാണ് ആദ്യം പരിചയപ്പെടുത്തേണ്ടത്. വിരൽപ്പാവകൾ, ഈർക്കിൽ പാവകൾ, പ്ലാസ്റ്റിക് ബോട്ടിൽ പാവകൾ, കയ്യുറപ്പാവകൾ, സ്പോഞ്ച് പാവകൾ എന്നിങ്ങനെ വിവിധ സാധ്യതകൾ ഔചിത്യപൂർവം തെരഞ്ഞെടുക്കാം.

- പാവനാടകത്തിനു പറ്റിയ കഥാപാത്രങ്ങളുള്ള കഥകൾ ഓരോ ഗ്രൂപ്പിനും നൽകുന്നു.
- കഥാവതരണത്തിനുള്ള സംഭാഷണം കുട്ടികൾ സ്വയം തയ്യാറാക്കട്ടെ (വ്യക്തിഗതം).
- ആവശ്യമായ പാവകളുടെ നിർമാണം (പ്രവൃത്തിപരിചയ പിരിയഡിൽ).
- ആവശ്യമായ തയ്യാറെടുപ്പുകൾ നടത്തി അടുത്ത ഭാഷാ പിരിയഡിൽ എല്ലാ ഗ്രൂപ്പും പാവനാടകം അവതരിപ്പിക്കുന്നു. ഓരോ ഗ്രൂപ്പിന്റെയും അവതരണസമയത്ത് മറ്റു ഗ്രൂപ്പുകൾ അവതരണത്തിനു ശേഷം ചർച്ച നടത്തി വിലയിരുത്തുന്നു.
- ഇതിനു സഹായകമായ ചില വിലയിരുത്തൽ സൂചനകൾ ടീച്ചർ ഉന്നയിച്ച് ചർച്ച.
  - കഥാപാത്രത്തിനിണങ്ങുന്ന തരത്തിലുള്ള പാവകൾ നിർമ്മിച്ചിട്ടുണ്ടോ?
  - ആരുടെ അവതരണത്തിലാണ് കഥ കൃത്യമായി മനസ്സിലാക്കാനായത്? (മുൻ പിൻ ക്രമം, ഒഴുക്ക്)
  - കഥാപാത്രത്തിനനുയോജ്യമായ ശബ്ദത്തിൽ, ഭാവത്തിൽ സംഭാഷണം നടത്തിയത് ആരാണ്?

**അവതരണ സാധ്യത**

- അവതരിപ്പിച്ച പാവനാടകം നവമാധ്യമഗ്രൂപ്പിൽ പങ്കിടൽ.
- ബാലസഭയിലും പ്രഭാതസർഗവേളയിലും പാവനാടകം അവതരിപ്പിക്കൽ.

# കടങ്കഥയിലേക്ക്

**(സമയം 450 മിനിറ്റ്)**

## പഠനലക്ഷ്യങ്ങൾ

- പുതിയപദങ്ങൾ, പ്രയോഗങ്ങൾ എന്നിവയുടെ അർഥവും ആശയവും സന്ദർഭങ്ങളിൽ നിന്നും നിഘണ്ടു നോക്കിയും കണ്ടെത്തുക. പുതിയ സന്ദർഭങ്ങളിൽ ഉചിതമായി പ്രയോഗിച്ചു രസിക്കുക.
- കവിത ചൊല്ലിക്കേട്ടും സ്വയം താളംപിടിച്ചുചൊല്ലിയും ആശയം ഗ്രഹിച്ച് ആസ്വദിക്കുന്നതിൽ ആനന്ദം കണ്ടെത്തുക.
- കവിത, കഥ വായിച്ചുകേട്ടും സ്വയംവായിച്ചും ആശയം ഗ്രഹിച്ച് ആസ്വദിക്കുക.
- കടങ്കഥകൾ ഭാഷയ്ക്ക് നൽകുന്ന സൗന്ദര്യവും ശക്തിയും തിരിച്ചറിയുക. അവയെ ഉചിതമായും രസകരമായും പ്രയോഗിക്കുക. രസകരമായ പുതിയ കടങ്കഥകൾ നിർമ്മിച്ചു പങ്കിടുന്നതിൽ സന്തോഷം കണ്ടെത്തുക.
- ചർച്ചകളിൽ പങ്കെടുത്ത് അധ്യാപകരുടെ സഹായത്തോടെ വിലയിരുത്തൽ സൂചകങ്ങൾ വികസിപ്പിക്കുക. ഇതിന്റെ അടിസ്ഥാനത്തിൽ സ്വന്തം രചനകളും മറ്റുള്ളവരുടെ രചനകളും വിലയിരുത്തി മെച്ചപ്പെടുത്തുന്നതിൽ ആനന്ദിക്കുക.

### നിർമ്മിക്കേണ്ട അറിവുകൾ

**ആശയം/ധാരണ**

- കവിതകളിൽനിന്ന് സങ്കൽപ്പചിത്രങ്ങൾ രൂപപ്പെടുത്താൻ കഴിയും.
- കവിതയ്ക്ക് ഒരുകാര്യം പറഞ്ഞു മറ്റൊരുകാര്യം സൂചിപ്പിക്കാൻ കഴിവുണ്ട്
- അനുയോജ്യമായ പദങ്ങളും പ്രയോഗങ്ങളും ഉപയോഗിക്കുമ്പോൾ വികാരങ്ങളെ ഏറ്റവും സാന്ദ്രമായ ഭാഷയിൽ ആവിഷ്കരിക്കാൻ കഴിയും.
- കടങ്കഥകൾ കുറുക്കിപ്പറഞ്ഞ കവിതകളാണ്.
- ഉത്തരം ഒളിപ്പിച്ച് വയ്ക്കുന്ന രീതിയാണ് കടങ്കഥയിൽ പ്രയോഗിക്കുന്നത്.
- ആലോചിച്ചാൽ ഉത്തരത്തിലെത്താനുള്ള സൂചനകൾ കടങ്കഥയിലുണ്ടാകും
- കടങ്കഥക്ക് നല്ല താളമുണ്ടാകും
- അക്ഷരങ്ങൾ ആവർത്തിച്ചു വരുമ്പോൾ കടങ്കഥ കേൾക്കാൻ രസമുണ്ടാകും
- കവിതയെ വിമർശനാത്മകമായി സമീപിക്കുമ്പോൾ ആഴത്തിൽ ആസ്വദിക്കാൻ കഴിയുന്നു.
- ആസ്വാദനം സാധ്യമാകാൻ രചനയോട് ഉചിതമായ ചോദ്യങ്ങൾ ഉന്നയിക്കേണ്ടതുണ്ട്.
- നിഘണ്ടുവിൽ വാക്കുകൾ ക്രമീകരിച്ചിരിക്കുന്നത് അകാരാദി ക്രമത്തിലാണ്.

**ശേഷി/നൈപുണി**

- ഈണം, താളം, ഘടനാപരമായ സവിശേഷതകൾ തുടങ്ങിയവയുള്ള കവിതകൾ കേട്ടും വായിച്ചും ആസ്വദിക്കുന്നു.
- കവിതകൾ ഈണത്തിലും താളത്തിലും ഭാവത്തിലും ഊന്നേണ്ടിടത്ത് ഊന്നിയും ഉച്ചാരണസ്പുടതയോടെ ചൊല്ലി അവതരിപ്പിക്കുന്നു.

- കവിതയിലെ കാവ്യഭംഗിയും പ്രയോഗ ഭംഗിയും തിരിച്ചറിയുന്നു.
- കവിതയെ വിമർശനാത്മകമായി സമീപിക്കുന്നതിന് ആവശ്യമായ ചോദ്യങ്ങൾ ചോദിക്കുന്നു.
- വാമൊഴിവഴക്കങ്ങൾ കണ്ടെത്തുന്നു. സ്വന്തം രചനയിൽ പ്രയോഗിക്കുന്നു.
- അകാരാദിക്രമത്തിൽ വാക്കുകൾ ക്രമപ്പെടുത്തി എഴുതുന്നു.

**മൂല്യം/മനോഭാവം**

- അനുഭവങ്ങളിൽനിന്നും ആർജിച്ചെടുത്ത താളബോധം പുതിയ കവിതകളിലും പാട്ടുകളിലും പ്രയോഗിച്ച് നോക്കുന്ന ശീലം.
- പഴഞ്ചൊല്ലുകളും നാട്ടുമൊഴിവഴക്കങ്ങളും സ്വന്തം ഭാഷാപ്രയോഗങ്ങളിൽ ഉചിതമായി ഉൾപ്പെടുത്താനും ഭാഷയുടെ ചന്തവും കരുത്തും തുടർച്ചയായി വളർത്താനുമുള്ള ശീലം.
- നാടൻപാട്ടുകളും നാട്ടുകഥകളും പരിചിതമാവുന്നതിലൂടെ ഭാഷയുടെ സൗന്ദര്യാത്മകമായ പാരമ്പര്യത്തിൽ അഭിമാനിക്കുകയും അത്തരം വിഭവങ്ങൾ തുടർച്ചയായി ശ്രദ്ധിക്കുകയും ശേഖരിക്കുകയും ചെയ്യുന്നശീലം.
- ശേഖരിച്ചതും നിർമ്മിച്ചതുമായ കടങ്കഥകൾ ഉപയോഗിച്ച് കടങ്കഥാപയറ്റുകളിൽ ഏർപ്പെടുന്ന ശീലം.
- കേൾക്കുന്നവരിൽ ഇമ്പം വളർത്തുന്ന വിധത്തിൽ കവിതയും ഗദ്യഭാഗങ്ങളും സൂക്ഷ്മതയോടെയും ജാഗ്രതയോടെയും അവതരിപ്പിക്കുന്ന ശീലം.
- സൂചകങ്ങൾ വികസിപ്പിക്കുകയും രചനകളെ തിരുത്തി മെച്ചപ്പെടുത്തുകയും ചെയ്യുന്നതിലൂടെ വിശകലനത്തിലൂന്നി വിമർശനപരമായി കാര്യങ്ങളെ സമീപിക്കുന്നു

## പഠന സാമഗ്രികൾ

- ലഘുനിഘണ്ടു
- അക്ഷരമാലയും അകാരാദിക്രമവും എഴുതിയ ചാർട്ട്
- പകരംപദം ചേർത്തെഴുതിയ വിവരണം-ചാർട്ട്
- താളത്തിന്റെ അടിവരുന്ന അക്ഷരങ്ങൾക്ക് അടിവരയിട്ട് കടങ്കഥയെഴുതിയ ചാർട്ട്
- ടീച്ചറുടെ കടങ്കഥാശേഖരം
- കടങ്കഥകൾ എഴുതിയ സ്ലിപ്പുകൾ (കുട്ടികളുടെ എണ്ണത്തിനനുസരിച്ച്)

## പ്രവർത്തനം /പ്രക്രിയ

### ആമുഖം

ഉത്തരം ഒളിപ്പിച്ചുവച്ച കടങ്കഥ വിശകലനംചെയ്ത് ഉത്തരം കണ്ടെത്താനുള്ള വഴി കുട്ടി സ്വായത്തമാക്കണം. ഇതിന് ടീച്ചറുടെ തുടർച്ചയായ കൈത്താങ്ങ് ആവശ്യമാണ്. അതിനുള്ള ചില സന്ദർഭങ്ങളാണ് ചുവടെ ചേർക്കുന്നത്.

**നിങ്ങൾക്കുത്തരം കിട്ടിയോ? (സമയം 60 മിനിറ്റ്)**

- ഇ.എൻ ഷീജയുടെ 'വികൃതി ' എന്ന രചന, ഓരോ ചെറിയ ഭാഗങ്ങളായി ക്ലാസിൽ എഴുതി അവതരിപ്പിക്കുന്നു.
- ഓരോ ഭാഗം കഴിയുമ്പോഴും കുട്ടികൾക്ക് ഉത്തരം ഊഹിച്ചെഴുതാം (വ്യക്തിഗതം). തുടർന്നുള്ള വരികൾ കേൾക്കുമ്പോൾ നേരത്തെ എഴുതിയ ഉത്തരം ശരിയല്ല എന്നു തോന്നുന്നെങ്കിൽ മാറ്റിയെഴുതുകയുമാവാം.

## വികൃതി

ഇ എൻ ഷീജ

വല്ലാത്തൊരു വികൃതിക്കുട്ടിതന്നെ
പുലരുമ്പൊഴേ മുറ്റത്ത്
വികൃതികാട്ടാനെത്തും.

- ആരാണാ വികൃതി? ഉത്തരം കിട്ടിയവർക്കെഴുതാം. എഴുതിയാൽ മാത്രം മതി, പറയരുത്. തുടർന്ന് ടീച്ചർ അടുത്ത വരി എഴുതുന്നു.

എന്തോരം വിരലുകളാ..

- ഉത്തരം കിട്ടിയോ? കിട്ടിയവർക്ക് എഴുതാം. ആദ്യം കിട്ടിയ ഉത്തരം ശരിയല്ല എന്നു തോന്നുന്നെങ്കിൽ മാറ്റി എഴുതാം. തുടർന്ന് അടുത്ത വരി എഴുതിക്കാണിക്കുന്നു.

നീണ്ട നഖമുണ്ടെന്നുവച്ച്
ഇങ്ങനെ മാന്താൻ പാടുണ്ടോ?

- ഇനിയും ഉത്തരം കിട്ടിയില്ലേ? ഇല്ലെങ്കിൽ അവസാനത്തെ സൂചന കൂടി എഴുതാം.

പാവം മണ്ണു കരയുന്നതുകേട്ടാണ്
എന്നും കുട്ടി ഉണരുന്നത്.

- കുട്ടികൾ അവർക്കു കിട്ടിയ ഉത്തരം പറയട്ടെ.
  - ആദ്യവരികൾ വായിച്ചപ്പോൾത്തന്നെ ഉത്തരം കണ്ടെത്തിയവർ ആരെല്ലാമാണ്? രണ്ടാമത്തെ വരിയിലോ?
  - ഓരോ സന്ദർഭത്തിലും കവിതയിലെ ഏതു സൂചനയാണ് ഉത്തരം കണ്ടെത്താൻ സഹായിച്ചത്?
  - ചൂല് എന്ന ഉത്തരവും ചർച്ചക്ക് വിധേയമാക്കാം.
  - മറ്റ് ഉത്തരങ്ങളുടെ യുക്തിയും പരിശോധിക്കാം.
- മറ്റു ചില ഉദാഹരണങ്ങളും ടീച്ചർക്ക് സ്വന്തമായി കണ്ടെത്തിക്കൊടുക്കാം.

## ഉറങ്ങാത്ത ഉണ്ണി

രാത്രി ഉറങ്ങാത്തൊരുണ്ണി
പൂനിലാപോലുള്ളൊരുണ്ണി

- ആർക്കെല്ലാം ഉത്തരം കിട്ടി. ഉത്തരം കിട്ടാത്തവർക്ക് അടുത്ത ക്ലൂ ഇതാ.

അത്തറു പൂശിയോരുണ്ണി
നന്നേ വെളുത്തിട്ടാണുണ്ണി

ഇപ്പോൾ ഉത്തരം കിട്ടിയോ. വേണമെങ്കിൽ ആദ്യമെഴുതിയ ഉത്തരം തിരുത്തിയെഴുതുകയുമാവാം.

അമ്മിണി കാലത്തെണീറ്റാൽ
മാലയായ് ചൂടുന്നു നിന്നെ.

- മുല്ല എന്ന ഉത്തരവും ചർച്ചയ്ക്ക് വിഷയമാക്കാം. മറ്റുത്തരങ്ങളുടെ യുക്തിയും പരിശോധിക്കാം.
  - ➢ മറച്ചുവച്ച അർഥം കടങ്കഥയിൽ നിന്ന് കണ്ടെത്താൻ വിഷമിക്കുന്നവർക്ക് എന്തു സഹായം നൽകും?
  - ➢ കടങ്കഥയിൽ നിന്ന് മറച്ചുവച്ച ഉത്തരം എങ്ങനെ കണ്ടെത്താനാവും? ചർച്ച.

കണ്ടെത്തിയ ഉത്തരവും കടങ്കഥയിൽ പറയുന്ന കാര്യങ്ങളും തമ്മിൽ എന്തു ബന്ധമാണുള്ള തെന്ന് വിശദീകരിക്കുന്നതിലാണ് കടങ്കഥാവിശകലനത്തിന്റെ പൊരുൾ കുടിയിരിക്കുന്നത്. ഉദാഹരണമായി 'കാളകിടക്കും കയറോടും' എന്ന കടങ്കഥയുടെ ഉത്തരം മത്തങ്ങ എന്നുത ന്നെയാവണമെന്നില്ലല്ലോ. കാളക്കയർ ഓടുംപോലെ വളരുന്നൊരു വള്ളിയും കാള കിടക്കും മട്ടിലുള്ളൊരു വലിയ കായും ഉണ്ടായാൽ മതിയാവും. അപ്പോൾ ഉത്തരം കുമ്പളങ്ങയോ മറ്റോ ആവാം. കണ്ടെത്തിയ ഉത്തരം കടങ്കഥയുമായി എങ്ങനെ പൊരുത്തപ്പെടുന്നുവെന്ന് വിശദീ കരിക്കുന്നതിലാണ് കാര്യം.

അതുകൊണ്ട് പ്രവർത്തനത്തിനിടയിൽ നേരത്തെ ഉന്നയിച്ച ചോദ്യം ."ഓരോ സന്ദർഭത്തി ലും കവിതയിലെ ഏതു സൂചനയാണ് ഉത്തരം കണ്ടെത്താൻ സഹായിച്ചത്" എന്നത് വളരെ പ്രധാനമാണ്.

**ക്രോഡീകരണം**

ചുരുക്കിപ്പറഞ്ഞ കവിതകളാണ് കടങ്കഥകൾ

**ഒളിച്ചുകളി (സമയം 120 മിനിറ്റ്)**

- കവിത കുട്ടികൾ വ്യക്തിഗതമായി ചൊല്ലാൻ ശ്രമിക്കട്ടെ. ചിലപ്പോൾ അവർക്കതിന്റെ താളവും ഈണവും ആദ്യഘട്ടത്തിൽ കണ്ടെത്താനായില്ലെന്നു വരാം.

തകിട തകിട/ തകിട തകിട/ തകിട തകിട/ തകിട തകിട

എന്ന് ഒരു ഗണത്തിൽ 6 മാത്ര വരുന്ന താളഘടന ഈ വരികളിൽ ഒളിഞ്ഞിരിപ്പുണ്ട്. താളംപി ടിച്ചു ചൊല്ലാൻ ആവശ്യമായ പിന്തുണ കുട്ടികൾക്കു നൽകുമല്ലോ.

തളിർത്തുലഞ്ഞു നിന്നിടും തരുക്കൾതന്റെ ശാഖയിൽ
കൊളുത്തി നീണ്ട നൂലു രശ്മി പോലെ നാലു ഭാഗവും

ഇവിടെ നാം താളം പിടിക്കുന്നത് ഏതക്ഷരങ്ങൾ ഉച്ചരിക്കുമ്പോഴാണ് എന്ന് ശ്രദ്ധിക്കൂ.

ത<u>ളി</u>ർത്തുലഞ്ഞു <u>നി</u>ന്നിടും ത<u>രു</u>ക്കൾതന്റെ <u>ശാ</u>ഖയിൽ
കൊ<u>ളു</u>ത്തി നീണ്ട <u>നൂ</u>ലു രശ്മി <u>പോ</u>ലെ നാലു <u>ഭാ</u>ഗവും

അടിവരയിട്ട അക്ഷരങ്ങൾ ഉച്ചരിക്കുമ്പോഴാണ് നാം താളമിടുന്നത് എന്ന് കാണാം. അതായത് നാം കവിതയിലെ ഒരു മാത്ര വിട്ടാണ് താളം ആരംഭിക്കുന്നത്. ഇങ്ങനെ താളം പിടിക്കേണ്ട ചില കവിതകളും ഉണ്ട്. എന്നാൽ ഇക്കാര്യങ്ങൾ ഈ ഘട്ടത്തിൽ കുട്ടികളുടെ ശ്രദ്ധയിൽ കൊണ്ടുവ രണമെന്നില്ല. കുട്ടികൾ ശരിയായി താളം പിടിക്കുന്നുണ്ട് എന്ന് ഉറപ്പാക്കണം.

- ടീച്ചറും കുട്ടികളും ഒത്തുചേർന്ന് താളമിട്ട് കവിത ചൊല്ലൽ.
  - ➢ താളം പിന്തുടരാൻ കഴിയാത്തവരുണ്ട്.
  - ➢ അക്ഷരങ്ങൾ അടിവരയിട്ടെഴുതിയ കവിതാ ചാർട്ട് പ്രദർശിപ്പിച്ച് താളമിട്ട് ചൊല്ലി പിന്തുണ

**നിഘണ്ടുപരിചയം**

- പരിചയമില്ലാത്ത ചില വാക്കുകൾ കവിതയിൽനിന്നും കുട്ടികൾ കണ്ടെത്തട്ടെ.
- നിഘണ്ടു നോക്കി അവയുടെ അർഥം കണ്ടുപിടിക്കണം.
- നിഘണ്ടു എങ്ങനെ പരിചയപ്പെടുത്താം?
- ഇതിനായി 'തരു' എന്ന വാക്ക് തെരഞ്ഞെടുക്കുന്നു.
- 'തരു' എന്ന വാക്കിൽ ആദ്യാക്ഷരം 'ത' എന്നാണല്ലോ. ക്ലാസിലെ അക്ഷരമാലാചാർട്ട് പരി ശോധിച്ച് ഏതെല്ലാം അക്ഷരങ്ങൾക്കു ശേഷമാണ് 'ത' വരുന്നത് എന്ന് കണ്ടെത്തട്ടെ.
- 'ത' യിൽതുടങ്ങുന്ന വാക്കുകൾ ആദ്യം മുതൽ പരിശോധിച്ച് നിഘണ്ടുവിൽനിന്ന് 'തരു' എന്ന വാക്ക് കണ്ടെത്തട്ടെ. അർഥം കുറിച്ചെടുക്കട്ടെ.
- ഇതുപോലെ പാഠപുസ്തകത്തിലെ ഇരുപതാം പേജിൽ കവിതയ്ക്കടിയിൽ കൊടുത്ത വാക്കു

കളുടെ അർഥം ഗ്രൂപ്പായി നിഘണ്ടു നോക്കി കണ്ടെത്തൽ.

- കണ്ടെത്തിയ വാക്കുകളുടെ അർഥം പരസ്പരം പങ്കിടൽ.
- ടീച്ചർ അവ ബോർഡിൽ എഴുതണം. തുടർന്ന് കുട്ടികൾ നോട്ടുപുസ്തകത്തിൽ കുറിക്കട്ടെ.

**അക്ഷരമാലയും അകാരാദിക്രമവും**

ഭാഷയിലെ അക്ഷരങ്ങളെ സ്വരങ്ങൾ (അ, ആ, ഇ, ഈ...) വ്യഞ്ജനങ്ങൾ (ക, ഖ, ഗ, ഘ, ങ...) എന്നിങ്ങനെ ക്രമപ്പെടുത്തിയതാണ് അക്ഷരമാല. വ്യഞ്ജനങ്ങളെ സ്വരചിഹ്നങ്ങളും (ദീർഘം, വള്ളി...) വ്യഞ്ജന ചിഹ്നങ്ങളും (്യ, ്ര, ്വ, ്ല...)

ചേർത്ത് അക്ഷരമാലാക്രമത്തിൽ എഴുതുന്നതാണ് അകാരാദി ക്രമം (ക, കാ, കി, കീ, കു, കൂ...)

**കവിതയ്ക്കുപേരിടൽ**

കവിതയിലെ പരിചയമില്ലാത്ത വാക്കുകളുടെ അർഥം കണ്ടെത്തിയല്ലോ.

- ഒരുവട്ടംകൂടി താളമിട്ട് കുട്ടികൾ കവിത ചൊല്ലട്ടെ.
- മനസ്സിലായ കാര്യങ്ങൾ അടിസ്ഥാനമാക്കി കവിതയ്ക്കു ചേരുന്നൊരു പേര് ഓരോരുത്തരും എഴുതട്ടെ.
- അവയിൽനിന്ന് ചിലത് അവതരിപ്പിക്കാം. ബോർഡിൽ ക്രോഡീകരിക്കണം.

ചർച്ച

- ഈ പട്ടികയിൽനിന്ന് ഏറ്റവും ഉചിതമായ ഒരുപേര് ഓരോരുത്തരും തെരഞ്ഞെടുക്കൂ (വ്യക്തിഗതം).
- ഈ പേര് തെരഞ്ഞെടുക്കാൻ എന്താണ് കാരണം? (സ്വതന്ത്ര പ്രതികരണം).
- ഇത് ഉചിതമായ പേരാണെന്ന് മറ്റുള്ളവർക്കു തോന്നുന്നുണ്ടോ? എന്തുകൊണ്ട്? ഇല്ലെങ്കിൽ മറ്റേതു പേരാണ് നിർദ്ദേശിക്കാനുള്ളത്?
- ചർച്ചയുടെ അടിസ്ഥാനത്തിൽ കൂടുതൽ മെച്ചപ്പെട്ട പേര് നിർദ്ദേശിക്കാനുണ്ടോ?

ഉചിതമായ പേര് നിർദ്ദേശിക്കാനും അവയെക്കുറിച്ച് അഭിപ്രായങ്ങൾ പറയാനും കഴിയണമെങ്കിൽ കവിതയുടെ ആശയം കുട്ടികൾക്ക് നന്നായി മനസ്സിലാവണം. ഇതിന് ടീച്ചറുടെ സഹായം വേണ്ടിവരും. ടീച്ചർ വിശദീകരിക്കുക, കുട്ടികൾ കേട്ടുമനസ്സിലാക്കുക എന്നരീതിക്കപ്പുറം കുട്ടികളുടെ ചിന്ത ഉണർത്തുന്ന ചോദ്യങ്ങളിലൂടെ ആശയം കണ്ടെത്താൻ സഹായിക്കുകയാണ് വേണ്ടത്.

ചിന്ത ഉണർത്താനെന്തൊക്കെ ചോദിക്കാനാവും?

- ഈ കവിത നമ്മോടുന്നയിക്കുന്ന ചോദ്യമെന്താണ്?
- അതിനുത്തരം കണ്ടുപിടിക്കാൻ എന്തെങ്കിലും സൂചന ഈ കവിതയിലുണ്ടോ?
- വിചിത്രരൂപൻ എന്താണ് നിർമ്മിച്ചുവച്ചിട്ടുള്ളത്?
- ഇതുകണ്ടാൽ എന്തുപോലെയാണ് തോന്നുന്നത്?
- എവിടെയാണ് ആ വിചിത്രരൂപൻ ഇരിക്കുന്നത്?
- ആരാണീ വിചിത്രരൂപൻ?

കുമാരനാശാൻ ഈ കവിതയ്ക്കു നൽകിയ പേര് 'തോട്ടത്തിലെ എട്ടുകാലി' എന്നാണ്. 'പുഷ്പവാടി' എന്ന കവിതാസമാഹാരത്തിൽനിന്നാണ് ഇത് എടുത്തു ചേർത്തിട്ടുള്ളത്. ഇക്കാര്യം കുട്ടികളുമായി പങ്കുവയ്ക്കണം.

- കവിതയുടെ ആശയം ചുരുക്കി എഴുത്ത്. (വ്യക്തിഗതം) ചിലത് അവതരിപ്പിക്കൽ
- കവിതയുടെ ആശയം ചുരുക്കി എഴുതുമ്പോൾ എന്തൊക്കെ ശ്രദ്ധിക്കണം?
- ചർച്ചയിലൂടെ സൂചകം വികസിപ്പിച്ച് ബോർഡിൽ കുറിക്കാം.

## സൂചകങ്ങൾ

- കവിതയിൽ പറയുന്ന പ്രധാന കാര്യങ്ങൾ എല്ലാം ചേർത്തിട്ടുണ്ട്.
- കാര്യങ്ങൾ ക്രമപ്പെടുത്തി എഴുതിയിട്ടുണ്ട്.
- കവിതയിൽ ഉപയോഗിച്ച വാക്കുകൾക്കും പ്രയോഗങ്ങൾക്കും പകരം വർത്തമാനത്തിൽ പ്രയോഗിക്കുന്ന വാക്കുകളും പ്രയോഗങ്ങളും ഉപയോഗിച്ചിട്ടുണ്ട്.
- വാക്കകലം, വരിയകലം എന്നിവ പാലിച്ചിട്ടുണ്ട്.
- ഉചിതമായ ചിഹ്നങ്ങൾ ഉപയോഗിച്ചിട്ടുണ്ട്
- 

- ചെറുസംഘങ്ങളിൽ സൂചകങ്ങൾ കൂടി ഉപയോഗിച്ച് മെച്ചപ്പെട്ട പൊതുരചന നടത്തൽ, പൊതു അവതരണം.

## എഡിറ്റിങ്

സ്വന്തം ഭാഷാപ്രയോഗത്തിൽ ഉണ്ടാവുന്ന മികവുകളും കുറവുകളും ഓരോരുത്തർക്കും സ്വയം തിരിച്ചറിയാനുള്ള ഫലപ്രദമായ ഭാഷാപഠനസന്ദർഭമാണ് എഡിറ്റിങ്. പരിഗണിക്കപ്പെടുന്ന ഒരു സവിശേഷസാമഗ്രിയെ പുതുക്കി മെച്ചപ്പെടുത്തുന്ന പ്രവർത്തനം മാത്രമല്ല ഇത്.

എഡിറ്റിങ് നടത്തുമ്പോൾ എന്തെല്ലാം ഘടകങ്ങൾ പരിശോധിക്കേണ്ടി വന്നേക്കാം?

- ആശയങ്ങളുടെ സമഗ്രത
- ആശയക്രമീകരണം
- ഖണ്ഡികാകരണം
- വാക്യഘടന
- വാക്കുകളുടെ ചേർച്ച
- അക്ഷരങ്ങൾ, ചിഹ്നങ്ങൾ എന്നിവയുടെ കൃത്യത
- വാക്കകലം, വരിയകലം എന്നിവ പാലിക്കൽ
- വ്യവഹരരൂപത്തിന്റെ സവിശേഷതകൾ

ഈ ഘടകങ്ങളിലേക്ക് കുട്ടികളുടെ ശ്രദ്ധ കൊണ്ടുവരുന്നതിന് വൈവിധ്യമാർന്ന തന്ത്രങ്ങൾ സ്വീകരിക്കേണ്ടിവരും. എഡിറ്റിങ്ങിനുള്ള സന്ദർഭങ്ങൾ വ്യത്യസ്ത സാഹചര്യങ്ങളിൽ തുടർച്ചയായി ലഭിക്കുന്നുണ്ട് എന്ന് ഉറപ്പാക്കുകയും വേണം.

- എഡിറ്റിങ് സാധ്യത കൂടുതലുള്ള ഒരു രചന ടീച്ചർ തെരഞ്ഞെടുക്കുന്നു.
- കുട്ടികൾ എഴുതിയതുപോലെത്തന്നെ ചാർട്ടിൽ വലുതാക്കി എഴുതി പുനരാവിഷ്ക്കരിക്കുന്നു, പ്രദർശിപ്പിക്കുന്നു.
- ഈ രചനയിൽ എന്തെങ്കിലും മാറ്റം വരുത്തണമെന്ന് നിങ്ങൾക്കു തോന്നുന്നുണ്ടോ? ഉണ്ടെങ്കിൽ എന്ത്? (സ്വതന്ത്ര പ്രതികരണം) ഓരോ പ്രതികരണത്തെയും ചർച്ചക്കു വിധേയമാക്കുന്നു)
- ലഭിക്കുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് രചനയിൽ ഉചിതമായ മാറ്റങ്ങൾ വരുത്തുന്നു.

കുട്ടികൾ കണ്ടെത്താത്ത ചില കുറവുകൾ ടീച്ചർ അടിവരയിട്ടു ശ്രദ്ധയിൽപ്പെടുത്തുന്നു.

- അടിവരയിട്ടത് എന്തുകൊണ്ടാവും? (സ്വതന്ത്ര പ്രതികരണം)
- ഇത് എങ്ങനെ തിരുത്തിയെഴുതും? മെച്ചപ്പെടുത്തും? പ്രതികരണത്തിന്റെ അടിസ്ഥാനത്തിൽ തിരുത്തുന്നു.

- വാക്യഘടനയിൽ വന്ന ഒരു കുറവ് ശരിയായി എഴുതിയത് ടീച്ചർ പ്രദർശിപ്പിക്കുന്നു.
- ഇവിടെ വാക്യം മാറ്റിയെഴുതാനെന്താവും കാരണം? എന്തെങ്കിലും മെച്ചമുണ്ടായോ? എന്തെല്ലാമാണവ?

അക്ഷരങ്ങളിലും ചിഹ്നങ്ങളിലും വരുന്ന കുറവുകളും ഇത്തരം തന്ത്രങ്ങൾ ഉപയോഗിച്ച് മെച്ചപ്പെടുത്താം.

- ടീച്ചർവേർഷൻ അവതരണം. സൂചകങ്ങൾ എങ്ങനെ ഇതിൽ പ്രതിഫലിക്കുന്നു എന്നതുമായി ബന്ധപ്പെട്ട ചർച്ച.

തുടർന്ന് എല്ലാവരും ആദ്യം എഴുതിയ കുറിപ്പ് മെച്ചപ്പെടുത്തി എഴുതണം. (ഗൃഹപാഠം)

**ടീച്ചർവേർഷൻ**

തളിരിട്ട് ആടിയാടിനിൽക്കുന്ന മരക്കൊമ്പ്. അതിൽ രശ്മിപോലെ നാലുഭാഗത്തേയ്ക്കും നീണ്ട നൂലു കൊളുത്തിയിട്ടുണ്ട്. അതുകാണുമ്പോൾ കുളത്തിനുള്ളിൽ നിഴലിച്ചു കാണുന്ന സൂര്യനെപോലെയുണ്ട്. കാറ്റത്താടുന്ന വെളുത്ത വലവിരിച്ചാണ് ഇരിപ്പ്. കൗതുകം തോന്നുന്ന ആകൃതിയുള്ള ഇവൻ ആരാണ്?

അവതരണ സാധ്യത

പ്രഭാത സർഗവേള/ബാലസഭ / അസംബ്ലി എന്നിവയിൽ കവിത താളമിട്ട് ഈണത്തോടെ അവതരിപ്പിക്കൽ

ഓഡിയോ/വീഡിയോ നവമാധ്യമ ഗ്രൂപ്പുകളിലേക്ക്.

**കുമാരനാശാൻ**

ആധുനിക കവിത്രയത്തിൽ ഉൾപ്പെടുത്തി നാം ആദരിക്കുന്ന മഹാകവിയാണ് എൻ കുമാരനാശാൻ. 1873 ൽ തിരുവനന്തപുരത്ത് കായിക്കരയിൽ ജനിച്ചു. 1924 ൽ പല്ലനയാറ്റിൽവച്ചുണ്ടായ ബോട്ടപകടത്തിൽ പൊലിഞ്ഞുപോയ ജീവിതം. അമ്പത് വർഷത്തെ ജീവിതംകൊണ്ട് അതിവിശേഷമായ ശാശ്വതസ്ഥാനം മലയാളസാഹിത്യലോകത്ത് നേടിയെടുത്ത പ്രതിഭ. വീണപൂവ്, നളിനി, ലീല, ചണ്ഡാലഭിക്ഷുകി, കരുണ, ദുരവസ്ഥ, പ്രരോദനം എന്നീ ഖണ്ഡകാവ്യങ്ങളും മണിമാല, വനമാല, പുഷ്പവാടി തുടങ്ങിയ കവിതാസമാഹാരങ്ങളും ബുദ്ധചരിതം, സൗന്ദര്യലഹരി, ബാലരാമായണം തുടങ്ങിയ വിവർത്തനങ്ങളുമാണ് അദ്ദേഹത്തിന്റെ പ്രധാന കൃതികൾ.

## മാനത്തെക്കാഴ്ചകൾ

**(സമയം 120മിനിറ്റ്)**

**പ്രഭാവർമ്മ**

കവി, ചലച്ചിത്രഗാന രചയിതാവ്, മാധ്യമപ്രവർത്തകൻ. കേന്ദ്ര- കേരള സാഹിത്യ അക്കാദമി അവാർഡുകൾ, ആശാൻ പ്രൈസ്, വയലാർ അവാർഡ്, വള്ളത്തോൾ അവാർഡ്, ഉള്ളൂർ അവാർഡ്, തുടങ്ങിയ വ്യത്യസ്ത പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. സൗപർണിക, അർഥപൂർണിമ ചന്ദനനാഴി, ശ്യാമമാധവം എന്നിവ അദ്ദേഹത്തിന്റെ കൃതികളിൽ ചിലതാണ്. 1959ൽ തിരുവനന്തപുരത്ത് ജനിച്ചു.

കടങ്കഥയുടെ കവിതാരൂപത്തിലുള്ള ഒരു രചനയാണ് മാനത്തെക്കാഴ്ചകൾ. അതിൽ ചോദ്യവും ഉത്തരവും അടങ്ങിയിട്ടുണ്ട്.

- കവിതചൊല്ലൽ (വ്യക്തിഗതം) എല്ലാകുട്ടികൾക്കും അവസരം നൽകാനുള്ള തന്ത്രങ്ങൾ വേണം

- തുടർന്ന് ഗ്രൂപ്പ്തല വായന. ഒരു ഗ്രൂപ്പ് ചോദ്യം ഉന്നയിക്കുന്ന വരികൾ ചൊല്ലുമ്പോൾ ഉത്തരമടങ്ങിയ വരികൾ മറ്റൊരു ഗ്രൂപ്പ് ചൊല്ലട്ടെ.
- തുടർന്ന് ടീച്ചർ താളമിട്ടു കവിത ചൊല്ലണം. തകധിമി, തകധിമി എന്ന നടയിലാണ് ഈ വരികൾ രചിച്ചിട്ടുള്ളത്. കൂട്ടായി താളമിട്ട് ഈണത്തിൽ ചൊല്ലാനും വാക്കിണക്കത്തിന്റെ ലയം അനുഭവപ്പെടുത്താനും കഴിയുന്ന ഒരു രചനയാണിത്. ഈ രീതിയിൽ ഇത് ഉപയോഗപ്പെടുത്തുമല്ലോ.

പാഠപുസ്തകം പേജ് 21, 22 എന്നിവയിലെ മൂന്നു ചോദ്യത്തെ അടിസ്ഥാനമാക്കിയുള്ള പ്രതികരണം, ചർച്ച.

(വിശകലന ചോദ്യങ്ങൾ ഉപയോഗിച്ച് കവിതയിൽ പ്രയോഗിച്ച സാമ്യപ്പെടുത്തലിന്റെ ഭംഗി ശ്രദ്ധയിൽക്കൊണ്ടുവരാം.)

- ചർച്ചയിൽ കണ്ടെത്തുന്ന കാര്യങ്ങൾ ടീച്ചർ ബോർഡിലെഴുതി ക്രോഡീകരണം.
- ക്രോഡീകരണം നോട്ടുബുക്കിലേക്ക്.

**പകരം പദം**

ഒരു വാക്കിന് പകരം ഉപയോഗിക്കാവുന്ന മറ്റു വാക്കുകളിലേക്ക് കുട്ടികളുടെ ചിന്തയെ നയിക്കാനാണ് ഈ പ്രവർത്തനം. കുട്ടി പരിചയപ്പെടുന്ന പുതിയ വാക്കിന്റെ അർഥം സന്ദർഭത്തിൽനിന്നും ഊഹിക്കാനുള്ള അവസരമാണ് ആദ്യം നൽകേണ്ടത്. അർഥം ഊഹിക്കുന്നതിലൂടെ ആ വാക്കിന് പകരം നിൽക്കാവുന്ന മറ്റു പദങ്ങൾ ഉൾച്ചേർക്കാനുള്ള അവസരവും കുട്ടികൾക്കു നൽകണം.

- താഴെ കാണുന്ന വാക്യങ്ങൾ ചാർട്ടിൽ എഴുതി ക്ലാസിൽ അവതരിപ്പിക്കുന്നു.

  'കായലിൽ നിറയെ നീരാണുണ്ടാവേണ്ടത്. ഓളങ്ങൾ ഇളകിമറിഞ്ഞ് നിറഞ്ഞേന്തുന്ന നീര്. എന്നാൽ ഈ നീലക്കായലിൽ ഒരു തുള്ളി നീരില്ല.'

അടിവരയിട്ട വാക്കിന് പകരം പദം എഴുതുത്ത് (വ്യക്തിഗതം)

വെള്ളത്തിന്റെ എല്ലാ സമാനപദങ്ങളും ഈ ഘട്ടത്തിൽ കുട്ടികൾക്ക് പരിചയപ്പെടുത്തണമെന്നില്ല. വെള്ളം, ജലം എന്നീ വാക്കുകൾ കുട്ടികൾക്ക് സ്വയം കണ്ടെത്താനാവുമല്ലോ.

- പകരം പദം ചേർത്ത് ചേർത്ത് മുകളിലെ വാക്യങ്ങൾ മാറ്റിയെഴുതൽ.

  കായലിൽ നിറയെ വെള്ളമാണുണ്ടാവേണ്ടത്. ഓളങ്ങൾ ഇളകിമറിഞ്ഞ് നിറഞ്ഞേന്തുന്ന നീര്. എന്നാൽ ഈ നീലക്കായലിൽ ഒരു തുള്ളി ജലമില്ല.

- മറ്റൊരു മാതൃക നൽകുന്നു.

  'സൂര്യൻ അസ്തമിച്ചു. വാനം ഇരുണ്ടു തുടങ്ങി. പതുക്കെപ്പതുക്കെ വാനത്ത് ആയിരം പൊൻതിരികൾ കൺമിഴിച്ചു. വാനത്തിന്റെ നെറ്റിയിൽ തെളിഞ്ഞുണരുന്ന മഞ്ഞപ്പൊട്ട്. ഹായ്! അണിഞ്ഞൊരുങ്ങി നൽക്കുന്ന വാനം.'

- പകർത്തിയെഴുത്ത് നോട്ടുബുക്കിൽ
- കുട്ടികൾ വാനത്തിന് പകരംപദം കണ്ടെത്തി വാക്യം മാറ്റിയെഴുതട്ടെ. (ഗൃഹപാഠം)

(ഈ യൂണിറ്റിലെ 'കാനനോത്സവം' എന്ന പാഠഭാഗം ഉപയോഗിച്ചും ഇത്തരം പ്രവർത്തനം തുടർന്ന് ചെയ്യാനാവും. കാനനം, സായാഹ്നം തുടങ്ങിയ വാക്കുകൾ പരിചയപ്പെടുത്താം.)

### അവതരണ സാധ്യത

- പ്രഭാത സർഗവേള, ബാലസഭ, അസംബ്ലി എന്നിവയിൽ കവിത താളമിട്ട് ഈണത്തോടെ ചൊല്ലൽ
- ഓഡിയോ/വീഡിയോ നവമാധ്യമ ഗ്രൂപ്പുകളിലേക്ക്

**കടങ്കഥാപാട്ടുകൾ**

**(കലാവിദ്യാഭ്യത്തിനുള്ളസമയം ഉപയോഗിക്കാം-സമയം 60 മിനിറ്റ്)**

കുട്ടികൾക്ക് പരിചയപ്പെടുത്താവുന്ന ചില കടങ്കഥാപ്പാട്ടുകളാണ് താഴെ കൊടുത്തിട്ടുള്ളത്.

- പാട്ടുകളോരോന്നും താളമിട്ടു ചൊല്ലാനവസരം വേണം.
- ഏതൊക്കെ അക്ഷരം ഉച്ചരിക്കുമ്പോഴാണ് കയ്യടിക്കുന്നത് എന്ന് കണ്ടെത്തട്ടെ.
- ചെറു സംഘങ്ങളിൽ താളമിട്ടു പാടൽ (ശരിയായി താളം പിടിക്കാൻ കഴിയാത്തവരെ സഹായിക്കാനായി താളം വരുന്ന അക്ഷരങ്ങൾക്ക് അടിവരയിട്ട ചാർട്ട് പ്രദർശിപ്പിക്കണം)

പന്ത്രണ്ടാളുകൾ കാവൽ നിൽക്കും
ചന്തമിയന്നൊരു കൊട്ടാരം
വലിയമ്മാനും ചെറിയമ്മാനും
റോന്തു ചുറ്റും കൊട്ടാരം
കൊട്ടാരത്തിൽ നിന്നുമിടക്കിടെ
മണിയടി കേൾക്കാം കട്ടായം
ഏതേതാണീ കൊട്ടാരം
ആരാരോതും കേൾക്കട്ടെ.

(ക്ലോക്ക്)

എല്ലാവർക്കും ആലോചിക്കാനും ഉത്തരം കണ്ടെത്താനും അവസരമുണ്ടാവണം. കുട്ടികൾ ഉത്തരം വിളിച്ചു പറയുന്ന രീതി ഉണ്ടാവരുത്. ഓരോരുത്തർക്കും താൻ കണ്ടെത്തിയ ഉത്തരത്തെ ന്യായീകരിക്കാൻ അവസരം നൽകണം.

ഉദാഹരണമായി ഒരു കുട്ടി ആകാശം എന്നു പറയുന്നു എന്നു കരുതൂ. ആകാശം എന്ന ഉത്തരത്തിലേക്ക് അയാളെ നയിച്ച ചില ഘടകങ്ങൾ ഉണ്ടാവും. അത് വിശദീകരിക്കാ നവസരം ഉണ്ടാവണം. ആകാശത്തിലെ സൂര്യനും ചന്ദ്രനുമാണ് വലിയമ്മാനും ചെറിയമ്മാനും എന്ന് കുട്ടി കണ്ടേക്കാം. ഇടിവെട്ടുന്നതാണ് മണിയടി എന്നു സങ്കൽപ്പിച്ചേക്കാം. ഇത്തരം ഉത്തരങ്ങൾക്കെല്ലാം ക്ലാസിൽ സ്ഥാനമുണ്ട്. ചർച്ചയുടെ അവസാനം ടീച്ചർ ഉദ്ദേശിച്ച ഉത്തരം ക്ലോക്ക് ആണ് എന്ന് പറഞ്ഞു കൊടുക്കാം. കാവൽ നിൽക്കുന്നതാര്?, റോന്തു ചുറ്റുന്നതാര്?, മണിയടിക്കുന്നതെന്ത്? എന്നിവയെല്ലാം സ്വയം കണ്ടെത്താൻ കുട്ടികൾക്ക് അവസരം നൽകുകയും വേണം.

### മറ്റൊരു കടങ്കഥപ്പാട്ട്

ചൂടാത്തൊരു കുട, ചോരാത്തൊരു കുട,
കമ്പില്ലാക്കുട, കാലുള്ളൊരു കുട,
ആനപ്പുറമതിലേറില്ലാ കുട,
ആളുകൾ കണ്ടു കൊതിക്കുന്നു കുട,
തൂവെള്ളക്കുട, തൂമയെഴും കുട,
തുതുതുരെയങ്ങു നിരക്കുന്നു കുട,
വാനിൽ കാറു പരക്കുന്നേരം
താനേ പൊട്ടിമുളയ്ക്കുന്നു കുട,
ഇടിവെട്ടുമ്പോൾ നിവരുന്നു കുട,
ഇലപൊഴിയും പോൽ കൂമ്പുന്നു കുട.

(തൂമയെഴും കുട = ചന്തമുള്ള കുട)

(കൂൺ)

- വികൃതി എന്ന കവിത അവതരിപ്പിച്ച പ്രക്രിയ ഇവിടെയും സ്വീകരിക്കാവുന്നതാണ്.

നാലുകാലുള്ളൊരു നങ്ങേലിപ്പെണ്ണിനെ
കോലുനാരായണൻ കട്ടോണ്ടുപോയ്

തവളയെപ്പിടിക്കുന്ന നീർക്കോലി

ഓടും കുതിര ചാടും കുതിര
വെള്ളം കണ്ടാൽ നിൽക്കും കുതിര

തോൽച്ചെരുപ്പ്

(റഫറൻസ്: കടങ്കഥ ജനുസ്സും വ്യവഹാരവും. കെ എം അനിൽ - വള്ളത്തോൾ വിദ്യാപീഠം)

കടങ്കഥപ്പാട്ടുകളെല്ലാം കുട്ടികളുടെ നോട്ടുപുസ്തകത്തിലേക്ക്

**അവതരണ സാധ്യത**

- പ്രഭാത സർഗവേള, ബാലസഭ, അസംബ്ലി എന്നിവയിൽ കവിത താളമിട്ട് ഈണത്തോടെ ചൊല്ലൽ
- ഓഡിയോ/വീഡിയോ നവമാധ്യമ ഗ്രൂപ്പുകളിലേക്ക്

**ചിത്രത്തിൽനിന്നു കടങ്കഥ (സമയം 60മിനിറ്റ്)**

- പാഠപുസ്തകത്തിലെ ഇരുപത്തിരണ്ടാം പേജിലുള്ള ചിത്രത്തെ അടിസ്ഥാനമാക്കി കടങ്കഥ കൾ നിർമ്മിക്കൽ. (വ്യക്തിഗതം)
  - ഈ സന്ദർത്തിൽ നേരിടാവുന്ന പ്രശ്നങ്ങൾ
  - ബാഹ്യമായ സവിശേഷതകൾ മാത്രം സൂചിപ്പിക്കുന്ന കടങ്കഥകൾ നിർമ്മിക്കുന്നു. ഉദാ ഹരണമായി തീവണ്ടി എന്ന ഉത്തരം വരുന്ന ഒരു കടങ്കഥ നിർമ്മിക്കുന്ന കുട്ടി

'ഞാനൊരു വണ്ടി, നീളൻ വണ്ടി
പെട്ടികളനവധിയുള്ളൊരു വണ്ടി
ആളുകളനവധിയുള്ളൊരു വണ്ടി
ഞാനാരാണെന്നറിയാമോ?'

- എന്ന രീതിയിൽ എഴുതാനിടയുണ്ട്. നിലവിലുള്ള അറിവുവച്ച് കുട്ടി നടത്തുന്ന രചനയാണ് ഇത്. അതിനാൽതന്നെ ഇതിനെ തള്ളിക്കളയരുത്.
- എന്നാൽ കടങ്കഥാനിർമ്മാണം സർഗ്ഗപരമാവണം. ഇതിനായിചില മാതൃകകൾ അവതരി പ്പിക്കുന്നു.

| ടീച്ചർ വേർഷൻ | |
|---|---|
| 1<br>ഒറ്റത്തലയുള്ള തേരട്ട<br>നൂറുകാലുള്ളൊരു തേരട്ട<br>കൂക്കി വിളിക്കുന്ന തേരട്ട<br>തൊട്ടാൽ ചുരുളാത്ത തേരട്ട | 2<br>ആടിവരുന്നു ഓടിവരുന്നു,<br>ചീറിവരുന്നു ചീറ്റിവരുന്നു,<br>മുന്നിൽ കാണുന്നവരെയെല്ലാം<br>വാരിവിഴുങ്ങിക്കൂവിവരുന്നു |

ടീച്ചർവേർഷനെ അടിസ്ഥാനമാക്കി കടങ്കഥകളുടെ പ്രത്യേകതകളെക്കുറിച്ച് ചർച്ച (ഉത്തരം സൂചിപ്പിക്കുകയും എന്നാൽ ഒപ്പംതന്നെ അവ ഒളിപ്പിച്ചുവയ്ക്കുകയും ചെയ്യുന്നരീതി)

**കടങ്കഥപ്പയറ്റ് (സമയം 90 മിനിറ്റ്)**

- പുതിയ തരത്തിൽ കടങ്കഥപ്പയറ്റ് നടത്തുകയാണ്

- പുതുമയെന്തൊക്കെ?
    - പുതിയ കടങ്കഥകൾ മാത്രമേ പാടുള്ളൂ
    - ഒറ്റയ്ക്കൊറ്റയ്ക്ക് ഉണ്ടാക്കണം
    - ഗ്രൂപ്പിൽ ചർച്ച ചെയ്തു മെച്ചപ്പെടുത്തണം

കടങ്കഥകൾ ഉണ്ടാക്കൽ [വ്യക്തിഗതം]

- എല്ലാവരും നോട്ടുപുസ്തകത്തിൽ കടങ്കഥയുണ്ടാക്കിയെഴുതൽ
  - ➢ പ്രയാസപ്പെടുന്ന കുട്ടികളുണ്ടെങ്കിൽ സൂചനകൾ/ നിർദേശങ്ങൾ / ഉദാഹരണങ്ങൾ നൽകി ടീച്ചർ സഹായിക്കണം.

ഉദാ. "ആകാശത്തെത്തുന്ന തോട്ടി" - വ്യക്തിപരമായി ഉത്തരം എഴുതൽ, അവതരിപ്പിക്കൽ - (കണ്ണ്) -

പൊതു ചർച്ച

- തോട്ടിയുടെ ആകൃതി എന്താണ്?
- കണ്ണിന്റെ ആകൃതിയോ?
- പിന്നെങ്ങനെ കണ്ണ് തോട്ടിയായി?
- ഇങ്ങനെ പറയുമ്പോൾ നമുക്ക് രസം തോന്നുന്നുണ്ടോ? എന്താണ് രസം തോന്നാൻ കാരണം?
- ശരീരത്തിലെ ഏതെങ്കിലും ഒരു അവയവത്തെപ്പറ്റി ഇങ്ങനെ എഴുതിനോക്കൂ. ചിലർക്ക് സഹായം നൽകേണ്ടി വരും (അവതരണം ചർച്ച)

തുടർന്ന് ഗ്രൂപ്പാക്കുന്നു

- കുട്ടികൾക്ക് കടങ്കഥയെഴുതിയ സ്ലിപ്പുകൾ വിതരണം ചെയ്യൽ
- വ്യക്തിഗതമായി ഉത്തരം കണ്ടെത്തൽ
- കിട്ടാത്തവർ മറ്റു കുട്ടികളുടെ സഹായം തേടൽ
- എന്നിട്ടും കിട്ടാത്തവരെ ടീച്ചർ സഹായിക്കൽ
- ഒരേ ഉത്തരം കിട്ടിയവർ ചേർന്ന് ഗ്രൂപ്പാകൽ

ഗ്രൂപ്പിൽ മെച്ചപ്പെടുത്തട്ടെ

- ഓരോരുത്തരായി അവതരിപ്പിക്കൽ
- മികച്ച കടങ്കഥകൾ തെരഞ്ഞെടുത്തവതരിപ്പിക്കാൻ നിർദേശം നൽകൽ
- എങ്ങനെ കണ്ടെത്തും?

സൂചക രൂപീകരണം

- മികച്ച കടങ്കഥയുടെ സവിശേഷതകൾ - ക്ലാസ്തല ചർച്ച
  - ➢ കുട്ടികൾ പറയുന്നതിനെ കൃത്യമാക്കി പറയാൻ ടീച്ചർ സഹായിക്കണം.
  - ➢

- നല്ല താളമുണ്ടാകണം
- അക്ഷരങ്ങൾ ആവർത്തിച്ച് വരണം
- ഉത്തരം ഒളിപ്പിച്ചു വച്ചിരിക്കണം
- സൂചനകൾ വച്ച് ആലോചിച്ചാൽ ഉത്തരം കിട്ടണം.
- 

- സൂചകങ്ങൾ ബോർഡിൽ എഴുതി വെക്കണം, പിന്നീട് നോട്ടുപുസ്തകത്തിലേക്ക്
- മറ്റുള്ളവർ സൂചകങ്ങൾവച്ച് നിർദ്ദേശങ്ങളും അഭിപ്രായങ്ങളും പറയൽ
- വേണ്ട മാറ്റം വരുത്തി എഴുതിത്തയ്യാറാക്കൽ [ഓരോരുത്തരും]
  - ➢ മടിക്കുന്ന കുട്ടികളെ അഭിപ്രായം/നിർദേശം പറയാൻ പ്രോത്സാഹിപ്പിക്കണം
  - ➢ പയറ്റിൽ കടങ്കഥ ചോദിയ്ക്കാൻ എല്ലാവർക്കും അവസരം നൽകാൻ നിർദേശിക്കണം.

തുടർന്ന് കടങ്കഥാപ്പയറ്റ്

- ഓരോ ഗ്രൂപ്പായി കടങ്കഥ ചോദിക്കൽ
- മറ്റൊരു ഗ്രൂപ്പിന് ഉത്തരം പറയാനാവസരം. അവർക്ക് കിട്ടിയില്ലെങ്കിൽ അടുത്ത ഗ്രൂപ്പ്
  - ➢ ഉത്തരം വിശദീകരിക്കാൻ അവസരം നൽകണം. വ്യക്തത വരുത്തണം.
- കടങ്കഥ നന്നായോ എന്ന് വിലയിരുത്തൽ [മറ്റു ഗ്രൂപ്പുകൾ - സൂചകങ്ങൾ വച്ച് ]
  - ➢ കടങ്കഥ നന്നായില്ലെങ്കിൽ ടീച്ചർ ചില സൂചനകൾ നൽകി മെച്ചപ്പെടുത്താൻ സഹായിക്കണം.
  - ➢ സമാനമായ മറ്റൊരു കടങ്കഥ പറയുകയും ചെയ്യാം
- ടീച്ചർ ശരിയുത്തരത്തിന് പോയിന്റ് നൽകി പ്രോത്സാഹിപ്പിക്കൽ

**കടങ്കഥ മിനുക്കൽ [ഗൃഹപാഠം]**

- ഓരോരുത്തരും സ്വന്തം കടങ്കഥകൾ നന്നാക്കിയെഴുതൽ
- ടീച്ചർ നൽകുന്ന കടലാസിലേക്ക് പകർത്തൽ , യോജിച്ച ചിത്രം വരക്കൽ

തയ്യാറാക്കിയ കടങ്കഥകൾ ചേർത്ത് കടങ്കഥാപ്പതിപ്പ് തയ്യാറാക്കുന്നു

- എല്ലാവരുടെയും കടങ്കഥകൾ ചേർത്ത് തയ്യാറാക്കൽ
- അസംബ്ലിയിൽ പ്രകാശനം ചെയ്യൽ
- അസംബ്ലിയിൽ ചില കടങ്കഥകൾ എഴുതിപ്രദർശിപ്പിക്കൽ
- ഉത്തരം ഉത്തരപ്പെട്ടിയിൽ നിക്ഷേപിക്കാൻ അവസരം
- ശരിയുത്തരം കിട്ടിയവർക്ക് അടുത്ത അസംബ്ലിയിൽ അനുമോദനം നൽകൽ

**അവതരണ സാധ്യതകൾ**

- ഏറ്റവും മികച്ച് അഞ്ച് കടങ്കഥകൾ കുട്ടികൾ തന്നെ തെരഞ്ഞെടുക്കൽ
- അത് പുറംചുമർ പ്രദർശനവേദിയിൽ എഴുതിപ്രദർശിപ്പിക്കൽ

# താളവും മേളവും

## ആമുഖം

സർഗാത്മകമായ വിവരണം  വിവിധ കലകളെ പരിചയപ്പെടൽ കലകളുമായി ബന്ധപ്പെട്ട സാഹിത്യരൂപങ്ങളുടെ പരിചയം എന്നിവയാണ് ഈ പാഠത്തിന്റെ ഉള്ളടക്കം. ഒരു കഥയിലുപയോഗിക്കുന്ന സങ്കേതവും ഭാഷയും പ്രയോജനപ്പെടുത്തിക്കൊണ്ടാണ് ഇതിലെ ഉത്സവവിവരണം വികസിപ്പിച്ചിട്ടുള്ളത്. ഏതാനും കലകളെ പ്രാഥമികമായി പരിചയപ്പെടാനുള്ള സന്ദർഭമാണ് കലകളെക്കുറിച്ച് സൂചിപ്പിക്കുന്നതിലൂടെ ലക്ഷ്യമിടുന്നത്.

## കാനനോത്സവം

## പഠനലക്ഷ്യങ്ങൾ

- വിവരണം വായിച്ചുകേട്ടും സ്വയം വായിച്ചും ആശയം ഗ്രഹിച്ച് ആസ്വദിക്കുക. സ്വന്തമായി വിവരണങ്ങൾ തയ്യാറാക്കുന്നതിൽ ആനന്ദിക്കുക.
- അനുയോജ്യമായ ഭാവം, ഒഴുക്ക്, ഉച്ചാരണശുദ്ധി, അർഥവ്യക്തതയ്ക്കുള്ള ഊന്നലുകൾ എന്നിവയോടെ ആകർഷകമായി സ്വയം രസിച്ച് വായിച്ചവതരിപ്പിക്കുക.
- ചർച്ചകളിൽ പങ്കെടുത്ത് അധ്യാപകരുടെ സഹായത്തോടെ വിലയിരുത്തൽ സൂചകങ്ങൾ വികസിപ്പിക്കുക. ഇതിന്റെ അടിസ്ഥാനത്തിൽ സ്വന്തം രചനകളും മറ്റുള്ളവരുടെ രചനകളും വിലയിരുത്തി മെച്ചപ്പെടുത്തുന്നതിൽ സന്തോഷിക്കുക.
- വാക്കകലം, വരിയകലം, ഖണ്ഡികാകരണം, അക്ഷരവ്യക്തത, ചിഹ്നനം എന്നിവ പാലിച്ച് എഴുതുന്നതിൽ ആനന്ദിക്കുക. പദക്കൂട്ട്, പ്രയോഗം, പകരംപദം, വിശേഷണം, സമാനപദം എന്നിവ തിരിച്ചറിഞ്ഞ് ഉചിതമായ സന്ദർഭങ്ങളിൽ പ്രയോഗിക്കുന്നതിൽ ആനന്ദിക്കുക.

### നിർമ്മിക്കേണ്ട അറിവുകൾ

**ആശയം/ധാരണ**

- അനുഭവവിവരണം മനസ്സിൽ തട്ടുന്നതാവണമെങ്കിൽ ഉചിതമായ പദങ്ങൾ, പ്രയോഗങ്ങൾ, സാമ്യപ്പെടുത്തിപ്പറയലുകൾ മുതലായവ വേണം.
- അനുഭവങ്ങൾ മനസ്സിൽത്തട്ടുന്ന രീതിയിൽ അവതരിപ്പിക്കാൻ ആശയങ്ങളെ ക്രമപ്പെടുത്തേണ്ടതുണ്ട്.
- അനുഭവവിവരണത്തിന് കരുത്തുകൂട്ടാൻ പുതിയ പദക്കൂട്ടുകൾ, പ്രയോഗങ്ങൾ മുതലായവ സഹായിക്കും .
- മനസ്സിൽത്തട്ടുന്ന അനുഭവങ്ങൾ ഉചിതമായ മറ്റൊരു സന്ദർഭത്തിൽ അവതരിപ്പിക്കാൻ കഴിയും.
- മനസ്സിനെ സ്പർശിച്ച അനുഭവങ്ങളും, അതിനോടുള്ള പ്രതികരണങ്ങളുമടക്കം എഴുതുമ്പോഴാണ് ഡയറി മികച്ചതാകുന്നത്.

**ശേഷി/നൈപുണി**

- അനുഭവങ്ങളിലൂടെ നേടിയ ഭാഷാപരമായ അറിവുകൾ ഉചിതമായ വാചിക-ലിഖിത അവസരങ്ങളിൽ ഉപയോഗിക്കുന്നു.
- ഭാഷാവസ്തുതകൾ (ചിഹ്നനം, പദക്കൂട്ട്, പ്രയോഗം, പകരം പദം വിശേഷണം, സമാനപദം) തിരിച്ചറിഞ്ഞ് ഉചിതമായ സന്ദർഭങ്ങളിൽ പ്രയോഗിക്കുന്നു.

- മനസ്സിൽ തട്ടിയ അനുഭവങ്ങളും പ്രതികരണങ്ങളും അനുയോജ്യമായ പദങ്ങളും പ്രയോഗങ്ങളും ഉപയോഗിച്ച് ഡയറിയായോ അനുഭവക്കുറിപ്പായോ വാക്കകലം, വരിയകലം, ഖണ്ഡികാകരണം എന്നിവ പാലിച്ചെഴുതുന്നു.

**മൂല്യം/മനോഭാവം**

- സൂചകങ്ങൾ വികസിപ്പിക്കുകയും രചനകളെ തിരുത്തി മെച്ചപ്പെടുത്തുകയും ചെയ്യുന്നതിലൂടെ വിശകലനത്തിലൂന്നി വിമർശനപരമായി കാര്യങ്ങളെ സമീപിക്കുന്നു.
- ചർച്ചകളിൽ പങ്കെടുത്ത് മറ്റുള്ളവരുടെ അഭിപ്രായങ്ങൾ ക്ഷമാപൂർവം കേൾക്കുന്ന ശീലം.

## പഠന സാമഗ്രികൾ

പാഠത്തിൽനിന്നും തെരഞ്ഞെടുത്ത് വായനക്കായി നൽകുന്ന ഭാഗങ്ങൾ

അക്ഷരമാല എഴുതിയ ചാർട്ട്.

## പ്രവർത്തനം /പ്രക്രിയ

**കാനനോത്സവം (സമയം 150 മിനിറ്റ്)**

- പാഠഭാഗം വ്യക്തിഗതവായന
  - ➢ വ്യക്തിഗത വായനയിൽ എല്ലാകുട്ടികളും ഒരേപോലെ പങ്കാളികളാവണമെന്നില്ല. എല്ലാവരേയും വായനയിലേക്കാകർഷിക്കാൻ എന്തെല്ലാം ചെയ്യാം?
- പുസ്തകത്തിലെ ചില ചിത്രങ്ങൾ ചൂണ്ടിക്കാണിക്കുന്നു. വിവരണത്തിൽ ആ ചിത്രത്തിൽ സൂചിപ്പിക്കുന്ന ഭാഗം കണ്ടെത്തി വായിക്കൽ, അടിവരയിടൽ
- ഒരു സ്കൂളിന്റെ ചിത്രം ടീച്ചർ പ്രദർശിപ്പിക്കുന്നു. ഈ സ്കൂളിന്റെ പേരുകണ്ടെത്തി എഴുതൽ
- പ്ലാവിന്റെ ചിത്രം പ്രദർശിപ്പിച്ച് അതിന്റെ പേരുകണ്ടെത്തൽ
- അനുബന്ധം 1.8 - പാഠഭാഗത്തെ ആറു ഭാഗമാക്കിത്തിരിച്ചത് കുട്ടികൾക്ക് വിതരണം ചെയ്യുന്നു.
- കുറിപ്പ് മൗനവായന (വ്യക്തിഗതം) എന്തു ചിത്രം വരയ്ക്കണമെന്ന് കണ്ടെത്തൽ - ചിത്രരചന (വ്യക്തിഗതം).

പുതുമയുള്ള ഒരു മത്സരം സംഘടിപ്പിക്കാൻ ഐഡിയ തന്നതിന് ഒറ്റക്കൊമ്പൻ കുഞ്ഞിപ്രാവിനെ തളിരില അണിയിച്ചുകൊണ്ട് ആദരിച്ചു. എല്ലാ കൊല്ലവും കാട്ടിൽ കലോത്സവം നടത്തുമെന്ന് പ്രഖ്യാപിക്കുകയും ചെയ്തു. കാട്ടുകാരെല്ലാം ആർത്തുല്ലസിച്ചാണ് സ്വന്തം കൂട്ടിലേക്കു പോയത്.

- കുട്ടികൾ ചിത്രം വരയ്ക്കുന്ന സമയത്ത് ടീച്ചർ വായനയിൽ സഹായം വേണ്ടവരെ നേരിട്ട് സഹായിക്കുന്നു. (ഇവിടെ അർഥപൂർണമായി വായന നടക്കുക എന്നതാണ് ലക്ഷ്യം. ചി

ത്രത്തിന്റെ പൂർണത പരിഗണിക്കേണ്ടതില്ല.)

- ടീച്ചർ ഭാവാത്മകമായി വായിക്കുന്നു.

വിവരണമെന്നാൽ കേവലം വസ്തുതകൾ നിരത്തിവയ്ക്കലല്ല. മുൻപിൻബന്ധം ഉണ്ടാവുക എന്നത് പ്രധാനം തന്നെ. പുതിയ വാക്കുകളും പദക്കൂട്ടുകളും കണ്ടെത്തി ഉപയോഗിക്കുമ്പോൾ അതിന് ചന്തം കൂടും. മാത്രമല്ല ഒരനുഭവത്തെ മറ്റൊരു സന്ദർഭത്തിൽ ചേർത്തുവയ്ക്കുമ്പോൾ അത് വിവരണത്തിന് കൂടുതൽ മിഴിവുനൽകും. ഉദാഹരണമായി "കുട്ടികൾ തിങ്ങിനിറഞ്ഞ ഗ്രൗണ്ട് പൂത്തതാഴ്‌വരപോലെ." പൂത്തതാഴ്‌വര എന്നത് കിളിക്ക് മറ്റൊരവസരത്തിലുണ്ടായ അനുഭവമാണ്. കുട്ടികൾ തിങ്ങിനിറഞ്ഞു നിൽക്കുന്ന കാഴ്ചയോട് ഈ അനുഭവത്തെ ചേർത്തുവച്ചു പറഞ്ഞപ്പോൾ അതിന് കൂടുതൽ മിഴിവ് കൈവന്നു.

രസകരമായ പ്രയോഗങ്ങൾ കുട്ടികളുടെ ശ്രദ്ധയിൽ കൊണ്ടുവരുവാൻ ചർച്ച

- പൂത്ത താഴ്‌വരപോലെ - സ്കൂൾ ഗ്രൗണ്ടിനെ പൂത്തതാഴ്‌വര എന്നു പറഞ്ഞത് എന്തുകൊണ്ടാവും?
- നക്ഷത്രത്തരിപോലെ നെന്മണികൾ - എന്തായിരിക്കും ഇങ്ങനെ പറയാൻ കാരണം?
- 'ദാ..ന്ന് പറഞ്ഞതുപോലെ കലോത്സവദിനമായി' - ദാ... ന്ന് പറഞ്ഞതു പോലെ എന്നാൽ എന്താണ് മനസ്സിലായത്?
- വളരെ പെട്ടെന്ന് എന്ന് പറയുന്നതിനു പകരം ഇങ്ങനെ പറയുന്നതുകൊണ്ട് എന്താണ് ഗുണം?
- ഇത്തരത്തിൽ പ്രത്യേക അർഥം ഇല്ല എന്നു തോന്നുമെങ്കിലും വളരെ രസകരമായി കാര്യങ്ങൾ വിശദമാക്കാൻ ചില നാട്ടു പ്രയോഗങ്ങൾ എല്ലായിടത്തുമുണ്ടാവും. പരിചയമുള്ള ഇത്തരം പ്രയോഗങ്ങൾ കുട്ടികൾ പറയുന്നു.

- ചക്കരമാമ്പഴം ചപ്പിളിപിളിയായി
- ശരേ... ന്ന് മഴപെയ്തു.
- ചടപടധിം... അതാ കിടക്കുന്നു താഴെ.
- ഡും... പാത്തുമ്മടെ ആടുപെറ്റു.
- പത്തോം... ന്ന് വീണു.

**കാനനോത്സവം - പുതിയ ഇനങ്ങൾ**

ഒരു കാര്യം വായിച്ച് അതിനോട് സർഗാത്മകമായി ഇടപെടാൻ കഴിയുമ്പോഴാണ് വായന ജൈവികമാവുന്നത്. ഇവിടെ വിവരണം വായിച്ച് കുട്ടി അതിനോട് സർഗാത്മകമായി ഇടപെടേണ്ടതുണ്ട്. അതിനാണ് പുതിയ ഇനങ്ങൾ നിർദ്ദേശിക്കാൻ പാഠപുസ്തകത്തിൽ പറഞ്ഞിട്ടുള്ളത്.

ഇതിനായി ക്ലാസിൽ ഒരു ചർച്ച.

- ആന പങ്കെടുക്കാനിടയുള്ള മത്സരം ഏതാവും?
- ഫാൻസി ഡ്രസ് മത്സരത്തിൽ ആരാവും പങ്കെടുക്കുക?
- വണ്ട്, കൊതുക്, തേനീച്ച എന്നിവർക്ക് ഒന്നിച്ച് പങ്കെടുക്കാവുന്ന മത്സരം ഏതാവും.
- പാട്ടുപാടൽ മത്സരത്തിൽ പങ്കെടുക്കാനിടയുള്ളതാരാണ്?
- ഓരിയിടൽ മത്സരത്തിലോ?
- 
- 

ചർച്ചയിലൂടെ താഴെക്കാണുന്ന കണ്ടെത്തലുകൾ ഉണ്ടായേക്കാം.

- ചിന്നം വിളി മത്സരം - ആന
- ഫാൻസി ഡ്രസ്സ് - ഓന്ത്
- വാലാട്ടിക്കളി - പക്ഷികൾ

- മൂളിപ്പാട്ടു മത്സരം - വണ്ട്, കൊതുക്, തേനീച്ച
- ഓരിയിടൽ മത്സരം - കുറുക്കൻ, നായ
-
-

## ഇനിയും പുതിയ ഇനങ്ങൾ കണ്ടെത്താം

വിവരണത്തിൽ ഉള്ളതും കുട്ടികൾ കണ്ടെത്തിയതുമായ മത്സരയിനങ്ങൾ അക്ഷരമാലാക്രമത്തിൽ പട്ടികപ്പെടുത്തുന്നു.

അക്ഷരമാലാ ചാർട്ടുമായി ഒത്തുനോക്കി വാക്കുകളുടെ ക്രമം ഉറപ്പിക്കൽ (ആദ്യ അക്ഷരം മാത്രം പരിഗണിച്ചാൽ മതി.) ഇത്തരം ഒരു പരിശോധന സാധ്യമാക്കുവാൻ ആ സമയത്ത് ക്ലാസിൽ അക്ഷരമാലാ ചാർട്ട് പ്രദർശിപ്പിക്കണം. അതുമായി തട്ടിച്ചുനോക്കി താൻ നിർണയിച്ച ക്രമം കുട്ടികൾ സ്വയം പരിശോധിച്ച് ഉറപ്പുവരുത്തട്ടെ.)

കുട്ടികൾ എഴുതേണ്ട രീതി ഉദാഹരണമെന്ന നിലയിൽ ടീച്ചർ കാണിക്കേണ്ടിവരും.

- ആന - ചിന്നംവിളി
- ഓന്ത് - ഫാൻസി ഡ്രസ്സ്
- കാക്ക - കുറുകൽ
- കുയിൽ - പാട്ട്
- പ്രാവ് - കുറുകൽ
- മയിൽ - നൃത്തം
- തത്ത - പാട്ട്

## നിയമാവലി

ലളിതമായ ഒരു സർഗാത്മക പ്രവർത്തനമാണ് നിയമാവലി തയ്യാറാക്കൽ. ഇതിന് മുന്നനുഭവം നൽകാനായി പരിചയമുള്ള ഒരു പരിപാടിയുടെ നിയമാവലി ചർച്ചയിലൂടെ രൂപപ്പെടുത്തണം. ഉദാഹരണത്തിന് സംഘനൃത്തമാണെന്നു വയ്ക്കൂ.

- സംഘത്തിൽ എത്രപേരുണ്ടാവാം?
- എത്രസമയം നൃത്തം വയ്ക്കാം?
- എന്തെല്ലാം വേഷവിധാനങ്ങളാവാം?
- അണിഞ്ഞൊരുങ്ങാനുള്ള ആഭരണങ്ങളും ഡ്രസ്സുകളും പങ്കെടുക്കുന്നവർ കൊണ്ടുവരേണ്ടതുണ്ടോ?
- പാട്ടിനും കൊട്ടിനും കാസറ്റ് ഉപയോഗിക്കാമോ?
-

- ചർച്ചയിലൂടെ സംഘനൃത്തത്തിന്റെ നിയമാവലി രൂപപ്പെടുത്തൽ.
- കുട്ടികൾ കാനനോത്സവത്തിലെ വിവിധ ഇനങ്ങളുടെ നിയമാവലി തയ്യാറാക്കട്ടെ (വ്യക്തിഗതം)-നിർദ്ദിഷ്ട കുട്ടികളുടെ അവതരണം.
- തയ്യാറാക്കിയ നിയമാവലി ചർച്ച.
- ചർച്ച എങ്ങനെ നയിക്കാം?
  - നിയമാവലി പങ്കെടുക്കുന്ന ജീവികളുടെ പ്രത്യേകതകൾക്ക് യോജിച്ചവയാണോ?
  - സമയത്തെ സംബന്ധിച്ച നിബന്ധന ഉചിതമാണോ?
  - വാദ്യോപകരണങ്ങളെസംബന്ധിച്ച നിർദ്ദേശങ്ങളുണ്ടോ?
  -
  -

- ടീച്ചർവേർഷൻ അവതരണം

> മൂളിപ്പാട്ടു മത്സരം - നിയമാവലി
> - അഞ്ചുമിനിറ്റാണ് മത്സര സമയം
> - ഒരു ഗ്രൂപ്പിൽ ഏഴുപേർക്കു പങ്കെടുക്കാം
> - വാദ്യോപകരണങ്ങൾ ഉപയോഗിക്കരുത്.
> - പറന്നു നടക്കുന്ന ജീവികൾ മാത്രമേ പങ്കെടുക്കാൻ പാടുള്ളൂ

- വ്യക്തിഗതമായി തയ്യാറാക്കിയ നിയമാവലി മെച്ചപ്പെടുത്തൽ

**കായിക മത്സര ഇനങ്ങൾ കണ്ടെത്തൽ**

കുട്ടികളുടെ ചിന്തക്ക് വൈവിദ്ധ്യമുണ്ടാക്കാൻ ഈ പ്രവർത്തനം സഹായിക്കും.

കാട്ടുജീവികളുടെ കായിക മത്സര ഇനങ്ങൾ - എഴുത്ത് (വ്യക്തിഗതം)

അവതരണം ചർച്ച.

- മരം പറിച്ചെടുക്കൽ മത്സരം
- തേൻ ശേഖരണം
- മരഞ്ചാട്ടം
- കൂടുണ്ടാക്കൽ മത്സരം
- നീന്തൽ
- മാളം നിർമിക്കൽ
- ഓട്ടം ചാട്ടം പറക്കൽ (ഉയരത്തിൽ പറക്കൽ, വേഗത്തിൽ പറക്കൽ)

- ഇത്തരം ഇനങ്ങൾ കൂട്ടിച്ചേർത്ത് ക്രോഡീകരണം ബോർഡിൽ
- പുതിയ മത്സര ഇനങ്ങൾ, നിയമാവലി, കായിക മത്സര ഇനങ്ങൾ എന്നിവയെല്ലാം കുട്ടികളുടെ നോട്ടുപുസ്തകത്തിൽ ചേർക്കണം.

**കുഞ്ഞരിപ്രാവുകണ്ട കലോത്സവം**

- "താൻകണ്ട കലോത്സവത്തെപ്പറ്റി കുഞ്ഞരിപ്രാവ് വിശദമായി പറഞ്ഞു."- കുഞ്ഞരിപ്രാവ് സായാഹ്നസഭയിൽ നടത്തിയ അനുഭവവിവരണം എന്തായിരിക്കും?
  - കുഞ്ഞരിപ്രാവിന്റെ സ്കൂൾ കലാമേളാനുഭവങ്ങൾ കുട്ടികൾ പറയുന്നു.
  - കുഞ്ഞരിപ്രാവിന്റെ അനുഭവവിവരണം  എഴുതി തയ്യാറാക്കുന്നു. (വ്യക്തിഗതം)
  - ചിലർ വായിച്ചവതരിപ്പിക്കുന്നു.
- നല്ലൊരനുഭവക്കുറിപ്പിന് എന്തെല്ലാം പ്രത്യേകതകൾ വേണം?

ടീച്ചറും കുട്ടികളും ചേർന്ന് പൊതു ചർച്ച നടത്തി അനുഭവവിവരണത്തിന്റെ സൂചകങ്ങൾ വികസിപ്പിക്കുന്നു.

> **സൂചകങ്ങൾ:**
> - വിവരണം വായിക്കുമ്പോൾ, സംഭവങ്ങളും സന്ദർഭങ്ങളും വ്യക്തമായി മനസ്സിലാക്കാനാവുന്നുണ്ട്.
> - മനസ്സിൽതട്ടുന്ന രീതിയിൽ എഴുതിയിട്ടുണ്ട്.
> - യോജിച്ച വാക്കുകളും പ്രയോഗങ്ങളും ഉപയോഗിച്ചിട്ടുണ്ട്.

- വ്യക്തിപരമായി എഴുതിത്തയ്യാറാക്കിയ രചനകൾ ഗ്രൂപ്പുകളിൽ അവതരണം.
- സൂചകങ്ങളെ അടിസ്ഥാനമാക്കി വിലയിരുത്തൽ
- പരസ്പരം മെച്ചപ്പെടുത്തൽ നിദേശങ്ങൾ പങ്കുവെക്കൽ.

- ഓരോ ഗ്രൂപ്പും പുതിയൊരു വിവരണം എഴുതി ക്ലാസ്സിലവതരണം.
- മറ്റ് ഗ്രൂപ്പുകൾ മെച്ചപ്പെടുത്തൽ നിർദേശങ്ങൾ പങ്കിടട്ടെ. മികച്ച വിവരണത്തെ അടിസ്ഥാനമാക്കി സൂചകങ്ങളിൽ വേണ്ട കൂട്ടിച്ചേർക്കലുകൾ നടത്താം.
- സാധ്യതയുള്ള ഒരു ഗ്രൂപ്പ് വിവരണം തെരഞ്ഞെടുത്ത് എഡിറ്റിങ്ങ്.

**ടീച്ചർവേർഷൻ (ചാർട്ടിൽ എഴുതി അവതരണം)**

- സൂചകങ്ങൾക്കിണങ്ങുന്ന എന്തെല്ലാം കാര്യങ്ങൾ ഈ വിവരണത്തിലുണ്ടെന്ന് ചർച്ച.
- സൂചകങ്ങളെ അടിസ്ഥാനമാക്കി ഓരോരുത്തരും സ്വന്തം രചന മെച്ചപ്പെടുത്തുന്നു. (ഗൃഹപാഠം)
- മെച്ചപ്പെടുത്തിയ വിവരണം രചനാശേഖരത്തിലേക്ക്.
- അവതരണ സന്ദർഭങ്ങൾ
- പ്രഭാതസർഗവേള,
-

**ടീച്ചർ വേർഷൻ**

**അതു സാരല്യ**

സ്കൂൾവിട്ടു വരികയാണ്. അപ്പോഴാണ് പി ടി പിര്യേഡിൽ കളിക്കുമ്പോൾ മേലിൽ തട്ടിയ ചൊറിയൻ ചെടിയുടെ ഫലം അറിഞ്ഞത്. ചൊറിച്ചിൽകൊണ്ട് ഞാൻ ഓടി.

"എൻറമ്മേ.. കാലും കയ്യും ചൊറിയിണേ.."

പെട്ടെന്നെനിക്ക് പോകുന്ന വഴിയിലുള്ള അരിച്ചാൽ ഓർമവന്നു. വേഗം ഞാൻ അരിച്ചാലിനടുത്തെത്തി. കണ്ണാടിപോലെ ഒഴുകുന്ന തെളിഞ്ഞവെള്ളം. ആഹാ... എന്തുഭംഗി!

ങാ.. അതൊന്നും എനിക്കിപ്പോൾ അറിയേണ്ട കാര്യമില്ല. എനിക്കു ചൊറിഞ്ഞിട്ടു വയ്യ.

ഒന്നും നോക്കാതെ ഞാൻ വെള്ളത്തിലേക്ക് എടുത്തുചാടി. മുടി നനഞ്ഞു. യൂണിഫോം പകുതി മുക്കാലും നല്ലവണ്ണം നനഞ്ഞു. കുളിച്ചതോ, ചെളിവെള്ളത്തിൽ.

വേറെയൊന്നുമല്ല. ചാലിൽ ചാടിയപ്പോൾ ചാലിന്റെ അടിയിലുള്ള ചെളി ഇളകി ശുദ്ധജലം അശുദ്ധമായതാ.

അതു സാരല്യ. ചൊറിച്ചിൽ മാറിക്കിട്ടിയല്ലോ!

*(അരിച്ചാൽ - വഴിയരികിലൂടെ വെള്ളമൊഴുകിപ്പോകുന്ന ചെറിയ ചാൽ (അരികുചാൽ)*

*(ജസ, ക്ലാസ് 3 ജി എൽ പി സ്കൂൾ, കരിങ്കല്ലത്താണി, പാലക്കാട് ജില്ലയിലെ കരിങ്കല്ലത്താണി ജി എം എൽ പി സ്കൂളിൽ പഠിക്കുന്ന ജസ അൻവറിന്റെ 'ജസയുടെ ഡയറിക്കുറിപ്പുകൾ' എന്ന പുസ്തകത്തിൽ നിന്ന് എടുത്തത്. ഋതു ബുക്സ്, ശ്രീകൃഷ്ണപുരം പുറത്തിറക്കിയത്)*

## സ്വന്തം നാട്ടിലെ കലാരൂപങ്ങൾ

**(കലാവിദ്യാഭ്യാസം സമയം120 മിനിറ്റ്)**

കാട്ടിലെ ഉത്സവം കണ്ടു. ഓരോ നാട്ടിലും ആ നാടിന്റെ സവിശേഷമായ ചില പ്രാദേശിക കലാരൂപങ്ങൾ ഉണ്ടാവും. അവ കുട്ടികൾക്ക് പരിചയപ്പെടാനുള്ള സന്ദർഭമാണിത്. നാട്ടിലെ കലാരൂപം കാണുന്നതിനായി അവ അവതരിപ്പിക്കുന്ന സ്ഥലത്തേക്ക് കുട്ടികളുമായി പോവുകയോ, കലാപ്രവർത്തകരെ സ്കൂളിലേക്കു വിളിച്ച് പരിപാടി അവതരിപ്പിക്കുകയോ ചെയ്യാം. രണ്ടായാലും കാണാൻ പോകുന്ന കലാരൂപത്തെക്കുറിച്ച് പ്രാഥമികമായി ചില വിവരങ്ങൾ ടീച്ചർ കുട്ടികൾക്ക് നൽകണം. അതിനാവശ്യമായ മുന്നൊരുക്കം പാഠാവതരണത്തിനുമുമ്പ് നടത്തേണ്ടതുണ്ട്.

കലാവതരണത്തിന്റെ കാഴ്ചയാണ് പ്രധാനം. ഒപ്പം കുട്ടികൾക്ക് കലാപ്രവർത്തകരുമായി സംസാരിക്കാനും കഴിയണം. അണിയുന്ന ആടയാഭരണങ്ങൾ, അവതരണത്തിൽ ഉപയോഗിക്കുന്ന പാട്ട് വാദ്യം എന്നിവയെക്കുറിച്ചൊക്കെ ചോദിക്കാനും അവസരം നൽകണം. എന്നാൽ അത് ഔപചാരികമായ ഒരു അഭിമുഖ സംഭാഷണമായി മാറുകയും വേണ്ട.

വാദ്യോപകരണങ്ങൾ, ആടയാഭരണങ്ങൾ എന്നിവയുടെയും മറ്റും പേര്, അവതരണവുമായി ബന്ധപ്പെട്ട ചടങ്ങുകൾ, ക്രമം എന്നിങ്ങനെ കലാപ്രവർത്തകരുമായി സംസാരിക്കുമ്പോൾ കേട്ട പുതിയ വാക്കുകൾ കുട്ടികളുടെ ശ്രദ്ധയിൽ കൊണ്ടുവരണം. എന്നാൽ അവ അപ്പപ്പോൾ എഴുതിയെടുക്കണമെന്ന് കുട്ടികളോട് നിർദ്ദേശിക്കണമെന്നില്ല. അതേസമയം ടീച്ചർ അവ രേഖപ്പെടുത്തി വയ്ക്കുകയും വേണം. കഴിയുമെങ്കിൽ കലാവതരണവും കലാകാരുടെ വർത്തമാനവും വീഡിയോ റെക്കോർഡ് ചെയ്തുവയ്ക്കുന്നതും നന്നാവും.

തന്റെ നാട്ടിലും മറ്റു പ്രദേശങ്ങളിലെല്ലാമുള്ളതുപോലെ സവിശേഷമായ കലാരൂപങ്ങൾ ഉണ്ടെന്ന് കണ്ടെത്താൻ കുട്ടിക്കവസരം നൽകുകയെന്നതാണ് ഇവിടെ പ്രധാനമായും നടക്കേണ്ടത്. അതിനാൽത്തന്നെ കലാരൂപം കണ്ടതിനുശേഷം തുടർ പ്രവർത്തനങ്ങൾ ഉണ്ടാവണം. എന്തെല്ലാം തുടർ പ്രവർത്തനങ്ങളാവാം?

- കലാരൂപങ്ങളുടെ ചിത്രം ഒട്ടിയ്ക്കൽ, പ്രദർശനം
- സാധ്യതയുള്ള കലാരൂപങ്ങൾ നേരിട്ടുകാണൽ
- ICT സാധ്യത ഉപയോഗിച്ച് കലാരൂപങ്ങൾ കാണൽ
- 

## ഡയറി (സമയം 90 മിനിറ്റ്)

## പഠനലക്ഷ്യങ്ങൾ

- കലാരൂപം കണ്ടാസ്വദിച്ച അനുഭവം ഡയറിയായോ അനുഭവവിവരണമായോ എഴുതുക. വാക്കകലം വരിയകലം, ഖണ്ഡികാകരണം, അക്ഷരവ്യക്തത, ചിഹ്നനം എന്നിവ പാലിച്ച് എഴുതുന്നതിൽ ആനന്ദിക്കുക.
- ചർച്ചകളിൽ പങ്കെടുത്ത് അധ്യാപകരുടെ സഹായത്തോടെ വിലയിരുത്തൽ സൂചകങ്ങൾ വികസിപ്പിക്കുക. ഇതിന്റെ അടിസ്ഥാനത്തിൽ സ്വന്തം രചനകളും മറ്റുള്ളവരുടെ രചനകളും വിലയിരുത്തി മെച്ചപ്പെടുത്തുന്നതിൽ സന്തോഷിക്കുക.

### നിർമ്മിക്കേണ്ട അറിവുകൾ

**ആശയം/ധാരണ**

- അനുഭവവിവരണം മനസ്സിൽ തട്ടുന്നതാവണമെങ്കിൽ ഉചിതമായ പദങ്ങൾ, പ്രയോഗങ്ങൾ, സാമ്യപ്പെടുത്തിപ്പറയലുകൾ മുതലായവ വേണം.
- അനുഭവങ്ങൾ മനസ്സിൽത്തട്ടുന്ന രീതിയിൽ അവതരിപ്പിക്കാൻ ആശയങ്ങളെ ക്രമപ്പെടുത്തേണ്ടതുണ്ട്.
- അനുഭവവിവരണത്തിന് കരുത്തുകൂട്ടാൻ പുതിയ പദക്കൂട്ടുകൾ,പ്രയോഗങ്ങൾ മുതലായവ സഹായിക്കും .
- മനസ്സിൽത്തട്ടുന്ന അനുഭവങ്ങൾ ഉചിതമായ മറ്റൊരു സന്ദർഭത്തിൽ അവതരിപ്പിക്കാൻ കഴിയും.
- മനസ്സിനെ സ്പർശിച്ച അനുഭവങ്ങളും, അതിനോടുള്ള പ്രതികരണങ്ങളുമടക്കം എഴുതുമ്പോഴാണ് ഡയറി മികച്ചതാകുന്നത്.
- പ്രതികരണങ്ങൾ അവതരിപ്പിക്കുന്നതിന് യോജിച്ച ചില പദങ്ങൾ, പ്രയോഗങ്ങൾ എന്നിവ തെരഞ്ഞെടുത്ത് ഉപയോഗിക്കുന്നതിലൂടെ ഡയറി/അനുഭവക്കുറിപ്പ് കൂടുതൽ മനോഹരമാകും.

**ശേഷി/നൈപുണി**

- ഭാഷാവസ്തുതകൾ (ചിഹ്നനം, പദക്കൂട്ട്, പ്രയോഗം, പകരം പദം വിശേഷണം, സമാനപദം) തിരിച്ചറിഞ്ഞ് ഉചിതമായ സന്ദർഭങ്ങളിൽ പ്രയോഗിക്കുന്നു.
- മനസ്സിൽ സ്പർശിച്ച അനുഭവങ്ങളും പ്രതികരണങ്ങളും അനുയോജ്യമായ പദങ്ങളും പ്രയോഗങ്ങളും ഉപയോഗിച്ച് ഡയറിയായോ അനുഭവക്കുറിപ്പായോ എഴുതുന്നു.

**മൂല്യം/മനോഭാവം**

- മറ്റുള്ളവരുടെ അഭിപ്രായങ്ങൾ പരിഗണിച്ച് സ്വന്തം ധാരണകൾ വിലയിരുത്തുന്ന ശീലം
- ഉചിതമായ മാറ്റങ്ങൾ വരുത്തി സ്വന്തം ധാരണകൾ നിരന്തരം പുതുക്കി മെച്ചപ്പെടുത്തുന്ന ശീലം

## പഠന സാമഗ്രികൾ

ടീച്ചർ തയ്യാറാക്കിയ 2 ഡയറിക്കുറിപ്പ് ചാർട്ടിൽ എഴുതിയത്

## പ്രവർത്തനം /പ്രക്രിയ

- കലാവതരണം കണ്ട ദിവസത്തെ ഡയറി തയ്യാറാക്കൽ (വ്യക്തിഗതം).
- അവതരണം
  - ➢ പലരും ഡയറി എഴുതുന്നത് സർഗാത്മകമായ ഭാഷ ഉപയോഗിച്ചല്ല. സംഭവങ്ങളുടെ കേവലമായ റിപ്പോർട്ടായി ചുരുങ്ങുന്നു.
  - ➢ ഡയറിയിൽ പ്രയോഗിക്കുന്ന ഭാഷ എങ്ങനെ സർഗാത്മകമാക്കാം?
- അനുബന്ധം 1.9 പകർപ്പെടുത്ത് കുട്ടികൾക്ക് നൽകുന്നു.
- മൗനവായന (വ്യക്തിഗതം)
- നിർദ്ദിഷ്ട കുട്ടികളുടെ ഭാവാത്മക വായന
- ടീച്ചറുടെ ഭാവാത്മക വായന

**ഡയറിയെക്കുറിച്ച് ചർച്ച**

- ഡയറിയിൽ സൂചിപ്പിച്ച കാര്യങ്ങൾ മാത്രം ക്രമമായി പറയൂ.(സ്വതന്ത്ര പ്രതികരണം)
- ടീച്ചർ ബോർഡിൽ ഖണ്ഡികാരൂപത്തിൽ എഴുതുന്നു.

കുട്ടികൾ എന്തെല്ലാം പറയാനിടയുണ്ട്?

കാവിൽ ഉത്സവമാണ്. വിരുന്നുകാർ വന്നു. സദ്യ ഒരുക്കി. അമ്മാമൻ വന്നു. കാവിൽ ഉത്സവം കാണാൻ പോയി. ഉത്സവക്കാഴ്ചകൾ കണ്ടു. തുള്ളലിന്റെ വേഷം ചന്തമുള്ളതാണ്. ഓട്ടൻ തുള്ളൽ ഗംഭീരമായി. തുള്ളൽക്കാരൻ കളിയാക്കി. ഉത്സവം കഴിഞ്ഞിട്ടും തുള്ളലിന്റെ രസം പോയില്ല.

- ബോർഡിൽ എഴുതിയ ഡയറിയും 'തുള്ളിവരുന്നു സന്തോഷം' എന്ന ഡയറിയുമായി താരതമ്യം-ചർച്ച.
- ബോർഡിലെ ഡയറിയിലുള്ള എന്തെല്ലാം തുള്ളിവരുന്നു സന്തോഷം എന്നതിലുണ്ട്?
- "കളിപ്പാട്ടക്കടയിൽ ഉത്സവമേളം." ഉത്സവം കാവിലല്ലേ? പിന്നെന്തോ ഇങ്ങനെ പറയാൻ?
- ഡയറി നന്നാവണമെങ്കിൽ അതിന് എന്തെല്ലാം പ്രത്യേകതകൾ വേണം? ചർച്ച, ഡയറിയുടെ സൂചകങ്ങൾ വികസിപ്പിക്കുന്നു.

**സൂചകങ്ങൾ:**

- കാര്യങ്ങൾ ക്രമമായി എഴുതിയിട്ടുണ്ട്. പ്രധാന കാര്യങ്ങൾ വിട്ടുപോകാതെ എഴുതിയിട്ടുണ്ട്.
- ഖണ്ഡികതിരിച്ച്, ആവശ്യമായ ചിഹ്നങ്ങൾ ചേർത്ത് എഴുതിയിട്ടുണ്ട്
- മനസ്സിലുണ്ടായ ചിന്തകളും, തോന്നലുകളും ചേർത്തെഴുതിയിട്ടുണ്ട്.
- കണ്ടകാര്യങ്ങൾ വാക്കുകളിൽ വരച്ചിടുന്ന രീതിയിൽ എഴുതിയിട്ടുണ്ട്.
- വായിക്കുന്നവർക്ക് രസം തോന്നുന്നവിധം യോജിച്ച വാക്കുകൾ, പ്രയോഗങ്ങൾ മുതലായവ ചേർത്തിട്ടുണ്ട്.

- കലാരൂപം കണ്ട ദിവസത്തെ ഡയറിയെഴുത്ത്. (വ്യക്തിഗതം)
  - ➢ ഡയറിയെഴുത്തിൽ അനുഭവക്കുറവുള്ളവരെ എങ്ങനെ സഹായിക്കാം.
  - ➢ സംഭവങ്ങൾ ക്രമത്തിൽ പറയൽ
  - ➢ കുട്ടികൾക്ക് പ്രയാസം തോന്നുമെന്ന് കരുതുന്ന വാക്കുകൾ ബോർഡിലെഴുത്ത്
  - ➢ കലാരൂപം കണ്ടപ്പോൾ/അവരുമായി വർത്തമാനം പറഞ്ഞപ്പോൾ മനസ്സിൽ വന്ന ചിന്തകളും തോന്നലുകളും എന്തെല്ലാമായിരുന്നു? (സ്വതന്ത്ര പ്രതികരണം)
- ചർച്ചയെത്തുടർന്ന് കുട്ടികൾ എഴുതട്ടെ
- അവതരണം- സൂചകങ്ങൾ വെച്ച് ചർച്ച.
- അവരവർ എഴുതിയ ഡയറി മെച്ചപ്പെടുത്തൽ (ഗൃഹപാഠം)

**അവതരണ സന്ദർഭങ്ങൾ**

ഏതാനും പേർ പ്രഭാതസർഗവേളയിൽ അവതരിപ്പിക്കാം. മെച്ചപ്പെടുത്തിയ ഡയറി/അനുഭവ വിവരണം രചനാശേഖരത്തിൽ ചേർക്കണം.

# നിറങ്ങളുടെ നൃത്തം

## ആമുഖം

കേരളത്തിൽ അങ്ങോളമിങ്ങോളം പല കലാരൂപങ്ങളുണ്ട്. പ്രചാരത്തിലുള്ള പ്രദേശം, ഉപയോഗിക്കുന്ന വേഷവിധാനം, താളം, നൃത്തം, പിന്നണിപ്പാട്ട്, വാദ്യോപകരണങ്ങൾ എന്നിവയിലെല്ലാം വിവിധ കലാരൂപങ്ങൾ തമ്മിൽ സാമ്യവും വ്യത്യാസവും ധാരാളമുണ്ടാവും.

കുട്ടിയുടെ ജീവിത സാഹചര്യങ്ങളുമായി ബന്ധപ്പെട്ടുള്ള വ്യത്യസ്ത കലാരൂപങ്ങൾ കാണാനും ചില സവിശേഷതകൾ അറിയാനുമുള്ള പരിശ്രമമാണ് ഇവിടെ നടക്കുന്നത്. ഇതിനുള്ള സഹായകസാമഗ്രി എന്ന നിലയിലാണ് പാഠഭാഗത്ത് പടയണിയും കഥകളി കത്തിവേഷവും നൽകിയിട്ടുള്ളത്. കഥകളിയോ പടയണിയോ ആഴത്തിൽ പഠിക്കണം എന്നുദ്ദേശിച്ചിട്ടില്ല. തനതു പ്രദേശത്ത് പ്രചാരത്തിലുള്ള ഏതു രണ്ടു കലാരൂപത്തെയും പകരമായി ഉപയോഗിക്കാം. ഇവ നേരിട്ടുകാണാനോ അല്ലെങ്കിൽ അവയുടെ വീഡിയോ കാണാനോ അവസരമൊരുക്കണം. നാടൻകല, ശാസ്ത്രീയകല എന്ന വേർതിരിവൊന്നും ഈ ഘട്ടത്തിൽ കുട്ടികൾ തിരിച്ചറിയണമെന്നില്ല. കലകളെല്ലാം ഒരു പോലെയല്ല എന്നു കണ്ടെത്തിയാൽ മതി. കൂടുതൽ വൈവിധ്യമാർന്നവയും പ്രാദേശികമായി പ്രാധാന്യമുള്ളവയുമായ കലാരൂപങ്ങൾ ICT സാധ്യത ഉപയോഗപ്പെടുത്തി കുട്ടികൾക്ക് കാണാനവസരം ഒരുക്കാം. പൊതുവായി അവയെ താരതമ്യം ചെയ്താൽ മതിയാവും. വിവിധ കലാരൂപങ്ങൾ കാണാനും അവ തമ്മിലുള്ള പ്രകടമായ സാമ്യവ്യത്യാസങ്ങൾ കണ്ടെത്താനുമാണ് ഇവിടെ പ്രാധാന്യം നൽകേണ്ടത്.

## പഠനലക്ഷ്യങ്ങൾ

- പ്രാദേശികമായ നാടോടിക്കലാരൂപങ്ങളിലെ വർണ്ണവൈവിധ്യവും രൂപവൈവിധ്യവും രസിച്ചുകാണുക.
- നാടോടിക്കലകളിലെ വർണ്ണവൈവിധ്യവും രൂപവൈവിധ്യവും തിരിച്ചറിഞ്ഞ് സന്തോഷ പൂർവ്വം ചിത്രീകരിക്കുക.
- വിവിധകലാരൂപങ്ങൾക്ക്,അവതരണത്തിനു സഹായകമായ സാഹിത്യരൂപം ഉണ്ടെന്ന് തിരിച്ചറിയുക. അവ രസിച്ചു കേട്ടും വായിച്ചും ആസ്വദിക്കുക.
- കവിത വായിച്ചുകേട്ടും സ്വയംവായിച്ചും ആശയം ഗ്രഹിച്ച് ആസ്വദിക്കുക.
- ആസ്വദിച്ച കാര്യങ്ങൾ രസകരമായ കവിതാവരികളായി അവതരിപ്പിക്കുക.

## നിർമ്മിക്കേണ്ട അറിവുകൾ

**ആശയം/ധാരണ**

- ഓരോനാടിനും അതിന്റേതായ നാടോടിക്കലാരൂപങ്ങളുണ്ട്. അവ തമ്മിൽ സാമ്യവ്യത്യാസങ്ങളുണ്ട്.
- അക്ഷരങ്ങളും പദങ്ങളും ഉചിതമായി ആവർത്തിക്കുമ്പോൾ കവിതയുടെ ഭംഗി വർദ്ധിക്കും.

**ശേഷി/നൈപുണി**

- കവിതകളിൽ ഉപയോഗിച്ച വാക്കുകളുടെ കിലുക്കം മുഴക്കം എന്നിവ കണ്ടെത്തുന്നു.
- കലാരൂപങ്ങളുടെ വർണ്ണരൂപവൈവിധ്യങ്ങൾ കണ്ടെത്തുന്നു
- ഈണം, താളം, ഘടനാപരമായ സവിശേഷതകൾ തുടങ്ങിയവയുള്ള കവിതകൾ കേട്ടും വായിച്ചും ആസ്വദിക്കുന്നു.
- കവിതകൾ ഈണത്തിലും താളത്തിലും ഭാവത്തിലും ഊന്നേണ്ടിടത്ത് ഊന്നിയും ഉച്ചാരണസ്ഫുടതയോടെ ചൊല്ലി അവതരിപ്പിക്കുന്നു.
- കവിതയിലെ കാവ്യഭംഗിയും പ്രയോഗ ഭംഗിയും തിരിച്ചറിയുന്നു.
- കവിതകളിൽ ആശയത്തിനും ഭാവത്തിനും ചേരുന്ന വരികൾ കൂട്ടിച്ചേർക്കുന്നു.

**മൂല്യം/മനോഭാവം**

- അനുഭവങ്ങളിൽനിന്നും ആർജിച്ചെടുത്ത താളബോധം പുതിയ കവിതകളിലും പാട്ടുകളിലും പ്രയോഗിച്ച് നോക്കുന്ന ശീലം.
- സ്വന്തം പ്രദേശത്തെ നാടൻകലകൾ, നാടോടി സാഹിത്യം എന്നിവ ആസ്വദിക്കാനും അവയെക്കുറിച്ച് മറ്റുള്ളവരോട് പറയാനുമുള്ള താൽപ്പര്യം.

## പഠനസാമഗ്രികൾ

- പടയുടെ കെടുതി- കവിതയുടെ ഈരടികൾ എഴുതിയ സ്ട്രിപ്പുകൾ
- അക്ഷരങ്ങൾക്ക് അടിവരയിട്ട് എഴുതിയ കവിത-ചാർട്ട്
- സമാന താളത്തിൽ മാറ്റിയെഴുതിയ ഈരടിയും കവിതയിലെ ഈരടിയും- ചാർട്ട്.

## പ്രവർത്തനം / പ്രക്രിയ

**ഞാൻ കണ്ടത് [സമയം - 30മിനിറ്റ്]**

- കണ്ടതോ / അറിയാവുന്നതോ ആയ കലാരൂപങ്ങളുടെ പേരെഴുതൽ - (വ്യക്തിഗതം)
- അവതരണം.
- ടീച്ചർ ബോർഡിൽ ക്രോഡീകരിക്കുന്നു.

- നേരിട്ടുകണ്ട/ICT മുഖേന പ്രദർശിപ്പിച്ച കലാരൂപങ്ങളെക്കുറിച്ച് ചില കുട്ടികൾക്ക് പറയാനവസരം.

➢ കുട്ടികൾ ഒന്നോ രണ്ടോ വാക്യത്തിൽ പറഞ്ഞു തീർക്കാൻ ഇടയുണ്ട്. എങ്ങിനെയെല്ലാം ഇടപെടും?

  - സ്റ്റേജിലായിരുന്നോ അവതരണം ?
  - വേഷം കെട്ടിവന്നവരായിരുന്നോ കളിച്ചത്?
  - എങ്കിൽ വേഷത്തിന്റെ പ്രത്യേകതകൾ എന്തൊക്കെ ? നിറം, വസ്ത്രം, കിരീടം മെയ്ക്കപ്പ്, മുതലായവ
  - പാട്ടും കൊട്ടുമൊക്കെ ഉണ്ടായിരുന്നോ?
  - കൊട്ടാനുപയോഗിച്ച വാദ്യങ്ങൾ എന്തൊക്കെ?
  -

തെരഞ്ഞെടുത്ത കലാരൂപത്തിനോട് ചേരുന്ന വിധത്തിലുള്ള ചോദ്യത്തിലൂടെ കുട്ടിയുടെ അനുഭവ വിവരണം പറയുന്നതിനെ പിന്തുണക്കുമല്ലോ.

## പാഠത്തിലേക്ക്

**ചിത്ര വായന [സമയം - 60മിനിറ്റ്]**

- പാഠപുസ്തകം പേജ് 29 ലെ കഥകളി കത്തിവേഷം, പടയണി എന്നിവയുടെ ചിത്രം നിരീക്ഷിക്കൽ (വ്യക്തിഗതം).

➢ നിരീക്ഷണത്തെ സൂക്ഷ്മമാക്കുന്നതിന് ചോദിക്കാവുന്ന ചോദ്യങ്ങൾ

  - എന്തിന്റെ ചിത്രങ്ങളാണിത്?
  - കഥകളി വേഷത്തിന്റെ തലയിൽ കാണുന്നതെന്താണ് ? [കിരീടം]
  - മുഖത്ത് എന്തൊക്കെ നിറങ്ങൾ കാണാനുണ്ട്?
  - എന്തെല്ലാം മുഖത്തെഴുത്തുകൾ [മുഖത്ത് വരച്ചുവച്ചത്]കാണാനുണ്ട്?
  - എവിടെയൊക്കെയാണ് ആഭരണങ്ങൾ അണിഞ്ഞിട്ടുള്ളത്?
  - വസ്ത്രത്തിൽ എന്തെല്ലാം നിറങ്ങളുണ്ട്?
  -

- ഇതുപോലെ ചോദ്യസൂചനയിലൂടെ പടയണി ചിത്രത്തിന്റെ വായനയും നിർവഹിക്കുന്നു.
- നിരീക്ഷണ ചോദ്യങ്ങളോട് നിർദ്ദിഷ്ട കുട്ടികൾക്ക് പ്രതികരിക്കാൻ അവസരം നൽകുമ്പോൾ പങ്കാളിത്തവും ശ്രദ്ധയും ജാഗ്രതയും ഉറപ്പാക്കാൻ കഴിയും.
- ചിത്രങ്ങൾ - താരതമ്യം
- രണ്ടു കലാരൂപങ്ങളും തമ്മിൽ കിരീടത്തിലും വസ്ത്രത്തിലും എന്തൊക്കെ വ്യത്യാസങ്ങളുണ്ട് ?
- ചിത്രങ്ങൾ നിരീക്ഷിച്ച് കണ്ടെത്തൽ (വ്യക്തിഗതം) അവതരണം.
- കലാരൂപങ്ങളുടെ താരതമ്യം (സാമ്യവ്യത്യാസങ്ങൾ കൃത്യതയോടെ അവതരിപ്പിക്കുന്നുണ്ടോ?-ടീച്ചറുടെ വിലയിരുത്തൽ)

➢ കണ്ടെത്താൻ കഴിയാത്തവരെ എങ്ങനെ സഹായിക്കും?

  - രണ്ടിന്റെയും കിരീടങ്ങളുടെ വലുപ്പം ഒരുപോലെയാണോ? എന്താണ് മാറ്റം? കിരീടത്തിൽ കാണുന്ന വസ്തുക്കൾക്ക് എന്തെല്ലാം മാറ്റങ്ങളുണ്ട്?
  - രണ്ടിന്റെയും വസ്ത്രം ഒരുപോലെയാണോ?
  -

- കണ്ടെത്തിയ കാര്യങ്ങൾ അവതരണം - (പ്രയാസം നേരിടുന്ന കുട്ടികൾക്ക് അവസരം)

- മറ്റു കുട്ടികൾ കൂട്ടിച്ചേർക്കട്ടെ.
- ബോർഡിൽ തരംതിരിച്ച് ക്രോഡീകരണം - ടീച്ചർ

| പടയണി | കഥകളി (കത്തിവേഷം) |
|---|---|
| വലിയ കിരീടം | അത്ര വലിയ കിരീടമല്ല |
| കുരുത്തോലയും പാളയും മറ്റും ഉപയോഗിച്ച കിരീടം | മരംകൊണ്ടും മറ്റും നിർമിച്ചെടുത്ത കിരീടം |
| കുരുത്തോലയും മറ്റുമാണ് അണിഞ്ഞിട്ടുള്ളത്. | പലനിറത്തിലുള്ള തുണികളും ആഭരണങ്ങളും അണിഞ്ഞിട്ടുണ്ട് |

ക്രോഡീകരണം നോട്ടുബുക്കിലേക്ക്

ഇഷ്ടപ്പെട്ട കലാരൂപത്തിന്റെ ചിത്രം വരച്ച് നിറം നൽകൽ (ഗൃഹപാഠം).

- കലാരൂപങ്ങൾ തമ്മിലുള്ള സാമ്യങ്ങൾ ചിത്രം നിരീക്ഷിച്ച് കണ്ടെത്തി എഴുതട്ടെ (വ്യക്തിഗതം)
- പ്രയാസം നേരിടുന്നവർക്ക് ചില സൂചനകൾ നൽകാം
- രണ്ടിലും കിരീടമുണ്ടോ?
- രണ്ടിലും ഒരുപോലെയുള്ള മറ്റെന്തെല്ലാമുണ്ട്?
- കണ്ടെത്തിയ സാമ്യങ്ങളുടെ അവതരണം. ടീച്ചർ ബോർഡിൽ ക്രോഡീകരിക്കുന്നു. കുട്ടികൾ നോട്ട്ബുക്കിൽ കുറിച്ചെടുക്കട്ടെ.

## പടയണി

ഭദ്രകാളീക്ഷേത്രങ്ങളിൽ അവതരിപ്പിച്ചുവരുന്ന ഒരു കലാരൂപമാണ് പടയണി. പടേനി എന്നും പറയും. നല്ല വിളവുണ്ടാകാനുള്ള പ്രാർഥന കൂടിയായി പടയണിയെ കാണുന്നതുകൊണ്ട് ഇതൊരു കാർഷികോത്സവം കൂടിയാണ്. ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിലെ ചില പ്രദേശങ്ങളിലാണ് പടയണി ഇപ്പോഴും നടത്തി വരുന്നത്. നീലമ്പേരൂർ , കടമ്മനിട്ട, ഓതറ തുടങ്ങിയ ഗ്രാമങ്ങളിലെ പടയണി ഏറെ പേരുകേട്ടതാണ്.

പടയണിയുള്ള വിവരം അറിയിച്ചുകൊണ്ടുള്ള കാച്ചിക്കൊട്ടാണ് പ്രധാന ചടങ്ങ്. തപ്പ് എന്ന വാദ്യം കൊട്ടുന്നതോടെയാണ് ചടങ്ങ് ആരംഭിക്കുന്നത്. തുടർന്നു കാപ്പൊലി. ഇലകളോടുകൂടിയ മരച്ചില്ലയോ, വെള്ളത്തോർത്തോ വീശി ആർത്തുവിളിച്ച് താളം ചവിട്ടുന്നതാണ് കാപ്പൊലി. തുടർന്നു കൈമണിയുമായി താളം തുള്ളും. ഇതാണ് താവടിതുള്ളൽ. താവടിതുള്ളലിന് ചെണ്ട തുടങ്ങിയ വാദ്യോപകരണങ്ങൾ ഉപയോഗിക്കും.

ചൂട്ടുകറ്റയിലാണ് ശ്രീകോവിലിൽ നിന്നും അഗ്നിയുടെ രൂപത്തിലുള്ള അമ്മയെ ആവാഹിക്കുന്നത്. അങ്ങനെ ആവാഹിച്ചെടുത്ത അഗ്നി യഥാസ്ഥാനം സ്ഥാപിക്കപ്പെട്ടു കഴിഞ്ഞാൽ ചടങ്ങുകൾ തീരുന്നതുവരെ അണയാതെ എരിഞ്ഞു കൊണ്ടുതന്നെ നിൽക്കണം. ചൂട്ടുകറ്റകളുടെയും തീവെട്ടികളുടെയും വെളിച്ചത്തിലാണ് കോലങ്ങൾ തുള്ളുന്നത്.

തപ്പാണ് പ്രധാനവാദ്യം. ചെണ്ടയും കൈമണിയും ഉപയോഗിക്കാറുണ്ട്. ഗണപതിക്കോലം, യക്ഷിക്കോലം, പക്ഷിക്കോലം, മാടൻകോലം, കാലൻകോലം, മറുതക്കോലം, പിശാചുകോലം, ഭൈരവിക്കോലം, ഗന്ധർവ്വൻകോലം തുടങ്ങിയ കോലങ്ങൾ തലയിൽവച്ച് തുള്ളും, പാട്ടുപാടും. പച്ചപ്പാളയിൽ കോലമെഴുതി മുഖത്തു കെട്ടും. പാളകൊണ്ടുള്ള മുടിയിലും കോലങ്ങൾ ചിത്രീകരിക്കും.

പ്രകൃതിയിൽ നിന്നെടുക്കുന്ന വസ്തുക്കളാണ് സമ്പൂർണ്ണമായും ഉപയോഗിക്കുന്നത് എന്നതുകൊണ്ട് ഉത്സവം കഴിഞ്ഞ് അതെല്ലാം മണ്ണിൽത്തന്നെ ലയിച്ചുചേരും.

പടയണിയുടെ ചില അംശങ്ങൾ കുഞ്ചൻ നമ്പ്യാർ തുള്ളലിൽ ഉപയോഗിച്ചിട്ടുണ്ട്. ഉത്തരകേരളത്തിലെ തെയ്യവുമായി വേഷവിധാനം, മേളം തുടങ്ങിയ കാര്യങ്ങളിൽ പടയണിക്ക് ചില സമാനതകളുണ്ട്.

## കഥകളി

കേരളത്തിൽ പലയിടത്തും പ്രചാരത്തിലുള്ള ഒരു കലാരൂപമാണ് കഥകളി. കഥകളിയിൽ അരങ്ങത്തു വരുന്നത് വേഷങ്ങളാണ്. പുരുഷവേഷങ്ങളും സ്ത്രീ വേഷങ്ങളുമുണ്ട്. പച്ച, കത്തി, താടി, കരി, മിനുക്ക് എന്നിങ്ങനെ അഞ്ചുതരത്തിൽ വേഷങ്ങളെ തരം തിരിക്കുന്ന രീതിയും ഉണ്ട്. ഇതിലെ കത്തിവേഷമാണ് പാഠപുസ്തകത്തിലെ ചിത്രത്തിൽ കാണുന്നത്. പൊതുവിൽ വീരൻമാരായ കഥാപാത്രങ്ങളാണ് കത്തിവേഷത്തിൽ അരങ്ങത്തെത്തുന്നത്. രാവണൻ, കീചകൻ, ദുര്യോധനൻ എന്നിങ്ങനെ.

പച്ചവേഷം ഉത്തമ കഥാപാത്രങ്ങളാണ്. സ്ത്രീ വേഷങ്ങൾ പൊതുവിൽ മിനുക്കാണ്. കരിയും താടിയും തമോഗുണപ്രധാനങ്ങളായ കഥാപാത്രങ്ങളാണ്. എന്നാൽ വെള്ളത്താടി സാത്വികസ്വഭാവമുള്ള കഥാപാത്രങ്ങളാണ്.

കഥകളിയിൽ അരങ്ങത്തഭിനയിച്ചുകാണിക്കാൻ ഒരു കഥയുണ്ടാവും. ആ കഥയുടെ സാഹിത്യ രൂപമാണ് ആട്ടക്കഥ. ഈ ആട്ടക്കഥയാണ് കഥകളിയരങ്ങത്ത് പിന്നിൽ നിന്നുകൊണ്ട് പാട്ടുകാർ ചേങ്ങിലയിലും ഇലത്താളത്തിലും താളം പിടിച്ചുകൊണ്ട് പാടുന്നത്. ചെണ്ടയിലും മദ്ദളത്തിലും അരങ്ങിൽ മേളമൊരുക്കും. പാട്ടിനും മേളത്തിനുമൊപ്പം വേഷക്കാർ നൃത്തംചെയ്ത് അഭിനയിക്കും.

കഥകളി പഠിപ്പിക്കുന്ന പല സ്ഥാപനങ്ങളും കേരളത്തിലുണ്ട്. ഇവയിൽ പ്രധാനപ്പെട്ടതാണ് കേരള കലാമണ്ഡലം. തൃശൂർ ജില്ലയിലെ ചെറുതുരുത്തിയിൽ ഭാരതപ്പുഴയുടെ തീരത്തുള്ള വള്ളത്തോൾ നഗറിലാണ് കലാമണ്ഡലം സ്ഥിതിചെയ്യുന്നത്. മഹാകവി വള്ളത്തോളാണ് കേരള കലാമണ്ഡലം സ്ഥാപിക്കാൻ മുൻകൈ എടുത്തത്.

പടയണി, കഥകളി എന്നിവയെപ്പറ്റിയുള്ള കുറിപ്പ് ടീച്ചറുടെ ധാരണ വികസിപ്പിക്കാനുള്ളതാണ്. ഇതിലെ വസ്തുതകളെല്ലാം കുട്ടികളെഴുതിയെടുക്കുകയോ വായിച്ചു പഠിക്കുകയോ ചെയ്യണമെന്നില്ല. കുട്ടികൾക്ക് താല്പര്യവും ജിജ്ഞാസയും ഉണ്ടെങ്കിൽ പ്രസക്തഭാഗങ്ങൾ പങ്കിടാവുന്നതാണ്.

# നൃത്തം ചെയ്യുന്ന ഭാഷ

## കുഞ്ചൻനമ്പ്യാർ

തുള്ളൽ പ്രസ്ഥാനത്തിന് തുടക്കം കുറിച്ച മഹാകവി കുഞ്ചൻനമ്പ്യാരുടെ ജീവിതകാലം 1705 നും 1770 നും ഇടയ്ക്കാണ്. പ്രാചീന മഹാകവിത്രയത്തിൽ ഒരാൾ. പാലക്കാട് ജില്ലയിൽ, ലക്കിടി കിള്ളിക്കുറുശ്ശിമംഗലത്തെ കലക്കത്ത് വീട്ടിലാണ് ജനനം. പ്രദോഷമാഹാത്മ്യം, സന്താനഗോപാലം, കല്യാണസൗഗന്ധികം തുടങ്ങി ധാരാളം തുള്ളൽപ്പാട്ടുകൾ രചിച്ചിട്ടുണ്ട്. കുട്ടിക്കാലത്ത് തന്നെ അച്ഛനോടൊപ്പം അദ്ദേഹം കിടങ്ങൂരിലേക്ക് താമസം മാറ്റി. ചെമ്പകശ്ശേരി രാജാവിന്റെ ആസ്ഥാനമായ അമ്പലപ്പുഴയിൽ താമസിക്കുന്ന കാലത്താണ് അദ്ദേഹം തന്റെ പ്രധാന കൃതികളെല്ലാം രചിച്ചതെന്ന് കരുതുന്നു.

### കവിതാസന്ദർഭം

'പ്രദോഷമാഹാത്മ്യം' തുള്ളലിലെ വരികളാണ് പാഠഭാഗത്ത് നൽകിയിട്ടുള്ളത്. കഥയിലെ പ്രധാന കഥാപാത്രമായ ധർമഗുപ്തൻ നഷ്ടപ്പെട്ട രാജ്യം വീണ്ടെടുക്കുന്നതിനായി വിദർഭയിലെ സാല്വരാജാവിനെ ആക്രമിക്കാനൊരുങ്ങുക യാണ്. ധർമിഷ്ഠനായ അദ്ദേഹം, നാട്ടിലെ ആളുകൾക്ക് യുദ്ധം മൂലം വലിയ നാശനഷ്ടങ്ങൾ വരാനിടയുണ്ട് എന്ന് മുൻകൂട്ടിക്കാണുന്നു. അരുതെന്ന് വിലക്കുംമുമ്പ് ചില ഭടൻമാർ നാട്ടുകാർക്ക് ദോഷങ്ങൾ ചെയ്യും. അതിനാൽ തൽക്കാലം പടയിൽ പങ്കെടുക്കാത്തവർ ഏതാനും ദിവസം വീട്ടിൽനിന്ന് മാറിനിൽക്കണമെന്നും വിലപ്പെട്ടവയെല്ലാം മറ്റൊരിടത്തേക്കുമാറ്റണമെന്നും നിർദ്ദേശിക്കുകയാണ് ധർമഗുപ്തൻ. തുടർന്ന് ഓരോ

പടപിരിയുമ്പോഴും കേൾക്കുന്ന സങ്കടങ്ങളെയും വിവരിക്കുന്നു. ഈ ഭാഗമാണ് പാഠത്തിൽ കൊടുത്തിരിക്കുന്നത്.

**പാഠത്തിലേക്ക് - പടയുടെ കെടുതി [സമയം - 60മിനിറ്റ്]**

- കുട്ടികൾ വ്യക്തിഗതമായി തുള്ളൽക്കവിത ചൊല്ലി അവതരിപ്പിക്കുന്നു.
- എല്ലാവർക്കും ചൊല്ലാനവസരം കിട്ടുന്നതിന് വിവിധ തന്ത്രങ്ങൾ സ്വീകരിക്കണം.
- വ്യത്യസ്ത കുട്ടികൾ മാറിമാറി ഈരടികൾ ചൊല്ലൽ
- നിർദിഷ്ട വരികൾക്ക് ശേഷമുള്ള ഭാഗം ചൊല്ലൽ
- ചൊല്ലി നിർത്തിയിടത്തുനിന്ന് മറ്റൊരാൾ പൂരിപ്പിച്ച് ചൊല്ലൽ
- എഴുതിക്കാണിച്ച വരികൾക്ക് ശേഷമുള്ള ഈരടി ചൊല്ലൽ
- ഇഷ്ടപ്പെട്ട ഈരടി ചൊല്ലൽ

ടീച്ചർ താളം പിടിച്ച് കവിത ചൊല്ലുന്നു. കുട്ടികൾ താളമിട്ട് ഏറ്റുചൊല്ലുന്നു.

[തകധിമി തകധിമി തകധിമി തകധിമി എന്നിങ്ങനെ ഒരു വരിച്ചൊല്ലുമ്പോൾ നാല് ഗണങ്ങളും നാല് താളമടികളുമാണ് വരുന്നത്. ]

➢ പ്രയാസം നേരിടുന്നവരെ പിന്തുണക്കുന്നതിന് താളത്തിന്റെ അടിവരുന്ന അക്ഷരങ്ങൾക്ക് അടിവരയിട്ട് എഴുതിയ കവിതാ ചാർട്ട് ഉപയോഗിക്കാം.

ഇട്ടി/പ്പെണ്ണിനു/ കട്ടിലു/പോയീ
നെട്ടി/പ്പെണ്ണിനു/ പെട്ടികൾ/ പോയീ.
കണ്ട/ച്ചാരുടെ/ മുണ്ടും/ പോയീ
ചെണ്ട/ക്കാരുടെ/ ചെണ്ടകൾ/ പോയീ.
.........................................................

(ചൊല്ലുമ്പോൾ 'പോയി ' എന്ന വാക്ക് 'പോയീ ' എന്നാവും)

**കവിതാവിശകലനം [സമയം - 60മിനിറ്റ്]**

- പാഠപുസ്തകം പേജ് 31 ലെ ആദ്യത്തെ രണ്ടു ചോദ്യങ്ങൾ ഓരോന്നോരോന്നായി ടീച്ചർ ഉന്നയിക്കുന്നു. (സ്വതന്ത്ര പ്രതികരണം)

➢ ഒന്നാം ചോദ്യത്തിനോട് പ്രതികരിക്കാൻ പ്രയാസം നേരിടുന്നവർക്ക് ചില സൂചനകൾ നൽകാം.

  - കവിതയിൽ പറയുന്ന പേരുകൾ
  - സന്ദർഭങ്ങൾ / നഷ്ടപ്പെട്ട വസ്തുക്കൾ
  - രണ്ടാം ചോദ്യത്തോടും സ്വതന്ത്രമായി പ്രതികരിക്കട്ടെ

➢ പ്രയാസം നേരിടുന്നവർക്ക്

1. ഇട്ടിപ്പെണ്ണിന് പോയീ കണ്ണട
   പോയീ തോർത്തും ചക്കിപ്പെണ്ണിന്
2. ഇട്ടിപ്പെണ്ണിനു കട്ടിലുപോയി
   നെട്ടിപ്പെണ്ണിനു പെട്ടികൾ പോയി.

- ഈരടികൾ വ്യത്യസ്ത നിറത്തിൽ ചാർട്ടിലെഴുതി പ്രദർശിപ്പിക്കുന്നു. താളമിട്ട് പാടുന്നു. ഈരടികൾ രണ്ടും ഒരേ താളത്തിൽ ചൊല്ലാൻ കഴിയും.

➢ പുതുതായി നിർമ്മിച്ച ഈരടികൾക്ക് പ്രാസഭംഗി നഷ്ടപ്പെട്ടത് എങ്ങനെ ശ്രദ്ധയിൽപ്പെടുത്തും?

- രണ്ട് ഈരടികളും താരതമ്യം ചെയ്യട്ടെ

- വരുത്തിയ മാറ്റങ്ങളെന്തൊക്കെ?
- മാറ്റം വന്നത് കൊണ്ട് കവിതയുടെ ഭംഗി കൂടിയോ കുറഞ്ഞോ?
- ഏത് ഈരടിയാണ് നിങ്ങൾക്കിഷ്ടപ്പെട്ടത്?
- എന്താണ് ഇഷ്ടപ്പെടാൻ കാരണം ?
- എങ്കിൽ ഈ കവിതയിൽ എവിടെയെല്ലാം അക്ഷരങ്ങൾ ആവർത്തിച്ച് ചന്തം വരുത്തിയിട്ടുണ്ട്?
- ക്രോഡീകരണം ബോർഡിൽ

വാക്കുകളും അക്ഷരങ്ങളും വേണ്ടതുപോലെ ആവർത്തിക്കുമ്പോൾ കവിതയുടെ ചന്തം കൂടുന്നുണ്ട്, തുള്ളൽക്കവിതകൾക്ക് ഈ പ്രത്യേകതയുണ്ട്.

- ആവശ്യമെങ്കിൽ വേറെ ഈരടികൾ ഉപയോഗിച്ച് പ്രവർത്തനം തുടരാവുന്നതാണ്.

**പടയിലെ നഷ്ടങ്ങൾ [സമയം - 45മിനിറ്റ്]**

- പാഠപുസ്തകം പേജ് 31 ലെ മൂന്നാമത്തെ ചോദ്യം ടീച്ചർ ഉന്നയിക്കുന്നു.
- കവിതവായിച്ച് കുട്ടികൾ കണ്ടെത്തട്ടെ. (വ്യക്തിഗതം)
- ഓരോ നഷ്ടങ്ങളും നിർദ്ദിഷ്ടകുട്ടികൾ മാറിമാറിപ്പറയട്ടെ. [കണ്ടെത്താൻ പ്രയാസമനുഭവപ്പെടുന്നവർക്ക് ആദ്യ അവസരം.]
- മറ്റുകുട്ടികൾ കൂട്ടിച്ചേർക്കട്ടെ. (കണ്ടെത്തിപ്പറയുന്ന ഓരോകാര്യവും ഗദ്യരൂപത്തിലാവാൻ ശ്രദ്ധിക്കുമല്ലോ.)
- ഓരോകാര്യവും അപ്പപ്പോൾ ബോർഡിൽ ടീച്ചർ ക്രോഡീകരിച്ചെഴുതുന്നു.

ക്രോഡീകരിച്ചകാര്യങ്ങൾ നോട്ടുബുക്കിലേക്ക്.


**പടയുടെ നഷ്ടം പുതിയകാലത്ത് [സമയം - 60മിനിറ്റ്]**

- കവിതയിൽ കണ്ടത് എന്നോ പണ്ടത്തെ ഒരു കഥയിലുണ്ടായ പടയുടെ നഷ്ടമാണ്. എന്നാൽ ഇന്നും നമ്മുടെ ലോകത്ത് യുദ്ധം നടക്കുന്നുണ്ടോ? (സ്വതന്ത്രപ്രതികരണം).
- മാധ്യമങ്ങളിൽ വരുന്ന യുദ്ധക്കെടുതികളുടെ ചിത്രങ്ങളും, കുട്ടികൾക്ക് വായിക്കാൻ പറ്റിയ വാർത്തകളും ഉപയോഗിക്കുന്നതു നന്നായിരിക്കും.
- യുദ്ധമുണ്ടായാൽ നമുക്കെന്തെല്ലാം നഷ്ടപ്പെടാനിടയുണ്ട്? ചർച്ച.

➢ കുട്ടികളുടെ പ്രതികരണത്തെ വികസിപ്പിക്കാൻ ചിലത് ടീച്ചർ സൂചിപ്പിക്കേണ്ടിവരും.

  - വീടുകൾക്ക്/ആശുപത്രികൾക്ക്/സ്കൂളുകൾക്ക്/മറ്റുകെട്ടിടങ്ങൾക്ക്/റോഡുകൾക്ക്/വാഹനങ്ങൾക്ക്/കൃഷിസ്ഥലങ്ങൾക്ക്.... എന്തെല്ലാം നാശനഷ്ടങ്ങൾ വരും? ആർക്കൊക്കെ മുറിവേൽക്കും? ആരൊക്കെ കൊല്ലപ്പെട്ടേക്കാം?

- കുട്ടികൾ കണ്ടെത്തിയ നഷ്ടങ്ങൾ/കെടുതികൾ ഒരു ആശയപടമായി (Concept map) ക്ലാസിൽ വികസിപ്പിക്കാം.



- യുദ്ധമുണ്ടാവാൻ പാടുണ്ടോ? നിങ്ങൾക്കെന്താണു തോന്നുന്നത്? (സ്വതന്ത്രപ്രതികരണം).
- എങ്കിൽ യുദ്ധത്തിനെതിരായ ചിന്തവളർത്താൻ പറ്റിയ കവിതകളും പാട്ടുകളും നിർമ്മിക്കാമോ?
- താഴെക്കൊടുത്ത കവിത ചാർട്ടിലെഴുതി ടീച്ചർ ചൊല്ലുന്നു. കുട്ടികൾ ഏറ്റുചൊല്ലുന്നു. (തകധിമി/തകധിമി/തകധിമി/തകധിമി എന്നതാണ് താളഘടന)

  പൊട്ടിച്ചിതറിയവീട്ടിൽച്ചെന്നൊരു
  കുട്ടികളാകെ ഞെട്ടിവിറച്ചു.
  വാവക്കുഞ്ഞിനു പാവകൾ പോയി
  ഷാനിക്കുഞ്ഞിനു ഷൂസുകൾ പോയി
  ബേബിക്കുട്ടനു ബാറ്റുകൾ പോയി
  ബോബിക്കവനുടെ ബുക്കുകൾ പോയി

- കവിതയിൽ കൂടുതൽ വരികൾ കൂട്ടിച്ചേർക്കൽ (വ്യക്തിഗതം).
  - ➢ തയ്യാറാക്കിയ ആശയപടത്തിന്റെ സഹായത്തോടെ എല്ലാ കുട്ടികൾക്കും വരികൾ വികസിപ്പിക്കാൻ സാധ്യത ഒരുക്കാം.
- വരികളുടെ അവതരണം - എഡിറ്റിങ്ങ്
- കവിതകൾക്ക് വരികൾ കൂട്ടിച്ചേർക്കുമ്പോൾ താളം, പദസ്വാധീനം എന്നിവ വിലയിരുത്തണം.
  - ➢ കുട്ടികൾ നിർമ്മിക്കുന്ന വരികൾ താളത്തിലാക്കാൻ ടീച്ചറിടപെടണം.
- നേരത്തെയുള്ള വരികൾക്കൊപ്പം, കുട്ടികൾ കൂട്ടിച്ചേർത്ത വരികളും എഡിറ്റുചെയ്ത് ബോർഡിലെഴുത്ത്.
- ടീച്ചറും കുട്ടികളും സംഘമായി താളമിട്ട് അവതരിപ്പിക്കൽ (പ്രാദേശികമായി ശേഖരിച്ച താളവാദ്യോപകരണങ്ങൾ ഉപയോഗിക്കാം).
- കവിതകളും പാട്ടുകളും താളമിട്ടുചൊല്ലുമ്പോൾ താളം, ഉച്ചാരണം, സംഘമായി ചൊല്ലൽ എന്നിവ വിലയിരുത്താം.
- രൂപപ്പെടുത്തിയ കവിത എല്ലാവരുടേയും നോട്ടുബുക്കിലേക്ക്.

**അവതരണസാധ്യത**

- പടയുടെ കെടുതി
- നിർമ്മിച്ച കവിത ബാലസഭയിൽ അവതരിപ്പിക്കാം. രചനാശേഖരത്തിൽ ചേർക്കാം.

**തുള്ളൽ വൈവിദ്ധ്യം [സമയം - 30മിനിറ്റ്]**

- പാഠപുസ്തകം പേജ് 30,31എന്നിവയിലെ ഓട്ടൻ തുള്ളൽ പറയൻ തുള്ളൽ, ശീതങ്കൻതുള്ളൽ എന്നിവയുടെ ചിത്രങ്ങൾ നിരീക്ഷിക്കൽ (വ്യക്തിഗതം)
- ഇവ മൂന്നും തമ്മിൽ വേഷവിധാനത്തിന്റെ കാര്യത്തിൽ എന്തെല്ലാം സാമ്യവ്യത്യാസങ്ങളുണ്ടെന്നുകണ്ടെത്തി അവതരിപ്പിക്കൽ.
- അവതരിപ്പിച്ചവ ബോർഡിൽ ടീച്ചർ ക്രോഡീകരിക്കൽ.
- ക്രോഡീകരിച്ച കാര്യങ്ങൾ നോട്ടുബുക്കിലേക്ക്.

*അനുബന്ധം.1.1*

## എന്താണപ്പോ ലിത്താപ്പോ?

ഹായ്! എന്തൊരു കൊതിപ്പിക്കുന്ന മണം.
ഉടുപ്പൂരിക്കളഞ്ഞ ലിത്താപ്പോ ഞാൻ വായിലിട്ടു.
അലിഞ്ഞലിഞ്ഞങ്ങനെ......
നൊട്ടിനുണച്ച്.... നൊട്ടിനുണച്ച്... എനിക്കുമതിയായില്ല.
തിന്നിട്ടുണ്ടോ നിങ്ങൾ, ലിത്താപ്പോ?

ലിത്താപ്പോയെ കാണാനില്ല. സ്കൂൾ ബാഗ് അരിച്ചുപെറുക്കി നോക്കി. ലിത്താപ്പോയെ കാണാനില്ല. കൂർത്തമുനകൊണ്ട് ഇന്നലെ അവനെന്നെ ഒന്നു കുത്തി. ഞാനൊരേറുവച്ചുകൊടുത്തു. മുന പൊട്ടി അവർ കരച്ചിലായി. ഇനി ഞാനെവിടെത്തിരയും?
അവന്റെ കൂട്ടുകാരൻ കട്ടറിനോട് ഒന്നുചേദിച്ചു നോക്കാം.

അവിടെപ്പോയാവോ എന്റെ ലിത്താപ്പോ?
സ്കൂൾ വിട്ട് ഞാൻ വരുന്നതും കാത്തുകാത്തങ്ങനെ നിൽക്കും.
ഇന്നവളെ കാണാനേയില്ല.
കണ്ണുമടച്ച് എങ്ങാനും ഇരുന്ന് പാലുകുടിക്കുകയാവും കള്ളി.
ലിത്താപ്പോയുടെ ഒളിച്ചുകളി ഇന്നവസാനിപ്പിക്കും ഞാൻ.

ഉരുണ്ടുരുണ്ടു വരുന്നുണ്ട്
ഞങ്ങളൊടൊപ്പം ലിത്താപ്പോ
കാറ്റുവിഴുങ്ങും ലിത്താപ്പോ
തുള്ളിച്ചാടും ലിത്താപ്പോ
ഉയർന്നു പൊങ്ങും ലിത്താപ്പോ
തളർന്നു വീഴും ലിത്താപ്പോ
ഗോൾവലയിൽ നീ വീഴുമ്പോൾ
ആർത്തു വിളിക്കും കാഴ്ചക്കാർ

എന്തിനാ ലിത്താപ്പോ നീ കരയുന്നത്?
അതോ, ഇന്നലെ മുഴുവൻ എന്നെ അവൻ ചവിട്ടിച്ചവിട്ടി വേദനിപ്പിച്ചു. റോട്ടിൽ ഉരച്ചുരച്ച് തൊലികളഞ്ഞു. രാത്രി മഴയത്തിട്ട് കുതിർത്തു.
ഇന്നും ഇതുതന്നെയാവും സ്ഥിതി.
അവന്റെ കാലിൽക്കിടന്ന് അവനെത്താങ്ങി നടന്ന് എനിക്കു മടുത്തു.
ലിത്താപ്പോ തേങ്ങിക്കൊണ്ടേയിരുന്നു.

അനുബന്ധം.1.2





## അനുബന്ധം.1.3

| | | |
|---|---|---|
| നരേറ്റർ | : | പൊടിപാറിയ കളിയാണ് മുറ്റത്ത്. ആകെ കൂക്കും വിളിയും. ബഹളമയം!. |
| കുട്ടികൾ | : | നാരങ്ങപ്പാല്<br>ചൂട്ടയ്ക്കു രണ്ട്<br>ഇലകൾ പച്ച<br>പൂക്കൾ മഞ്ഞ<br>ഓടിയോടി വര്ണ കള്ളനെ പിടിച്ചേ... |
| അമ്മ | : | എന്താ മക്കളേ , 'കാക്കക്കൂട്ടിൽ കല്ലിട്ടപോലെ' |
| നരേറ്റർ | : | കുട്ടികൾ ആർത്തുവിളിച്ചു. |
| കുട്ടികൾ | : | ഹായ്! നെയ്യപ്പത്തിന്റെ മണം. |
| അമ്മ | : | ഓ! കളിയൊക്കെ നിർത്തിയോ? എന്താണിപ്പോ ഇങ്ങോട്ടോടി വന്നേ, എല്ലാവരും? ങാ, അതങ്ങനെയാ, 'അരിയെറിഞ്ഞാൽ ആയിരം കാക്ക' എന്നല്ലേ? |
| നരേറ്റർ | : | ബേബിയെ നോക്കി അമ്മ ചോദിച്ചു. |
| അമ്മ | : | അല്ല, നീയെന്താ ബേബി അവിടെ ഒതുങ്ങിയിരിക്കുന്നത് ? |
| നരേറ്റർ | : | ബേബിയുടെ കൂട്ടുകാരി പറഞ്ഞു. |
| ബേബിയുടെ കൂട്ടുകാരി | : | അതേയ്, കളിയ്ക്കാനും കൂടീട്ടില്ല.. തലവേദനയും പനിയുമാണ ത്രേ, അവൾക്ക്. വയറുവേദനേം, ണ്ട് |
| നരേറ്റർ | : | അമ്മ സ്നേഹത്തോടെ നിർബന്ധിച്ചു. |
| അമ്മ | : | ന്നാലും ഒരു നെയ്യപ്പം കഴിച്ചോ മോളേ .. |
| നരേറ്റർ | : | ബേബി ചിണുങ്ങി. |
| ബേബി | : | വേണ്ടമ്മേ .. എനിക്കു വയ്യ.! |
| നരേറ്റർ | : | അമ്മ വിചാരിച്ചു. |
| അമ്മ | : | കഷ്ടം തന്നെ! എന്റെ കുട്ടിക്ക് എന്തിഷ്ടാ നെയ്യപ്പം! അത് തിന്നാ റായപ്പോഴോ? 'ആലിൻകായ പഴുത്തപ്പോ കാക്കയ്ക്ക് വായ്പ്പുണ്ണ്' എന്ന നിലയിലായി അവളുടെ കാര്യം . |
| നരേറ്റർ | : | ബേബിയെ തൊട്ടുതലോടി ആശ്വസിപ്പിച്ച്..... |
| അമ്മ | : | ബേബിക്കുട്ട്യേ.. മോൾടെ പനി മാറുമ്പോ അമ്മ നെയ്യപ്പം ണ്ടാ ക്കിത്തരാം ട്ടോ. |
| നരേറ്റർ | : | അമ്മ അകത്തേയ്ക്കു പോയി. മുറ്റത്തുനിന്നു വീണ്ടും ബഹളമുയർ ന്നു. 'കാക്കക്കൂട്ടിൽ കല്ലിട്ട പോലെ...' |

### അനുബന്ധം.1.4

നഗരത്തിൽ സർക്കസ് തുടങ്ങിയിട്ട് കുറച്ചായി.

കുട്ടിക്ക് സർക്കസുകാണാൻ അതിയായ മോഹമുണ്ടായി. വൈകുന്നേരം അമ്മ വന്ന് പറഞ്ഞു:

"നമുക്കിന്ന് സർക്കസ്സിന് പോയാലോ....?"

കുട്ടി സന്തോഷത്തോടെ പുറപ്പെട്ടു. അമ്മ കാറുമായിറങ്ങിയപ്പോഴേക്കും കാറ്റും മഴയും തുടങ്ങി.

"കാറിലല്ലേ യാത്ര. പേടിക്കേണ്ടതില്ലല്ലോ?"കുട്ടി സമാധാനിച്ചു. മഴ വകവെക്കാതെ അമ്മ വണ്ടി വിട്ടു.

പക്ഷേ, വഴിയിലതാ കൂറ്റനൊരു മരം വീണു കിടക്കുന്നു. വണ്ടികളുടെ ഓട്ടമെല്ലാം നിലച്ചു.

കുട്ടിക്ക് സങ്കടം സഹിച്ചില്ല. അവന് സർക്കസ്സ് കാണാൻ അത്രക്ക് മോഹമുണ്ടായിരുന്നു.

അവൻ കുടയുമെടുത്ത് നിർത്തിയിട്ട വണ്ടികളുടെ മുന്നിലേക്കോടി.

ചെന്നപാടേ കുടമടക്കി വൻമരത്തെ തള്ളാൻ തുടങ്ങി.

ആ കുഞ്ഞുകുട്ടിക്കുണ്ടോ വൻമരത്തെ തള്ളി നീക്കാനാവുന്നു?

കുട്ടി മരം തള്ളുന്നത് കണ്ട്, മുന്നിലെ വണ്ടിയിലെ മുത്തച്ഛൻ ഇറങ്ങിവന്ന് കൂടെ കൂടി.

അതുകണ്ട് അടുത്ത വണ്ടിയിലെ അമ്മയും വന്ന് തള്ളാൻ കൂടി.

അങ്ങനെയങ്ങനെ, ആളുകളെല്ലാം ഇറങ്ങി വന്ന് മരം തള്ളാൻ തുടങ്ങി.

ദാ.... വീണമരം അരികിലേക്ക് നീങ്ങുന്നു.

*അനുബന്ധം.1.5*

# ഈച്ചേം പൂച്ചേം

ഈച്ചേം പൂച്ചേം കഞ്ഞി വെച്ചു. ഈച്ച പ്ലാവില പെറുക്കാൻ പോയി, പൂച്ച കഞ്ഞി മുഴുവൻ കുടിച്ചു തീർത്തു. ഈച്ച വന്നപ്പോ കഞ്ഞി ഒന്നും കാണാനില്ല.

അപ്പോ ഈച്ച ചോദിച്ചു: "എന്തേ പൂച്ചേ നീ കാട്ടിയേ?"

"അതൊക്കെ പറയാം, ന്റെ ഈച്ചേ, അതിനുമുമ്പ് ഞാനൊരു കാര്യം ചോദിക്കട്ടെ. അല്ല.. ഈച്ചേ നിൻെറ പേര് എന്താ?"

ഈച്ചക്ക് അതിന്റെ പേര് അറിയോ? ഇല്ല. "നിക്കറിയില്ല ട്ടോ". ഈച്ച പറഞ്ഞു.

"എന്നാ നീ ഒരു കാര്യം ചെയ്യ്, ആ പാടത്ത് മേയണ പോത്തിനോട് പോയി ചോദിച്ചു നോക്ക്"

ഉടനെ ഈച്ച പറന്നു ചെന്നു, പോത്തിനോടു ചോദിച്ചു:

"പോത്തേ.. പോത്തേ.. നിക്കെന്താ പേര്?" പോത്തിനറിയോ?... അറിയില്ല. അപ്പോ പോത്ത് പറഞ്ഞു: "ആവേ നിക്കറിയില്ലാട്ടോ, നീ ഒരു കാര്യം ചെയ്യ്, എന്നെ മേയ്ക്കണ ചെക്കനതാ വരമ്പത്തു നിക്കുണു. അവനോടുചോദിച്ചു നോക്ക്, അവനറിയണ്ടാവും". വേഗം.. ഈച്ച ചെക്കന്റെ അടുത്തക്ക് പറന്നു ചെന്നു ചോദിച്ചു:

"പോത്തേ.. പോത്തേ.. പോത്തിനെ മേക്കണ ചെക്കാ.. ചെക്കാ.. നിക്കെന്താ പേര്?" അവന് ഈച്ചടെ പേരറിയോ? അവൻ പറഞ്ഞു:

"ആവേ നിക്കറിയില്ലാട്ടോ... നീയൊരു കാര്യം ചെയ്യ്... എന്റെ കയ്യിൽ ഇരിക്കണ ഈ വടിയോട് ചോദിച്ചു നോക്ക്." ഉടനെ ഈച്ച പറന്നു ചെന്നു വടിയോടു ചോദിച്ചു:

"പോത്തേ.. പോത്തേ... പോത്തിനെ മേയ്ക്കണ ചെക്കാ.. ചെക്കാ.. ചെക്കന്റെ കയ്യിലെ വടിയേ... വടിയേ.. നിക്കെന്താ.. പേര്?"

"ആവേ... നിക്കറിയില്ല.. ട്ടോ..., നീ ഈ ഒരു കാര്യം ചെയ്യ്... എന്നെ വെട്ടിയ കുറ്റിയോട് ചോദിച്ചു നോക്ക്." ഈച്ച വേഗം പറന്നു ചെന്നു ചോദിച്ചു. "പോത്തേ.. പോത്തേ... പോത്തിനെ മേയ്ക്കണ ചെക്കാ.. ചെക്കാ.. ചെക്കന്റെ കയ്യിലെ വടിയേ.. വടിയേ.. വടിയേ വെട്ടിയ കുറ്റിയേ.. കുറ്റിയേ... നിക്കെന്താ പേര്?"

"ആവേ നിക്കറിയില്ല ട്ടോ... നീ ഈ ഒരു കാര്യം ചെയ്യ്... എന്റെ അടീലെ മണ്ണിനോട് ചോദിച്ചു നോക്ക്". ഈച്ച വേഗം പറന്നു ചെന്നു ചോദിച്ചു "പോത്തേ.. പോത്തേ... പോത്തിനെ മേയ്ക്കണ ചെക്കാ... ചെക്കാ... ചെക്കന്റെ കയ്യിലെ വടിയേ... വടിയേ... വടിയേ വെട്ടിയ കുറ്റിയേ... കുറ്റിയേ... കുറ്റീടടീലെ മണ്ണേ... മണ്ണേ...നിക്കെന്താ പേര്?"

"ആവേ... നിക്കറിയില്ല ട്ടോ... നീ ഈ ഒരു കാര്യം ചെയ്യ്. എന്റെ ഉള്ളിലുള്ള വെള്ളത്തിനോട് ചോദിച്ചു നോക്ക്." ഈച്ച വേഗം പറന്നു ചെന്നു ചോദിച്ചു "പോത്തേ.. പോത്തേ.. പോത്തിനെ മേയ്ക്കണ ചെക്കാ... ചെക്കാ... ചെക്കന്റെ കയ്യിലെ വടിയേ.. വടിയേ.. വടിയേ വെട്ടിയ കുറ്റിയേ... കുറ്റിയേ... കുറ്റീടടീലെ മണ്ണേ... മണ്ണേ... മണ്ണിന്റുള്ളിലെ വെള്ളേ വെള്ളേ...നിക്കെന്താ പേര്?"

"ആവേ... നിക്കറിയില്ല ട്ടോ... നീ ഈ ഒരു കാര്യം ചെയ്യ്. വെള്ളത്തിലൊഴുകണ തോണ്യോട് ചോദിച്ചു നോക്ക്." ഈച്ച വേഗം പറന്നു ചെന്നു ചോദിച്ചു. "പോത്തേ... പോത്തേ.. പോത്തിനെ മേയ്ക്കണ ചെക്കാ,,, ചെക്കാ... ചെക്കന്റെ കയ്യിലെ വടിയേ... വടിയേ... വടിയേ വെട്ടിയ കുറ്റിയേ... കുറ്റിയേ... കുറ്റീടടീലെ മണ്ണേ... മണ്ണേ... മണ്ണിന്റുള്ളിലെ വെള്ളേ... വെള്ളേ... വെള്ളത്തിലൊഴുകണ തോണ്യേ.. തോണ്യേ..നിക്കെന്താ പേര്?"

"ആവേ... നിക്കറിയില്ല ട്ടോ...നീ ഈ ഒരു കാര്യം ചെയ്യ്. തോണി തൊഴയണ ചെക്കനോട് ചോദിച്ചു നോക്ക്... അവനറിയണ്ടാവും...."

ഈച്ച വേഗം പറന്നു ചെന്നു ചോദിച്ചു "പോത്തേ... പോത്തേ.. പോത്തിനെ മേയ്ക്കണ ചെക്കാ,,, ചെക്കാ... ചെക്കന്റെ കയ്യിലെ വടിയേ... വടിയേ... വടിയേ വെട്ടിയ കുറ്റിയേ... കുറ്റിയേ... കുറ്റീടടീലെ മണ്ണേ... മണ്ണേ... മണ്ണിന്റുള്ളിലെ വെള്ളേ... വെള്ളേ... വെള്ളത്തിലൊഴുകണ തോണ്യേ.. തോണ്യേ.. തോണികുത്തണ ചെക്കാ.. ചെക്കാ.. നിക്കെന്താ പേര്?"

"ആവേ.. നിക്കറിയില്ല.. ട്ടോ... നീ ഈ ഒരു കാര്യം ചെയ്യ്... എന്നെ പഠിപ്പിച്ച മാഷതാ... സ്കൂളിന്റെ മുമ്പില് നിക്കുണു... മാഷോടൊന്ന് ചോദിച്ചു നോക്ക്... മാഷക്കറിയണ്ടാവും..." ഈച്ച വേഗം പറന്നു ചെന്നു മാഷോടു ചോദിച്ചു. "പോത്തേ... പോത്തേ.. പോത്തിനെ മേയ്ക്കണ ചെക്കാ,,, ചെക്കാ... ചെക്കന്റെ കയ്യിലെ വടിയേ... വടിയേ... വടിയേ വെട്ടിയ കുറ്റിയേ... കുറ്റിയേ... കുറ്റീടടീലെ മണ്ണേ... മണ്ണേ... മണ്ണിന്റുള്ളിലെ വെള്ളേ... വെള്ളേ... വെള്ളത്തിലൊഴുകണ തോണ്യേ.. തോണ്യേ.. തോണികുത്തണ ചെക്കാ.. ചെക്കാ.. ചെക്കനെ പഠിപ്പിച്ച മാഷേ.. മാഷേ.. നിക്കെന്താ പേര്?

മാഷക്ക് പേരറിയോ..? പിന്നില്ലാതേ...! മാഷക്ക് ഈച്ചടെ പേരറിയാണ്ടിരിക്ക്യോ...?

മാഷ് പറഞ്ഞു. "അല്ലാ ഈച്ചേ... നിനക്ക് നിന്റെ പേരറിയില്ലാ.. ലേ... നിന്റെ പേരാണ്.. ഈച്ച ഈച്ച പൊന്നീച്ച...."

എന്താ പേര്? പൊന്നീച്ച.

പൊന്നീച്ച എന്ന പേരു കേട്ടപ്പളോ....

ഈച്ചക്കങ്ങ്ട്ട് സന്തോഷായി... സന്തോഷായപ്പളോ.. ഈച്ച അങ്ങ്ട് ചിരിച്ച് ചിരിച്ച് ചിരിച്ച് ചിരിച്ച് ചിരിച്ച് ചിരിച്ച് ചിരിച്ച് ചിരിച്ച്......... ചത്തും പോയി. കഥ അങ്ങട്ടും പോയി, ഞാൻ ഇങ്ങട്ടും പോന്നു.

*അനുബന്ധം 1.6*

## ഗ്രൂപ്പ് ഡാൻസ്

പുഴയുടെ തീരത്തൊരു പാറപ്പുറത്തിരിക്കുകയായിരുന്നു തവള.

കളിക്കാൻ കൂട്ടുകരെ കിട്ടാതെ വിഷമിച്ചു വരികയായിരുന്നു ആമ.

തവളയെ കണ്ടതും ആമക്ക് സന്തോഷമായി. ആമയും തവളയും പാറപ്പുറത്തിരുന്ന് വർത്തമാനം തുടങ്ങി. അപ്പോഴേക്കും മഴ വന്നു.

മഴയും ആമയും തവളയും പാറപ്പുറത്ത് കളി തുടങ്ങി.

മഴ പെയ്ത് പുഴയിൽ വെള്ളം കൂടി. പുഴവെള്ളത്തിലൂടെ ഒരു നീർക്കോലിവന്നു. നീർക്കോലി പാറപ്പുറത്തേക്ക് കയറി.

നീർക്കോലിയും മഴയും ആമയും തവളയും ചേർന്ന് നൃത്തം തുടങ്ങി.

നീർക്കോലിയും മഴയും ആമയും തവളയും ചേർന്ന് നൃത്തം ചെയ്യുന്നതു കണ്ട് പുഴയും പാറപ്പുറത്തേക്ക് കയറി വന്നു.

പുഴയും മഴയും ആമയും തവളയും നീർക്കോലിയും ചേർന്ന് പാറപ്പുറത്ത് ഗ്രൂപ്പ്ഡാൻസ് തുടങ്ങി.

*അനുബന്ധം 1.7*

## എലിയും പൂച്ചയും

.................. രാത്രി..................................പൂച്ച .......................... തളർന്നു വരികയായിരുന്നു. അപ്പോഴുണ്ട്, മഞ്ഞുകൊണ്ടൊരു കുഞ്ഞനെലി വൻമരത്തിനു ചോട്ടിൽ .................. ഇരിക്കുന്നു. എലിയെ കണ്ടപ്പോൾ പൂച്ചയുടെ മീശരോമം ......................... ഉയർന്നു. പൂച്ചയെ കണ്ടപ്പോൾ എലിയുടെ വാല് .........................വീണു. അതുകണ്ട്, രണ്ടുപേരും ..................... രണ്ടിടത്തേക്കോടി.

വെളുവെളുത്തൊരു, ചിരിച്ചുചിരിച്ച്, എറിച്ചെറിച്ച്, നടന്നുനടന്നു, കറുകറുത്ത, വിറച്ചുവിറച്ച്, തളർന്നു തളർന്നു.

*അനുബന്ധം 1.7*

## എലിയും പൂച്ചയും

.................. രാത്രി..................................പൂച്ച .......................... തളർന്നു വരികയായിരുന്നു. അപ്പോഴുണ്ട്, മഞ്ഞുകൊണ്ടൊരു കുഞ്ഞനെലി വൻമരത്തിനു ചോട്ടിൽ .................. ഇരിക്കുന്നു. എലിയെ കണ്ടപ്പോൾ പൂച്ചയുടെ മീശരോമം ......................... ഉയർന്നു. പൂച്ചയെ കണ്ടപ്പോൾ എലിയുടെ വാല് .........................വീണു. അതുകണ്ട്, രണ്ടുപേരും ..................... രണ്ടിടത്തേക്കോടി.

വെളുവെളുത്തൊരു, ചിരിച്ചുചിരിച്ച്, എറിച്ചെറിച്ച്, നടന്നുനടന്നു, കറുകറുത്ത, വിറച്ചുവിറച്ച്, തളർന്നു തളർന്നു.

*അനുബന്ധം 1.7*

## എലിയും പൂച്ചയും

.................. രാത്രി..................................പൂച്ച .......................... തളർന്നു വരികയായിരുന്നു. അപ്പോഴുണ്ട്, മഞ്ഞുകൊണ്ടൊരു കുഞ്ഞനെലി വൻമരത്തിനു ചോട്ടിൽ .................. ഇരിക്കുന്നു. എലിയെ കണ്ടപ്പോൾ പൂച്ചയുടെ മീശരോമം ......................... ഉയർന്നു. പൂച്ചയെ കണ്ടപ്പോൾ എലിയുടെ വാല് .........................വീണു. അതുകണ്ട്, രണ്ടുപേരും ..................... രണ്ടിടത്തേക്കോടി.

വെളുവെളുത്തൊരു, ചിരിച്ചുചിരിച്ച്, എറിച്ചെറിച്ച്, നടന്നുനടന്നു, കറുകറുത്ത, വിറച്ചുവിറച്ച്, തളർന്നു തളർന്നു.

## അനുബന്ധം 1.8

കൊയ്ത്തുകഴിഞ്ഞ വയൽ. അവിടമാകെ നക്ഷത്രത്തരിപോലെ നെന്മണികൾ കൊഴിഞ്ഞു കിടക്കുന്നുണ്ടാവും. അതു കൊത്തിപ്പെറുക്കി വയറു നിറച്ചു തിരികെ പോരുന്നതിനുമുമ്പ് നാട്ടിലൊക്കെയൊന്ന് ചുറ്റിത്തിരിയണം. അത് കുഞ്ഞരിപ്രാവിന്റെ പതിവാണ്.

അങ്ങനെ ചുറ്റിത്തിരിയുമ്പോഴാണ് അവൾ കാടരിക് എൽ.പി.സ്കൂൾ ഗ്രൗണ്ടിൽ നിന്ന് മൈക്ക് അനൗൺസ്മെന്റ് കേട്ടത്. അവൾ അവിടേക്കു പറന്നെത്തി. ഭക്ഷണപ്പുരയോടു ചേർന്നുള്ള മുത്തശ്ശിപ്ലാവിന്റെ കൊമ്പിൽ ചെന്നിരുന്നു. അവിടെനിന്നു നോക്കിയാൽ സ്കൂൾ മുഴുവൻ കാണാം. ഗ്രൗണ്ടിനോടു ചേർന്നുള്ള സ്റ്റേജിൽ നിന്നാണ് അനൗൺസ്മെൻറ്

കുട്ടികൾ തിങ്ങിനിറഞ്ഞ ഗ്രൗണ്ട്, പൂത്തതാഴ്വരപോലെ. അവിടെയാണു കലോത്സവം. സ്റ്റേജിൽ ലളിതഗാനമത്സരമാണ് നടക്കുന്നത്. ഓരോ പാട്ടു കഴിയുമ്പോഴും കുട്ടികളൊന്നാകെ കൈയടിക്കുന്നു, സന്തോഷസൂചകമായി ആർപ്പു വിളിക്കുന്നു.

പാട്ടിനുശേഷം മോണോ ആക്ട്, മിമിക്രി, ഡാൻസ്, ഒപ്പന, തിരുവാതിരക്കളി.... അങ്ങനെ പലതരം പരിപാടികൾ അരങ്ങേറി. കുട്ടികളാകെ ഉല്ലാസത്തിലാണ്. കുഞ്ഞരിപ്രാവ് ആ പരിപാടികളെല്ലാം കണ്ടുരസിച്ചു .

കാട്ടിൽ തിരിച്ചെയെത്തിയപ്പോഴേക്കും സായാഹ്നസഭയുടെ സമയമായിരുന്നു. കാട്ടുചോലയുടെ വക്കത്തുള്ള വിശാലമായ കറുകപ്പുൽമൈതാനത്തിലാണ് സകല കാട്ടുജീവികളും പങ്കെടുക്കുന്ന സഭ ചേരുക.

കാട്ടുരാജാവായ സൂചിക്കൊമ്പന്റെ കല്പനയനുസരിച്ച് സകലരും കൃത്യസമയത്തെത്തും. കാട്ടുപ്രതിജ്ഞയും വാർത്തപറയലും രാജന്റെ വിളംബരവും കഴിഞ്ഞാൽ പ്രജകൾക്കുള്ള അഭിപ്രായപ്രകടനത്തിന്റെ സമയമാണ്. അപ്പോൾ കുഞ്ഞരിപ്രാവ് പതിയെ പറഞ്ഞു.

"നമ്മുടെ കാട്ടിലും കലോത്സവം നടത്തണം, മഹാരാജൻ....."

ദാ..ന്ന് പറഞ്ഞതുപോലെ കലോത്സവദിനമായി. കാടിന്റെ നാനാഭാഗത്തു നിന്നും കാട്ടുനിവാസികൾ ഓടിക്കൂടി. കറുകപ്പുൽമൈതാനം കാണികളെക്കൊണ്ടു നിറഞ്ഞു.

സ്റ്റേജിൽ ആദ്യം നടക്കുന്ന ഫാഷൻഷോയ്ക്ക് പുള്ളിപ്പുലി പേരുവിളിക്കാൻ തുടങ്ങി. തുടർന്ന് കുയിലിന്റെ നേതൃത്വത്തിൽ പാട്ടുമത്സരമാണെന്ന് അറിയിപ്പുണ്ടായി. നൃത്തനൃത്യങ്ങളിൽ പങ്കെടുക്കുന്നവർ കരുത്തൻപരുന്തിന്റെ അടുത്തുചെന്ന് ഉടനെ നറുക്കെടുക്കണമെന്ന് മൂന്നാമതും അനൗൺസ്മെന്റ് കേട്ടു.

മത്സരത്തിൽ ജയിച്ചവരും തോറ്റവരും കയ്യടിച്ച് ആർപ്പുവിളിച്ചു. രാജാവെന്ന നിലവിട്ട്, ഓരോ മത്സരത്തിലും സൂചിക്കൊമ്പൻ ഒരു കൈ നോക്കി. ഫാഷൻ ഷോയിലും അമറൽ മത്സരത്തിലും മാത്രമേ ജയിക്കാനായുള്ളു.

കാനനോത്സവം സംഘടിപ്പിക്കാൻ ഐഡിയ തന്നതിന് സൂചിക്കൊമ്പൻ കുഞ്ഞിപ്രാവിനെ തളിരില അണിയിച്ചുകൊണ്ട് ആദരിച്ചു. എല്ലാക്കൊല്ലവും കാനനോത്സവം നടത്തുമെന്ന് പ്രഖ്യാപിക്കുകയും ചെയ്തു. കാട്ടുകാരെല്ലാം ആർത്തുല്ലസിച്ചാണ് കൂട്ടിലേക്കു പോയത്.

"നമ്മുടെ കാട്ടിലും കലോത്സവം നടത്തണം, മഹാരാജൻ....."

"അതൊക്കെ വേണോ കുഞ്ഞിപ്പെണ്ണേ....." രാജാവ് നെറ്റിചുളിച്ചു.

താൻ കണ്ട കലോത്സവത്തെപ്പറ്റി കുഞ്ഞരിപ്രാവ് വിശദമായി പറഞ്ഞു.

"നമ്മുടെ കാട്ടിലെല്ലാവരും കലാവാസനയുള്ളവരാണ്. അവരെല്ലാം ചേർന്നുള്ള കലോത്സവം വേണം രാജൻ...." മന്ത്രി മയിലമ്മ വ്യക്തമാക്കി.

"പ്രജകളുടെ ഒത്തൊരുമയ്ക്കും സന്തോഷത്തിനും അത്തരം പരിപാടികൾ നല്ല താണ്...." കുയിലമ്മ മന്ത്രിയെ പിന്താങ്ങി.

"കാട്ടുകായികോത്സവം പോലെ ഇതും നമുക്ക് നടത്താവുന്നതാണ്...." സുന്ദ രിക്കാക്ക പറഞ്ഞു.

"കലാമേളയിൽ എന്തെല്ലാം ഇനങ്ങൾ വേണം?" കുഞ്ഞിക്കുറുക്കൻ തിരക്കുകൂട്ടി.

*അനുബന്ധം 1.9*

# തുള്ളിവരുന്നു സന്തോഷം

നാളെയാണ് കാവിലെ ഉത്സവം. ഇന്നേ സന്തോഷം തുടങ്ങി. വിരുന്നുകാരെല്ലാം വന്നു. ഉത്സവദിവസം അമ്മയുണ്ടാക്കുന്ന പായസത്തിന് രുചി കൂടുതലാണ്. ഊണിനുമുമ്പ് അമ്മാവൻ വന്നു. സദ്യ ഗംഭീരമായി.

വൈകുന്നേരം എല്ലാവരുംകൂടി കാവിലേക്കുപോയി. കളിപ്പാട്ടക്കടയിൽ കുട്ടികളുടെ ഉത്സവമേളം. വളക്കടയും ഹൽവക്കടയും വെളിച്ചത്തിൽ കുളിച്ചുനിന്നു.

സ്റ്റേജിൽ ഓട്ടൻതുള്ളൽ തുടങ്ങി. കുറച്ചുനേരം അതു കാണാമെന്നായി അമ്മാവൻ.

പച്ചതേച്ച മുഖം. കണ്ണാടി പതിച്ച വട്ടക്കിരീടം. മാറിൽ മിന്നുന്ന മാലകൾ. നാടകൾ തുന്നിച്ചേർത്തതുപോലെയുള്ള പൊന്തൻപാവാട.

"കാട്ടിൽക്കിടക്കുന്ന മൂളിക്കുരങ്ങുനീ"

എന്നു പറഞ്ഞ് വേഷം എന്റെ നേരെ ഒരു വരവാണ്. മുൻവരിയിലിരുന്ന ഞാൻ പേടിച്ച് അമ്മാവന്റെ പിന്നിലൊളിച്ചു. ചുറ്റുമിരുന്നവർ എന്നെനോക്കി കളിയാക്കിച്ചിരിച്ചു.

അപ്പോഴെക്കും തുള്ളൽക്കാരൻ മറ്റൊരാളെച്ചൂണ്ടി

"ആപത്തു പെട്ടീടുമെന്നു ധരിക്ക നീ വാനരാ“

എന്നു പാടി. ഞാൻ കഷ്ടിച്ചു രക്ഷപ്പെട്ടു.

പിന്നണിപ്പാട്ടുകാരും മൃദംഗവും കൈമണിയും എല്ലാം ചേർന്ന് കളിയൊരു ഹരമാക്കി.

നേരംപോയതറിഞ്ഞില്ല.

തിരിച്ചു പോരുമ്പോഴും,

"പെട്ടെന്നെഴുന്നേറ്റു പോകായ്കിലാപത്തു

പെട്ടീടുമെന്നു ധരിക്ക നീ വാനരാ"

എന്ന് കാതിൽ മുഴങ്ങുന്നുണ്ടായിരുന്നു.

## *അനുബന്ധം 1.10*

മലയാളമാണെന്റെ ഭാഷ
എന്തു സുഖമാണതു കേൾക്കാൻ (2)
അമ്മ ചൊല്ലിത്തന്ന ഭാഷ, ഞങ്ങൾ-
ക്കമ്മയെപ്പോലെയീ ഭാഷ (2)
ഞങ്ങൾ പഠിക്കുമീ ഭാഷ ഞങ്ങൾ
നന്നായി പഠിക്കുമീ ഭാഷ (2)
(അമ്മ ചൊല്ലിത്തന്ന)
അമ്മിഞ്ഞപ്പാലിന്റെ ഭാഷ, ഇതു
ഞങ്ങൾക്കു സ്വന്തമീ ഭാഷ (2)
വളരട്ടെ മലയാള ഭാഷ എന്നും ജ-
യിക്കട്ടെ ഞങ്ങൾ തൻ ഭാഷ (2)
(അമ്മിഞ്ഞപ്പാലിന്റെ ഭാഷ)
മലയാളമാണെന്റെ ഭാഷ
എന്തു സുഖമാണതു കേൾക്കാൻ